

# TRICHUR ARCHDIOCESAN BULLETIN

2025 മാർച്ച് | വാല്യം: 92 | ലക്കം: 03




മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (മത്താ 21:42)




**റവ. ഫാ. സെബാസ്റ്റ്യൻ കൊളളന്നൂർ (88)**

ജനനം : 12.07.1937

തിരുപ്പട്ടം : 11.03.1963

മരണം : 15.02.2025

# Trichur Archdiocesan Bulletin TAB

ESTD:1934

**മാർച്ച് 2025** 03

ലക്കം: 03 | വാല്യം: 92

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesin.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org




## ഉള്ളടക്കം


| | |
|---|---|
| സന്ദേശം | 4 |
| കച്ചേരിക്കാര്യം | 8 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 30 |
| സഹായമെത്രാന്റെ പരിപാടികൾ | 31 |
| നാളാഗമം | 33 |
| നാമകരണ നടപടികൾ | 39 |
| വൈദികർ | 43 |
| സന്യസ്തർ | 48 |
| സാമ്പത്തിക കാര്യാലയം | 56 |
| വിശ്വാസ പരിശീലനം | 57 |
| സ്ഥാപനങ്ങൾ | 64 |
| സംഘടനകൾ | 91 |

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ സഭയുടെ**
**ആസ്ഥാനകാര്യാലയം**

No. 4063/K-5/KCBC/OL/DS
08.11.2024

## മദ്യ-ലഹരിവിരുദ്ധ ഞായർ 2025

മദ്യ-ലഹരിവിരുദ്ധ ഞായർ
ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി.
കമ്മീഷൻ നൽകുന്ന സന്ദേശം

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസ ലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരി വിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരി വിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി പ്രവർത്തിച്ചു വരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസ ലഹരിയുടെയും ഉപയോഗം വഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാതാകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യ-രാസ ലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യ ലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നു കൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ ''അമൃതം ആരോഗ്യം'' എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മൂക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ കുട്ടിഗുണ്ടാസംഘങ്ങൾ' ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസ ലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ്

മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം.

കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തുനിന്നുവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസ ലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാനങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായ പ്രാർത്ഥനകളും, ബോധവൽക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

''ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു''(YOUCAT- 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽ നിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഒരോ ക്രൈസ്തവന്റെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരിക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാന പരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, സാമൂഹ്യവിപത്തിനെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യ-ലഹരിവിരുദ്ധ

ഞായർ ആചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്ര കാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**+ ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
*ചെയർമാൻ, കെ.സി.ബി.സി*
*മദ്യ-ലഹരിവിരുദ്ധ സിമിതി*

**+ ബിഷപ്പ് ആർ. ക്രിസ്തുദാസ്**
*വൈസ് ചെയർമാൻ,*
*മദ്യ-ലഹരിവിരുദ്ധ സിമിതി*

**+ ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
*വൈസ് ചെയർമാൻ,*
*മദ്യ-ലഹരിവിരുദ്ധ സിമിതി*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം,
പി.ഒ.സി. കൊച്ചി-682023

---

NB: ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കണം.

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**മാർച്ച് 2025**

2 : നോമ്പ് ഒന്നാം ഞായർ
ഇന്ന് പാതിരാ മുതൽ നോമ്പാരംഭം.
ഉയിർപ്പ് വരെ വിവാഹാഘോഷം മുടക്ക്
3 : വിഭൂതി
7 : ആദ്യവെള്ളി
9 : നോമ്പ് രണ്ടാം ഞായർ
16 : നോമ്പ് മൂന്നാം ഞായർ
18 : ജറുസലെമിലെ വി. സിറിൾ
19 : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
23: നോമ്പ് നാലാം ഞായർ
25: മംഗളവാർത്ത തിരുനാൾ
26: പാതിനോമ്പ്
30: നോമ്പ് അഞ്ചാം ഞായർ

**2. മാർച്ച് മാസത്തെ പരിപാടികൾ**

04: വൈദിക മാസധ്യാനം (10:00 am)
07: ഫിനാൻസ് കൗൺസിൽ (07:00 pm)
08: പ്രോവിൻസ് പാസ്റ്ററൽ കൗൺസിൽ (10:00 am)
10–11 : യുവവൈദികരുടെ തുടർപരിശീലനപ്രോഗ്രാം
15 : കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം (02:00 pm)
20: ആലോചനസമിതി യോഗം (10:30 am)
വൈദികസമിതി യോഗം (02:30 pm)
22: സംഘടന ഏകോപനസമിതി യോഗം (02:30 pm)
29: ഡീക്കൻപട്ടം & ചെറുപട്ടങ്ങൾ (02:30 pm)
31–Apr.5: ദൈവവിളിവാരം & ദൈവവിളി ക്യാമ്പുകൾ

**3. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണ് രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും

ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്ത ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണമായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾ വരെ നോമ്പു നോക്കിയിരുന്നതാകാം അമ്പതു നോമ്പ് എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. നോമ്പുകാലം നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതിനോമ്പ് ആചരിക്കുന്നത്.

ഇച്ഛിക്കാത്ത തിന്മ ചെയ്യാൻ ശരീരം നമ്മെ പ്രേരിപ്പിക്കുമ്പോൾ പാപം ചെയ്യാതെ ജീവിക്കുക എന്നത് വലിയ സഹനമാണ്. പുണ്യപൂർണ്ണതക്കുവേണ്ടിയുള്ള ഈ സഹനമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. നമുക്ക് ഉണ്ടാകുന്ന സഹനങ്ങളും നാം ഏറ്റെടുക്കുന്ന ത്യാഗങ്ങളും വിശ്വാസവളർച്ചക്കും മിശിഹായോട് ഐക്യപ്പെടുന്നതിനും സഹായകമാകുന്നു. മിശിഹായുടെ സഹനത്തോട് വിശ്വാസപൂർവ്വം ചേർന്നു നില്ക്കുമ്പോഴാണ് ഉത്ഥാനാനുഭവത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുന്നതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു.

**4. സ്വാഗതം**

മിഷൻ രംഗത്തുനിന്നും അജപാലന രംഗങ്ങളിൽനിന്നും ഉപരിപഠനത്തിനുശേഷവും തിരിച്ചെത്തുന്ന ഫാ. ടെറിൻ മുള്ളക്കര (ഇംഗ്ലണ്ട്), ഫാ. ജോയ് ചിറ്റിലപ്പിള്ളി-ജൂനിയർ (ഇറ്റലി), ഫാ. സനൽ മാളിയേക്കൽ (റോം - പഠനം), ഫാ. നോബിൾ പെട്ടയിൽ (റോം - പഠനം), ഫാ. അനീഷ് ചിറ്റിലപ്പിള്ളി (പഠനം & ഷംഷാബാദ് രൂപതയിൽ സേവനം), ഫാ. ടെഡ്സ് കുന്നപ്പിള്ളി (ബിജ്നോർ രൂപതയിൽ സേവനം) എന്നിവർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികരായ ഫാ. ജിസ്വിൻ ജോസ് വാഴപ്പിള്ളി ISch, ഫാ. ഷെബിൻ പനക്കൽ CMI, ഫാ. ജിജി ജോസ് മാളിയേക്കൽ (ഹൊസൂർ രൂപത), ഫാ. ജോഷ്വിൻ കൊക്കൻ (ഹൊസൂർ രൂപത), ഫാ. പ്രിന്റോ മാണിപറമ്പിൽ OFM.Cap., ഫാ. ജെറിൻ ആലപ്പാട്ട് CMI എന്നിവർക്കും സ്വാഗതം.

**5. നന്ദി**

അതിരൂപതയിലെ സേവനത്തിനുശേഷം തിരികെ പോയ ഫാ. ജോയേൽ ചിറമ്മൽ CMI, ഫാ. ഫ്രാൻസിസ് കല്ലുംപുറത്ത് MSJ, ഫാ. ജോബിഷ് പാണ്ട്യാമാക്കൽ SDV, ഫാ. ഗ്ലെസിൻ പയസ് കൂള

OFM.Cap, ഫാ. ജിന്റോ ചിറമ്മൽ CMI, ഫാ. ഡോണൽ പുലിക്കോട്ടിൽ CMI, ഫാ. ഗോഡ്‌വിൻ ചെമ്മണ്ട OFM.Cap., ഫാ. ആന്റോ പാറേക്കാടൻ OFM.Cap. എന്നിവർക്ക് അതിരൂപതയുടെ അകൈതവമായ നന്ദി.

**6. ആശംസ**

അതിരൂപതയിൽ നിന്ന് ലാറ്റിൻ അമേരിക്കയിലെ സൂറിനാമിൽ സേവനത്തിനായി പോകുന്ന ഫാ. ജോർജ്ജ് കോമ്പാറ, ഹൊസൂർ രൂപതയിൽ സേവനത്തിനായി പോയ ഫാ. സിജു പുളിക്കൻ, ഫാ. മിഥുൻ വടക്കേത്തല, വിശാഖപട്ടണം മിഷനിൽ സേവനത്തിനായി പോയിരിക്കുന്ന ഫാ. ഷിജോ പള്ളിക്കുന്നത്ത്, ഫാ. ജെയ്സൻ പഴയേടത്ത്, ഫാ. സീജൻ ചക്കാലക്കൽ, ഫാ. ജിജോ എടക്കളത്തൂർ, അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

**7. അഭിനന്ദനങ്ങൾ**

ഫാ. സനൽ മാളിയേക്കൽ (റോമിലെ Regina Apostolorum Pontifical Athneo ത്തിൽ നിന്നും Dogmatic Theology യിൽ ഡോക്ടറേറ്റ്), ഫാ. നോബിൽ പെട്ടയിൽ (റോമിലെ Holy Cross University നിന്നും Media & Communication നിൽ ലൈസൻഷ്യേറ്റ്), ഫാ. അനീഷ് ചിറ്റിലപ്പിള്ളി (Special Education ൽ M.Ed), ഫാ. സാൽവിൻ കണ്ണനായ്ക്കൽ (റോമിലെ Urbanian Universityയിൽ നിന്നും Canon Law യിൽ ലൈസൻഷ്യേറ്റ്)

**8. വൈദികക്ഷേമനിധി:**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക്‌വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31-ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**9. പട്ടങ്ങൾ**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2025 മാർച്ച് 29 ശനിയാഴ്ച്ച കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മൈനർ സെമിനാരിയിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**10. ദൈവവിളിവാരാചരണം:**

2025 മാർച്ച് 31 മുതൽ ഏപ്രിൽ 6 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാ

നും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന-ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**11. ദൈവവിളിക്യാമ്പുകൾ**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ച് 3 ബാച്ചുകളിലായി നടത്തപ്പെടുന്നു.

ഒന്നാം ബാച്ച്: 2025 മാർച്ച് 31 - ഏപ്രിൽ 1; രണ്ടാം ബാച്ച്: ഏപ്രിൽ 2 - 3; മൂന്നാം ബാച്ച്: ഏപ്രിൽ 4 - 5. ഏപ്രിൽ 5 ന് പെൺകുട്ടികൾക്കായി ഡി.ബി.സി.എൽ.സി. യിൽ വച്ചും ക്യാമ്പ് നടത്തപ്പെടുന്നു.

**12. ദൈവദർശൻ ക്യാമ്പുകൾ**

ഈ വർഷത്തെ(2025) ദൈവദർശൻ ക്യാമ്പുകൾ മാർച്ച് 31 മുതൽ നടത്തുന്നു. ക്യാമ്പുകൾ ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ മൈനർ സെമിനാരി റെക്ടർ അച്ചനെ contact ചെയ്യുക. ദൈവവിളി പ്രോത്സാഹിപ്പിക്കുക.

**13. പാലയൂർ മഹാതീർത്ഥാടനം:**

2025 ഏപ്രിൽ 6-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. നോമ്പിലെ വെള്ളിയാഴ്ചകളിൽ രാത്രി 9 മണിക്ക് തൃശ്ശൂർ ബസിലിക്കയിൽ നിന്നും ജാഗരണ പദയാത്ര സംഘടിപ്പിക്കുന്നു. ജാഗരണ പദയാത്രകളിലും തീർത്ഥാടനത്തിനും വിശ്വാസികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**14. യുവവൈദികർക്കുള്ള തുടർപരിശീലനം**

2017-2019 തിരുപ്പട്ട സ്വീകരണ ബാച്ചുകൾ: നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2017-2019 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2025 മാർച്ച് 10 തിങ്കൾ രാവിലെ 9.30 മുതൽ 11 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. Creativity in Pastoral Life and Ministry എന്ന വിഷയത്തെ അധികരിച്ച് യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യ

മാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പ്രോഗ്രാം വേദിയൊരുക്കുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്തങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ!

**15. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും മീറ്റിങ്ങ്**

2025 മാർച്ച് 15-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടത്തപ്പെടുന്നു.

**16. കാരുണ്യനിധി കളക്ഷൻ**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**17. മിഷൻ സൺഡെ കളക്ഷൻ**

2025 മാർച്ച് 31നു മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ 2024 ലെ മിഷൻ സൺഡെ കളക്ഷൻ ഏല്പിക്കേണ്ടതാണ്. മാർച്ച് 31നു മുമ്പ് മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**18. പുതിയ നമ്പർ**

തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരി - 0487-3502210; 0487-3508022

**19. വൈദികനിയമനം:**

a) അതിരൂപതയിലെ വൈദികരുടെ പൊതുവായ സ്ഥലമാറ്റം; പ്രാബല്യം 2025 ഫെബ്രുവരി 5 മുതൽ.

1. ഫാ. കൂനംപ്ലാക്കൽ ജെയ്സൻ: സിഞ്ചെല്ലൂസ്, കപ്ലോൻ CSM ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസ്.

വികാരി പള്ളിക്കുന്ന് & കപ്ലോൻ MSMI & SG ഒഴിവായി.

2. ഫാ. ആക്കാമറ്റത്തിൽ റാഫേൽ: വികാരി & ഫൊറോന വികാരി കണ്ടശ്ശാംകടവ് & കപ്ലോൻ CMC

മാനേജർ കത്തോലിക്കസഭ പത്രം & ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, കപ്ലോൻ CMC കൃപാതീർത്ഥം എന്നിവ ഒഴിവായി.

3. ഫാ. ആലപ്പാട്ട് ഫ്രാൻസിസ് : ചികിത്സാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം

വികാരി നെഹ്രുനഗർ & കപ്ലോൻ SJB ഒഴിവായി.

4. ഫാ. ആലപ്പാട്ട് പോൾ: റിട്ടയർമെന്റ്, താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം, Pastoral Care Team ഉത്തരവാദിത്വം തുടരുന്നു.

5. ഫാ. ആലപ്പാടൻ ഫിജോ: അസി. ബർസാർ സെന്റ് തോമസ് കോളേജ്; താമസം സെന്റ് തോമസ് കോളേജ്

6. ഫാ. ആലപ്പാട്ട് ബാസ്റ്റിൻ: വികാരി പഴയന്നൂർ & കപ്ലോൻ CSM

വികാരി കൊഴുക്കുള്ളി & കപ്ലോൻ SKD, SSS ഒഴിവായി.

7. ഫാ. ആളൂർ ഫ്രാൻസിസ് : വികാരി & ഫൊറോന വികാരി മറ്റം & കപ്ലോൻ FCC

ഡയറക്ടർ DBCLC & EXCEL, റെക്ടർ ലേ ലീഡർഷിപ്പ്, കപ്ലോൻ CMC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.

8. ഫാ. ആളൂർ ജോജു: ഡയറക്ടർ സാന്ത്വനം, സേവ് എ ഫാമിലി പ്ലാൻ, അസോസിയേറ്റ് ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ, കപ്ലോൻ OSF പ്രൊവിൻഷ്യൽ ഹൗസ് ലൂർദ്ദ്പുരം

വികാരി & ഫൊറോന വികാരി കൊട്ടേക്കാട്, കപ്ലോൻ CMC, SKD, St. Anne (SAS) ഒഴിവായി.

9. ഫാ. അമ്പൂക്കൻ നോബി : വികാരി നടത്തറ & കപ്ലോൻ CMC

വികാരി മരിയാപുരം & കപ്ലോൻ CSM ഒഴിവായി.

10. ഫാ. അന്തിക്കാടൻ ജോൺസൻ : വികാരി ചേറൂർ (വിജയ പുരം), കപ്ലോൻ CMC ദിവ്യഭവൻ

വികാരി തൃശ്ശൂർ സെന്റ് ആൻ, കപ്ലോൻ CMC & SLMI, അസി. ഡയറക്ടർ CMC, SLMI, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ് ഒഴിവായി.

11. ഫാ. അന്തിക്കാട്ട് സന്തോഷ് : വികാരി കടങ്ങോട്, അസി. ഡയറക്ടർ CLC

സഹവികാരി വടക്കാഞ്ചേരി ഒഴിവായി.

12. ഫാ. അറങ്ങാശ്ശേരി സനോജ് : ഡയറക്ടർ ക്രൈസ്റ്റ് വില്ല, ഫിനാൻസ് ഓഫീസർ ആബാ റിന്യൂവൽ സെന്റർ, ജൂബിലി ആയുർ വേദയിലെ അജപാലനം, വിയാനി ഭവൻ കൺസ്ട്രക്ഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ

വികാരി ചൂണ്ടൽ & കപ്ലോൻ CMC ഒഴിവായി.

13. ഫാ. അരിക്കാട്ട് സിജോ: കാനഡയിൽ അജപാലന ശുശ്രൂഷ, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം.

വികാരി പോന്നോർ & കപ്ലോൻ CSC ഒഴിവായി.

14. ഫാ. അരിമ്പൂർ ടോണി: IT Team Member, Archbishop's House

അംഗം.

15. ഫാ. അയ്യങ്കാനയിൽ ജോൺ : വികാരി മണലൂർ കിഴക്ക് & കപ്ലോൻ CSC

വികാരി എടക്കളത്തൂർ & കപ്ലോൻ SNDS & Holy Cross ഒഴിവായി.

16. ഫാ. ചക്കാലക്കൽ സീജൻ: പഠനാവധി

അസി. ഡയറക്ടർ മേഴ്സി ഹോം, പ്രോ-വികാരി അവണൂർ ഒഴിവായി.

17. ഫാ. ചാലക്കൽ ജാക്സൺ : പാസ്റ്ററൽ കെയർ ടീം, താമസം ജൂബിലി മിഷൻ ആശുപത്രി, ചിയ്യാരം വിജയമാത ഇടവക, ശാന്തിധാം CMC എന്നിവിടങ്ങളിൽ കുർബാനയർപ്പണം

ഡയറക്ടർ സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, ബലിയർപ്പണം San Damiano FCC ഒഴിവായി

18. ഫാ. ചാലക്കൽ ജോസ്: വികാരി അരണാട്ടുകര & കപ്ലോൻ CHF മഠങ്ങൾ

വികാരി & ഫൊറോന വികാരി കണ്ടശ്ശാംകടവ് & കപ്ലോൻ CMC ഒഴിവായി.

19. ഫാ. ചാലിൽ അനു : വികാരി ചുവന്നമണ്ണ് & കപ്ലോൻ FCCs, അസി. ഡയറക്ടർ KCYM & കാത്തലിക് കോൺഗ്രസ്സ്

സഹവികാരി തൃശ്ശൂർ ലൂർദ്ദ് ഒഴിവായി.

20. ഫാ. ചാലിശ്ശേരി സിറിയക്: വികാരി കോളങ്ങാട്ടുകര & കപ്ലോൻ CSM മഠങ്ങൾ

വികാരി വലക്കാവ് & കപ്ലോൻ DSC ഒഴിവായി.

21. ഫാ. ചാലിശ്ശേരി ജോൺസൻ : ഡയറക്ടർ ഗ്രേസ് ഹോം ഒഴിവായി.

22. ഫാ. ചാലിശ്ശേരി ലിജോ : Lecturer മേരിമാത മേജർ സെമിനാരി & കപ്ലോൻ SNDS നോവിഷ്യേറ്റ് ഹൗസ്, താമസം മേരിമാത മേജർ സെമിനാരി

വികാരി അവിണിശ്ശേരി, കപ്ലോൻ OSF, ഡയറക്ടർ ബാലസദൻ, അസോ. ഡയറക്ടർ എക്സൽ അക്കാദമി, അസി. ഡയറക്ടർ DBCLC (Catechism & Theology Institute) ഒഴിവായി.

23. ഫാ. ചാലിശ്ശേരി പോൾ : വികാരി ഡയറക്ടർ NEST

അസി. ഡയറക്ടർ JMMCH, ബലിയർപ്പണം SABS ലൂർദ്ദ്പുരം ഒഴിവായി.

24. ഫാ. ചെമ്പകശ്ശേരി ആന്റണി : പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പെരി

ങ്ങാട് കുരിശുപള്ളി ഒഴിവായി.

25. ഫാ. ചെറുവത്തൂർ ജോർജ്ജ് : വികാരി നന്തിപുലം നോർത്ത് & കപ്ലോൻ SCSA

വികാരി കൂനംമൂച്ചി & കപ്ലോൻ SABS ഒഴിവായി.

26. ഫാ. ചെറുവത്തൂർ ഡഗ്ലസ്: വികാരി മുളയം

വികാരി അന്തിക്കാട് & കപ്ലോൻ Holy Cross ഒഴിവായി.

27. ഫാ. ചിറമ്മൽ ഡേവിസ് Sr. : വികാരി മണ്ണുത്തി & കപ്ലോൻ SDV & FSSE, ബലിയർപ്പണം CSS Provincialate & CHF Generalate

വികാരി നന്തിപുലം നോർത്ത് & കപ്ലോൻ SCSA ഒഴിവായി.

28. ഫാ. ചിറയത്ത് ഫെബിൻ : വികാരി പൊന്നാനി & കപ്ലോൻ FCC

സഹവികാരി തൃശ്ശൂർ ബസിലിക്ക ഒഴിവായി.

29. ഫാ. ചിറയത്ത് ജോഫി : കോർഡിനേറ്റർ എവുപ്രാസ്യാ മിഷൻ കൂടി.

30. ഫാ. ചിരിയങ്കണ്ടത്ത് ജിയോ: വികാരി വെള്ളാറ്റഞ്ഞൂർ & കപ്ലോൻ CMC, CPS, ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ

വികാരി പുതുരുത്തി & കപ്ലോൻ SDV ഒഴിവായി.

31. ഫാ. ചിരിയങ്കണ്ടത്ത് ജിൻസൻ : വികാരി പുലക്കാട്ടുകര & കപ്ലോൻ CSC

വികാരി കുണ്ടുക്കാട് & കപ്ലോൻ OSF & SMC, അസി. ഡയറക്ടർ കാത്തലിക് കോൺഗ്രസ്സ് ഒഴിവായി.

32. ഫാ. ചിരിയങ്കണ്ടത്ത് ഷിജോ: വൈസ് ചാൻസലർ, അതിർത്തി നിർണ്ണയം & തീർത്ഥകേന്ദ്രകമ്മറ്റിയംഗം, കപ്ലോൻ അസ്സീസ്സി പ്രോവിൻഷ്യൽ ഹൗസ് എന്നിവ കൂടി, താമസം ആർച്ച്ബിഷപ്സ് ഹൗസ്

വികാരി അമലനഗർ & കപ്ലോൻ CHF ഒഴിവായി.

33. ഫാ. ചിറ്റാട്ടുകര സെബി : വികാരി ഗുരുവായൂർ & കപ്ലോൻ LSMS

വികാരി പടവരാട് & കപ്ലോൻ FCC & SABS & St. Augutsine School Hostel ഒഴിവായി.

34. ഫാ. ചിറ്റിലപ്പിള്ളി അനീഷ്: ഡയറക്ടർ ഗ്രേസ് ഹോം, അസി. ഡയറക്ടർ മേഴ്സി ഹോം, പ്രോ-വികാരി അവണൂർ, താമസം ഗ്രേസ് ഹോം.

35. ഫാ. ചിറ്റിലപ്പിള്ളി ആന്റണി Sr. : വികാരി പുല്ലഴി

വികാരി & ഫൊറോന വികാരി ഒല്ലൂർ & കപ്ലോൻ CMC ഒഴിവായി.

36. ഫാ. ചിറ്റിലപ്പിള്ളി ജോഫി : വികാരി വെള്ളറക്കാട് & മരത്തംകോട്

വികാരി മായന്നൂർ & കപ്ലോൻ FCC ഒഴിവായി.

37. ഫാ. ചിറ്റിലപ്പിള്ളി ജോയ് Jr. : വികാരി തിരുവില്ല്വാമല, കപ്ലോൻ SKD, പ്രൊക്യുറേറ്റർ & സ്പിരിച്വൽ ഫാദർ ഗുരുകുലം, ലോക്കൽ മാനേജർ തിരുവില്ല്വാമല എസ്റ്റേറ്റ് (w.e.f. 20.02.2025)

38. ഫാ. ചിറ്റിലപ്പിള്ളി ജോയ് Sr.: വികാരി ഒല്ലൂർ മേരിമാത & കപ്ലോൻ CMC St. Mary's, Rector St. Euphrasia Shrine

വികാരി ഒളരിക്കര & കപ്ലോൻ CHF, SSPC, St. Anne ഒഴിവായി.

39. ഫാ. ചിറ്റിലപ്പിള്ളി സെബി : വികാരി പടവരാട് & കപ്ലോൻ FCC & SABS & St. Augutsine School Hostel

വികാരി മച്ചാട് & കപ്ലോൻ CSS ഒഴിവായി.

40. ഫാ. ചൂണ്ടൽ ലിവിൻ : പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പെരിങ്ങാട് കുരിശുപള്ളി കൂടി.

സഹവികാരി അരിമ്പൂർ ഒഴിവായി.

41. ഫാ. എടക്കുളത്തൂർ ജോർജ്ജ്: വികാരി പള്ളിക്കുന്ന് & കപ്ലോൻ MSMI & SG

വികാരി അരണാട്ടുകര & കപ്ലോൻ CHF മഠങ്ങൾ ഒഴിവായി.

42. ഫാ. എലുവത്തിങ്കൽ ജസ്റ്റിൻ: വികാരി ഭരത & കപ്ലോൻ DSS

വികാരി നെന്മണിക്കര & കപ്ലോൻ SABS ഒഴിവായി.

43. ഫാ. ഇമ്മട്ടി ജോമോൻ : വികാരി മായന്നൂർ & കപ്ലോൻ FCC

വികാരി അടാട്ട് & കപ്ലോൻ CHF ഒഴിവായി.

44. ഫാ. കാക്കശ്ശേരി തോമസ് : വികാരി & ഫൊറോന വികാരി തൃശ്ശൂർ ബസിലിക്ക, അതിരൂപത നിത്യാരാധനകേന്ദ്രം റെക്ടർ

എക്സിക്യൂട്ടീവ് മാനേജർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കപ്ലോൻ മുള്ളൂർക്കര CMC & Holy Cross ഒഴിവായി.

45. ഫാ. കാക്കശ്ശേരി ടോണി: ചികിത്സാവധി, താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം

വികാരി തോളൂർ ഒഴിവായി.

46. ഫാ. കള്ളിക്കാടൻ സ്റ്റാർസൻ: വികാരി അന്തിക്കാട് & കപ്ലോൻ Holy Cross

വികാരി തൈക്കാട്ടുശ്ശേരി & കപ്ലോൻ CSC, RGS, SJSM ഒഴിവായി.

47. ഫാ. കള്ളിക്കാടൻ പോൾ: വികാരി തോളൂർ; വികാരി തൃപ്രയാർ, പ്രോ–വികാരി നാട്ടിക ഒഴിവായി.

48. ഫാ. കാഞ്ഞിരത്തിങ്കൽ വർഗ്ഗീസ്: വികാരി പോന്നോർ & കപ്ലോൻ CSC

വികാരി ചിറ്റിശ്ശേരി & കപ്ലോൻ LSMS, CSC മഠങ്ങൾ ഒഴിവായി.

49. ഫാ. കണ്ണമ്പുഴ ഡേവിസ്: കപ്ലോൻ FSLG പാലയൂർ കൂടി.

50. ഫാ. കരേരക്കാട്ടിൽ അൽജോ : ബലിയർപ്പണം CSC പ്രൊവിൻഷ്യൽ ഹൗസ്, കൂർക്കഞ്ചേരി കൂടി, താമസം ആർച്ച്ബിഷപ്സ് ഹൗസ്

പ്രീസ്റ്റ്–ഇൻ ചാർജ്ജ് അഞ്ചേരി സൗത്ത് കുരിശുപള്ളി, കപ്ലോൻ SD ഒഴിവായി.

51. ഫാ. കവലക്കാട്ട് ഫ്രാങ്കോ : വികാരി & ഫൊറോന വികാരി കൊട്ടേക്കാട്, കപ്ലോൻ CMC, SKD, St. Anne (SAS) കൂടി.

വികാരി അരിമ്പൂർ & കപ്ലോൻ St. Gemma FCC ഒഴിവായി.

52. ഫാ. കാവുങ്കൽ ഡേവിസ് MST: കപ്ലോൻ CSM കൂട്ടാല കൂടി; SNDS നോവിഷ്യറ്റ് മഠം ഒഴിവായി.

53. ഫാ. കീറ്റിക്ക ഫിനോഷ്: വികാരി അമലനഗർ & കപ്ലോൻ CHF

സെന്റ് തോമസ് കോളേജിലെ ഉത്തരവാദിത്വം, കപ്ലോൻ കുരിയച്ചിറ CMC സെന്റ് പോൾസ് ഒഴിവായി.

54. ഫാ. കിടങ്ങൻ ബെന്നി : വികാരി വലക്കാവ് & കപ്ലോൻ DSC

വികാരി പഴയന്നൂർ & കപ്ലോൻ CSM ഒഴിവായി.

55. ഫാ. കിടങ്ങൻ ജോൺ : താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം

നടത്തുവികാരി നെഹ്രുനഗർ ഒഴിവായി.

56. ഫാ. കിടങ്ങൻ ജോയ് : വികാരി അടാട്ട് & കപ്ലോൻ CHF

വികാരി കുമ്പളങ്ങാട് ഒഴിവായി.

57. ഫാ. കൊളമ്പ്രത്ത് ഡിക്സൻ: വികാരി മാടക്കത്ര & കപ്ലോൻ FSSE കൂടി

കപ്ലോൻ ശാന്തിധാം ഇങ്ങ ഒഴിവായി.

58. ഫാ. കൊളമ്പ്രത്ത് മാർട്ടിൻ: കപ്ലോൻ മഡോണ CHF കൂടി; കപ്ലോൻ UMI ഒഴിവായി.

59. ഫാ. കോമ്പാറ ജോർജ്ജ് : ലാറ്റിൻ അമേരിക്കയിൽ അജപാലനത്തിനായി അവധി

കോർഡിനേറ്റർ എവുപ്രാസ്യാ മിഷൻ ഒഴിവായി.

60. ഫാ. കോനിക്കര ജോസ് Jr. : കപ്ലോൻ സേക്രഡ് ഹാർട്ട് CMC കൂടി; OSF ലൂർദ്ദ്പുരം ഒഴിവായി.

61. ഫാ. കൂള ഡിറ്റോ : POC Youth Commission ൽ സേവനത്തിന് അനുമതി.

ഡയറക്ടർ ക്രൈസ്റ്റ് വില്ല, ഫിനാൻസ് ഓഫീസർ ആബാ റിന്യൂവൽ സെന്റർ, ജൂബിലി ആയുർവേദയിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.

62. ഫാ. കൂത്തൂർ അനീഷ്: ഡയറക്ടർ Immigrant Ministry & Spiritial Animator LOAF, കപ്ലോൻ എം. ഐ. FCC കൂടി; കപ്ലോൻ കോലഴി CSC ജനറലേറ്റ് ഒഴിവായി.

63. ഫാ. കൂത്തൂർ ഫെബിൻ : വികാരി കണ്ടാണശ്ശേരി & കപ്ലോൻ CPS കൂടി

വികാരി ചെമ്മണ്ണൂർ ഒഴിവായി.

64. ഫാ. കുളങ്ങര പ്രിന്റോ : വികാരി പീച്ചി & കപ്ലോൻ SSJW & CHF

വികാരി ഗുരുവായൂർ & കപ്ലോൻ LSMS ഒഴിവായി.

65. ഫാ. കുണ്ടുകുളം ജോൺസൻ : വികാരി പേരാമംഗലം & കപ്ലോൻ SMC

വികാരി ചെവ്വൂർ & കപ്ലോൻ CHF ഒഴിവായി.

66. ഫാ. കുണ്ടുകുളം സ്റ്റിഷിൻ: വികാരി നെന്മണിക്കര & കപ്ലോൻ SABS

വികാരി മാടക്കത്ര & കപ്ലോൻ FSSE ഒഴിവായി.

67. ഫാ. കുന്നപ്പിള്ളി ടെഡ്സ്: വികാരി തൃപ്രയാർ, പ്രോ-വികാരി നാട്ടിക

68. ഫാ. കൂത്തൂർ വർഗ്ഗീസ് : വികാരി & ഫൊറോന വികാരി ഒല്ലൂർ & കപ്ലോൻ CMCs

ഫിനാൻസ് ഓഫീസർ, ഡയറക്ടർ വിശ്വാസപ്രചരണം, മാനേജർ എസ്റ്റേറ്റുകൾ, ഡയറക്ടർ കാത്തലിക് കോൺഗ്രസ്സ്, കൺവീനർ അതിർത്തി നിർണ്ണയം & തീർത്ഥകേന്ദ്രകമ്മറ്റികൾ & ബലിയർപ്പണം CSC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.

69. ഫാ. കുറ്റിക്കാട്ട് ആൻഡ്രൂസ്: താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം. Pastoral Care Team ഉത്തരവാദിത്വം തുടരുന്നു.

70. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ : കപ്ലോൻ CSS & SNDS

ജനറലേറ്റ് ഒഴിവായി.

71. ഫാ. മാളിയേക്കൽ സനൽ : അസി. ഡയറക്ടർ DBCLC & അനുബന്ധസ്ഥാപനങ്ങൾ, പ്രത്യേക ചാർജ്ജ് Catechism & Theology Institute, അസി. ഡയറക്ടർ Excel Academy, ബലിയർപ്പണം SKD Thottathil Lane

72. ഫാ. മണ്ടുംപാൽ ടൈസൻ : Lecturer & Staff മേരിമാത മേജർ സെമിനാരി, അസോ. ഡയറക്ടർ PAROC, കപ്ലോൻ CSS ജനറലേറ്റ്

വികാരി ചുവന്നമണ്ണ് & കപ്ലോൻ FCC ഒഴിവായി.

73. ഫാ. മങ്ങാട്ടിളയൻ മേജോ : പ്രീസ്റ്റ്-ഇൻ ചാർജ്ജ് അഞ്ചേരി സൗത്ത് കുരിശുപള്ളി, കപ്ലോൻ SD, കല്ലൂർ കിഴക്ക് സ്കൂളിൽ പഠിപ്പിക്കാൻ അനുവാദം.

സഹവികാരി കല്ലൂർ കിഴക്ക് ഒഴിവായി.

74. ഫാ. മാറോക്കി ഷിന്റോ : അസി. ഫിനാൻസ് ഓഫീസർ & അസി. ഹോസ്റ്റൽ വാർഡൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, വികാരി കിള്ളിമംഗലം, താമസം ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

സഹവികാരി ഒല്ലൂർ ഒഴിവായി.

75. ഫാ. മാറോക്കി ജെയ്സൻ : വികാരി കൂനംമൂച്ചി & കപ്ലോൻ SABS

വികാരി പേരാമംഗലം & കപ്ലോൻ SMC ഒഴിവായി.

76. ഫാ. മരോട്ടിക്കൽ അലക്സ്: കപ്ലോൻ സെന്റ് മേരീസ് CMC കൂടി; കപ്ലോൻ FCC അസ്സീസി ഒഴിവായി.

77. ഫാ. മേലിട്ട് പാലത്തിങ്കൽ വർഗ്ഗീസ്: വികാരി നല്ലെങ്കര & കപ്ലോൻ DDP കൂടി

വൈസ് റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി, സ്പിരിച്ച്വൽ ആനിമേറ്റർ ലോഫ്, അസ്സോസിയേറ്റ് ഡയറക്ടർ ജീസസ് യൂത്ത് ഒഴിവായി.

78. ഫാ. മൂക്കൻ ജോയ് : ചികിത്സാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം

ഡയറക്ടർ സാന്ത്വനം, സേവ് എ ഫാമിലി പ്ലാൻ, അസോസിയേറ്റ് ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ, കപ്ലോൻ CSM ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസ് & സ്നേഹഭവൻ ഒഴിവായി.

79. ഫാ. മുള്ളക്കര ടെറിൻ : അസി. ഡയറക്ടർ JMMCH, ബലിയർപ്പണം SABS ലൂർദ്ദ്പുരം.

80. ഫാ. മുള്ളക്കര ടിജോ : വികാരി മുല്ലശ്ശേരി & കപ്ലോൻ OSF

ഡയറക്ടർ NEST ഒഴിവായി.

81. ഫാ. മുരിങ്ങാത്തേരി ജോസഫ് : പ്രീസ്റ്റ്-ഇൻ-ചാർജ്ജ് അന്തിക്കാട് ഒഴിവായി.

82. ഫാ. മുരിങ്ങാത്തേരി നവീൻ : വികാരി കൊഴുക്കുള്ളി & കപ്ലോൻ SKD, SSS

വികാരി വെള്ളറക്കാട് & മരത്തംകോട് ഒഴിവായി.

83. ഫാ. മുരിങ്ങാത്തരി സിജോ : അസി. ഡയറക്ടർ സാവിയോ ഹോം & നോട്ടറി (Data updation) അതിരൂപത കാര്യാലയം, താമസം സാവിയോ ഹോം

അസി. ഡയറക്ടർ DBCLC, ഡയറക്ടർ Children's Ministry, അസി. വൊക്കേഷൻ പ്രമോട്ടർ, സെക്രട്ടറി PACT, കപ്ലോൻ CSM ഹോളിസ്പിരിറ്റ്, ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസ്, CHF മഡോണ ഒഴിവായി.

84. ഫാ. ഫ്രാൻസിസ് മുട്ടത്ത് : വികാരി നെടുപുഴ & കപ്ലോൻ MSMI

വികാരി ആറംപിള്ളി & കപ്ലോൻ ASC ഒഴിവായി.

85. ഫാ. നീലങ്കാവിൽ ആൻസൺ: വാർഡൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കപ്ലോൻ CMC തൊഴുപ്പാടം കൂടി; വികാരി കിള്ളിമംഗലം ഒഴിവായി.

86. ഫാ. നീലങ്കാവിൽ പോളി : വികാരി ചെവ്വൂർ & കപ്ലോൻ CHF

വികാരി മണ്ണുത്തി & കപ്ലോൻ SDV & FSSE, ബലിയർപ്പണം CSS Provincial House & CHF Generalate ഒഴിവായി.

87. ഫാ. നെറ്റിക്കാടൻ ഡേവിഡ് : എക്സിക്യൂട്ടീവ് മാനേജർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് കൂടി.

88. ഫാ. ഒലക്കേങ്കിൽ ദിജോ : അസോസ്സിയേറ്റ് ഡയറക്ടർ യൂത്ത് മിനിസ്ട്രി കൂടി, താമസം കാത്തലിക് സെന്റർ, കപ്ലോൻ CSC കൊക്കാല

വികാരി കിരാലൂർ & കപ്ലോൻ CSN ഒഴിവായി.

89. ഫാ. ഒലക്കേങ്കിൽ ജോൺസൻ : വികാരി മരിയാപുരം & കപ്ലോൻ CSM

വികാരി & ഫൊറോന വികാരി ചേലക്കര & കപ്ലോൻ CHF, CSC, ഡയറക്ടർ റീജണൽ പാസ്റ്ററൽ സെന്റർ, മാനേജർ ബാലഭവൻ പ്രോപ്പർട്ടീസ്, തൊഴുപ്പാടം എസ്റ്റേറ്റ് ഒഴിവായി.

90. ഫാ. ഒല്ലൂക്കാരൻ ആന്റോ : വികാരി മച്ചാട് & കപ്ലോൻ CSS

വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ FCC ഒഴിവായി.

91. ഫാ. പടയാട്ടിൽ ജോബ് : വികാരി പെരിഞ്ചേരി & കപ്ലോൻ FCC കൂടി

വികാരി നെടുപുഴ & കപ്ലോൻ MSMI ഒഴിവായി.

92. ഫാ. പള്ളിക്കുന്നത്ത് ഷിജോ: ഷംഷാബാദ് മിഷൻ & പഠനം

സഹവികാരി പുതുക്കാട്, അസി. ഡയറക്ടർ KCYM ഒഴിവായി.

93. ഫാ. പള്ളിക്കുന്നത്ത് ഫ്രാൻസിസ് : ഫിനാൻസ് ഓഫീസർ, ഡയറക്ടർ വിശ്വാസപ്രചരണം, മാനേജർ എസ്റ്റേറ്റുകൾ, കൺവീനർ അതിർത്തി നിർണ്ണയം & തീർത്ഥകേന്ദ്രകമ്മറ്റികൾ & കപ്ലോൻ CSM ഹോളിസ്പിരിറ്റ് & സ്നേഹഭവൻ, ബലിയർപ്പണം CSM ലൂർദ്ദ്നാഥ പ്രോവിൻഷ്യൽ ഹൗസ് & UMI

വികാരി & ഫൊറോന വികാരി തൃശ്ശൂർ ബസിലിക്ക, അതിരൂപത നിത്യാരാധനകേന്ദ്ര റെക്ടർ, കപ്ലോൻ സെന്റ് മേരീസ് CMC ഒഴിവായി.

94. ഫാ. പറോക്കാരൻ ബിനു : റെക്ടർ സെന്റ് പോൾ ഗുരുകുലം

വികാരി തിരുവില്ല്വാമല, കപ്ലോൻ SKD, പ്രൊക്യുറേറ്റർ & സ്പിരിച്വൽ ഫാദർ ഗുരുകുലം, ലോക്കൽ മാനേജർ തിരുവില്ല്വാമല എസ്റ്റേറ്റ് ഒഴിവായി.

95. ഫാ. പേരാമംഗലത്ത് പോൾ : വികാരി കോലഴി & ബലിയർപ്പണം CMC പ്രൊവിൻഷ്യൽ ഹൗസ്, കോർഡിനേറ്റർ വിയാനി ഭവൻ കൺസ്ട്രക്ഷൻ കൂടി

വികാരി കാരമുക്ക് & കപ്ലോൻ SFN ഒഴിവായി.

96. ഫാ. പെട്ടയിൽ നോബിൾ : വികാരി കുണ്ടുക്കാട് & കപ്ലോൻ OSF, മീഡിയ കത്തോലിക്ക ടീമംഗം

97. ഫാ. പിടിയത്ത് വിൽസൺ : വികാരി ഒളരിക്കര & കപ്ലോൻ CHFs, SSPC, St. Anne

വികാരി ചിറ്റാട്ടുകര & കപ്ലോൻ FCC ഒഴിവായി.

98. ഫാ. പിണ്ടിയാൻ സാജൻ : കപ്ലോൻ SMC മുളയം ഒഴിവായി.

99. ഫാ. പൊന്തേക്കൻ സിന്റോ : താമസം ആബാ ധ്യാനകേന്ദ്രം

വികാരി കടങ്ങോട് ഒഴിവായി.

100. ഫാ. പൂപ്പാടി തോമസ്: FCC സാൻ ഡാമിയാനോ മഠത്തിൽ ബലിയർപ്പണം കൂടി;

കപ്ലോൻ CSS സെന്റ് പോൾ ഒഴിവായി.

101. ഫാ. പൂവ്വത്തിങ്കൽ പ്രിൻസ് : വികാരി ചിയ്യാരം വിജയമാത & കപ്ലോൻ CMC, CHF & RGS

വികാരി മണലൂർ കിഴക്ക് & കപ്ലോൻ CSC ഒഴിവായി.

102. ഫാ. പൂഴിക്കുന്നേൽ ജസ്റ്റിൻ: കപ്ലോൻ തോട്ടത്തിൽ ലൈൻ OSF കൂടി;

അസി. ഡയറക്ടർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം, ബലിയർപ്പണം OSF ലൂർദ്ദ്പുരം എന്നിവ ഒഴിവായി.

103. ഫാ. പുളിക്കൻ പോൾ: കപ്ലോൻ SNDS ജനറലേറ്റ് കൂടി.

104. ഫാ. പുളിക്കൻ സിജു : മുഖപ്പെർ ഫൊറോന വികാരി (ഹൊസൂർ രൂപത)

വികാരി പുലക്കാട്ടുകര & കപ്ലോൻ CSC, ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ ഒഴിവായി.

105. ഫാ. പുലിക്കോട്ടിൽ ഡേവിസ് Sr.: വികാരി ചൂണ്ടൽ & കപ്ലോൻ CMC

വികാരി & ഫൊറോന വികാരി തൃശ്ശൂർ ലൂർദ്ദ് & കപ്ലോൻ SABS, SNDS, FCC San Damiano ഒഴിവായി.

106. ഫാ. പുലിക്കോട്ടിൽ ജെയ്സൻ : വികാരി & ഫൊറോന വികാരി ചേലക്കര & കപ്ലോൻ CHFs, CSC, ഡയറക്ടർ റീജണൽ പാസ്റ്ററൽ സെന്റർ, മാനേജർ ബാലഭവൻ പ്രോപ്പർട്ടീസ്, തൊഴുപ്പാടം എസ്റ്റേറ്റ് വികാരി ചിയ്യാരം വിജയമാത & കപ്ലോൻ CMC, CHF & RGS ഒഴിവായി.

107. ഫാ. പുല്ലോക്കാരൻ റാഫേൽ : വികാരി എടക്കളത്തൂർ & കപ്ലോൻ SNDS & Holy Cross

വികാരി പുല്ലഴി ഒഴിവായി.

108. ഫാ. പുന്നോലിപറമ്പിൽ ബാസ്റ്റ്യൻ : ഡയറക്ടർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം കൂടി, താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം, കപ്ലോൻ CSS സെന്റ് പോൾ കൂടി

കപ്ലോൻ തോട്ടത്തിൽ ലൈൻ OSF ഒഴിവായി.

109. ഫാ. പുന്നോലിപറമ്പിൽ ജോസ് : വികാരി തൈക്കാട്ടുശ്ശേരി & കപ്ലോൻ CSC, RGS

വികാരി വെണ്ടോർ & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.

110. ഫാ. പുത്തൂർ ജോയ് : റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി & വൊക്കേഷൻ പ്രമോട്ടർ, കപ്ലോൻ CHF മറിയം ത്രേസ്യ നിലയം, CSS പ്രോവിൻഷ്യൽ ഹൗസ് മഠങ്ങൾ, ബലിയർപ്പണം SABS പടവരാട്

റെക്ടർ സെന്റ് പോൾ ഗുരുകുലം ഒഴിവായി.

111. ഫാ. പുത്തൂർ സിജോ: വികാരി കുമ്പളങ്ങാട്

സാവിയോ ഹോം ഉത്തരവാദിത്വം ഒഴിവായി.

112. ഫാ. തച്ചോത്ത് അജിത്ത് : വികാരി അവിണിശ്ശേരി, കപ്ലോൻ OSF, ഡയറക്ടർ ബാലസദൻ

വികാരി ചേറൂർ (വിജയപുരം), കപ്ലോൻ CMC ദിവ്യഭവൻ ഒഴിവായി.

113. ഫാ. തൈക്കാട്ടിൽ സൈജോ : ഡയറക്ടർ DBCLC & EXCEL, റെക്ടർ ലേ ലീഡർഷിപ്പ്, കപ്ലോൻ SKD തോട്ടത്തിൽ ലൈൻ, താമസം DBCLC (മേരിമാത സെമിനാരി & PAROC തുടരുന്നു)

നടത്തുവികാരി നടത്തറ & കപ്ലോൻ CMC, കൺവീൻ PACT ഒഴിവായി.

114. ഫാ. തലക്കോടൻ ഡൊമിനിക്: സെക്രട്ടറി അതിർത്തി നിർണ്ണയം & തീർത്ഥകേന്ദ്രകമ്മറ്റി, കപ്ലോൻ FCC പാവനാത്മ പടവരാട്, ബലിയർപ്പണം CMC സേക്രഡ് ഹാർട്ട് കൂടി.

115. ഫാ. തലക്കോട്ടൂർ ഫ്രാൻസിസ് : വികാരി മഞ്ഞക്കുന്ന് & കപ്ലോൻ UMI

Sp. Father SDV Mulayam, JMMCH ലെ ഉത്തരവാദിത്വം ഒഴിവായി.

116. ഫാ. തളിയത്ത് നിബിൻ : വികാരി കണ്ടാണശ്ശേരി & കപ്ലോൻ CPS ഒഴിവായി.

117. ഫാ. താണിക്കൽ ഡെന്നി : വികാരി & ഫൊറോന വികാരി പട്ടിക്കാട് & കപ്ലോൻ CHF, കൺവീനർ PACT

ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, കുടുംബകൂട്ടായ്മ, മാതൃവേദി, പിതൃവേദി, CCWI, LOAF, AFC & കപ്ലോൻ SKD തോട്ടത്തിൽ ലൈൻ, ബലിയർപ്പണം SNDS ഒഴിവായി.

118. ഫാ. താണിക്കൽ ലാസർ: വികാരി വെണ്ടോർ & കപ്ലോൻ FCC മറ്റങ്ങൾ

വികാരി കോളങ്ങാട്ടുകര & കപ്ലോൻ CSM മറ്റങ്ങൾ ഒഴിവായി.

119. ഫാ. താണിക്കൽ പോൾ : വികാരി തൃശ്ശൂർ സെന്റ് ആൻ, കപ്ലോൻ CMC & SLMI, അസി. ഡയറക്ടർ CMC, SLMI, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ്

വികാരി പെരിഞ്ചേരി & കപ്ലോൻ FCC ഒഴിവായി.

120. ഫാ. തരകൻ ഫ്രാൻസിസ് : വികാരി കിരാലൂർ & കപ്ലോൻ CSN

വികാരി പീച്ചി & കപ്ലോൻ SSJW & CHF ഒഴിവായി.

121. ഫാ. തരകൻ റോജർ : തലോർ അജപാലനത്തിന് സഹായി;

കപ്ലോൻ CMC ശാന്തിധാം. കപ്ലോൻ CSC കൊക്കാല ഒഴിവായി.

122. ഫാ. തട്ടിൽ ലിൻസൺ : വൈസ് റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി

കപ്ലോൻ CSS പ്രൊവിൻഷ്യൽ ഹൗസ്, ഇൻഫന്റ് ജീസസ്, സ്നേഹദീപ്തി ഒഴിവായി.

123. ഫാ. തട്ടിൽ പോൾസൺ : വികാരി നെല്ലിക്കുന്ന് & കപ്ലോൻ FCCs, CSM

ഡയറക്ടർ ക്രിസ്റ്റീനഹോം പുല്ലഴി ഒഴിവായി.

124. ഫാ. തട്ടിൽ സോളി : വികാരി അരിമ്പൂർ & കപ്ലോൻ St. Gemma FCC

വികാരി മുല്ലശ്ശേരി & കപ്ലോൻ OSF ഒഴിവായി.

125. ഫാ. തയ്യാലക്കൽ ഫ്ളെർജിൻ: അസി. ബർസാർ സെന്റ് തോമസ് കോളേജ് & ഹോസ്റ്റൽ വാർഡൻ, സെക്രട്ടറി & ട്രഷറർ സെന്റ് തോമസ് അക്കാദമി, കപ്ലോൻ കുരിയച്ചിറ CMC സെന്റ് പോൾസ്, താമസം സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ; വികാരി മുളയം ഒഴിവായി.

126. ഫാ. താഴത്ത് ജിക്സൺ: കപ്ലോൻ SMC മുളയം കൂടി; കപ്ലോൻ CSM കൂട്ടാല ഒഴിവായി.

127. ഫാ. തേർമഠം ഷാജൻ: ചികിത്സാവധി, താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം

സ്പിരിച്ചൽ ഫാദർ ആബാ ധ്യാനകേന്ദ്രം ഒഴിവായി.

128. ഫാ. തേർമഠം സൈമൺ: വികാരി ആറംപിള്ളി & കപ്ലോൻ ASC

വികാരി വെള്ളാറ്റഞ്ഞൂർ & കപ്ലോൻ CMC, CPS ഒഴിവായി.

129. ഫാ. ഷാജു ഊക്കൻ: വികാരി ചിറ്റിശ്ശേരി & കപ്ലോൻ LSMS, CSC മഠങ്ങൾ

വികാരി & ഫൊറോന വികാരി മറ്റം & കപ്ലോൻ FCC ഒഴിവായി.

130. ഫാ. വടക്കൻ റാഫേൽ : വികാരി നെഹ്രുനഗർ & കപ്ലോൻ SJB

വികാരി ഒല്ലൂർ മേരിമാത & കപ്ലോൻ CMC St. Mary's, Rector St. Euphrasia Shrine ഒഴിവായി.

131. ഫാ. വടക്കൻ സാജൻ: കപ്ലോൻ കോലഴി CSC മരിയ ഭവൻ ജനറലേറ്റ് കൂടി

കപ്ലോൻ CMC സേക്രഡ് ഹാർട്ട് ഒഴിവായി.

132. ഫാ. വടക്കേത്തല സജു : വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ

FCC

വികാരി കിഴുപ്പുള്ളിക്കര & ഡയറക്ടർ സെന്റ് മേരീസ് പ്രയർ സെന്റർ ഒഴിവായി.

133. ഫാ. വടക്കൂട്ട് ജെയിംസ് : വികാരി ചിറ്റാട്ടുകര & കപ്ലോൻ FCC

വികാരി നെല്ലിക്കുന്ന് & കപ്ലോൻ FCCs, CSM ഒഴിവായി.

134. ഫാ. വല്ലൂരാൻ ജോസ് : വികാരി & ഫൊറോന വികാരി തൃശ്ശൂർ ലൂർദ്ദ് & കപ്ലോൻ SABS, SNDS, FCC San Damiano

സിഞ്ചെല്ലൂസിന്റെ ഉത്തരവാദിത്വങ്ങൾ, ബലിയർപ്പണം Don Bosco FCC ഒഴിവായി.

135. ഫാ. വള്ളൂപ്പാറ ജീജോ : ഡയറക്ടർ ക്രിസ്റ്റീനഹോം പുല്ലഴി, ഡയറക്ടർ കാത്തലിക് കോൺഗ്രസ്സ്

വികാരി & ഫൊറോന വികാരി പട്ടിക്കാട് & കപ്ലോൻ CHF ഒഴിവായി.

136. ഫാ. വട്ടക്കുഴി ഗ്ലാഡ്രിൻ : വികാരി ചെമ്മണ്ണൂർ, ആർത്താറ്റ് ഹോളി ക്രോസ് സ്കൂളിൽ പഠിപ്പിക്കാൻ അനുവാദം

സഹവികാരി നടത്തറ ഒഴിവായി.

137. ഫാ. വട്ടക്കുഴി ജോസ്: അസോസിയേറ്റ് ഡയറക്ടർ സാന്ത്വനം, കോർഡിനേറ്റർ അതിരൂപത പ്രോജക്ടുകൾ, ബലിയർപ്പണം നെല്ലിക്കുന്ന് ഡോൺ ബോസ്കോ FCC കൂടി; കപ്ലോൻ MI FCC ഒഴിവായി.

138. ഫാ. വാഴപ്പിള്ളി ബിൽജു: ഡയറക്ടർ & മാനേജിംഗ് എഡിറ്റർ കത്തോലിക്കസഭ പത്രം & ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, കപ്ലോൻ CMC കൃപാതീർത്ഥം

വികാരി നല്ലെങ്കര & കപ്ലോൻ DDP ഒഴിവായി.

139. ഫാ. വാഴപ്പിള്ളി ഫ്രാൻസിസ് Sr.: ജൂബിലി പാസ്റ്ററൽ കെയർ ടീം അംഗം & ഹിന്ദി സംസാരിക്കുന്നവർക്കുള്ള അജപാലനം, താമസം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി

വികാരി കോലഴി & ബലിയർപ്പണം CMC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.

140. ഫാ. വാഴപ്പിള്ളി ജിബി : വികാരി കിഴുപ്പുള്ളിക്കര & ഡയറക്ടർ സെന്റ് മേരീസ് പ്രയർ സെന്റർ

വികാരി മഞ്ഞക്കുന്ന് & കപ്ലോൻ UMI ഒഴിവായി.

141. ഫാ. വാഴപ്പിള്ളി ടോണി : വികാരി കാരമുക്ക് & കപ്ലോൻ SFN

വികാരി പൊന്നാനി & കപ്ലോൻ FCC ഒഴിവായി.

142. ഫാ. വാഴപ്പിള്ളി ടിങ്കിൾ : ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, കുടുംബകൂട്ടായ്മ, മാതൃവേദി, പിതൃവേദി, CCWI; LOAF, AFC & ബലിയർപ്പണം SNDS

റെക്ടർ സെന്റ് മേരീസ് മൈനർ സെമിനാരി & വൊക്കേഷൻ പ്രമോട്ടർ ഒഴിവായി.

143. ഫാ. വിതയത്തിൽ റിജോ: വികാരി പുതുരുത്തി & കപ്ലോൻ SDV

വികാരി ഭരത & കപ്ലോൻ DSS ഒഴിവായി.

<u>സഹവികാരിമാർ</u>

144. ഫാ. ഞറളക്കാട്ടുകുന്നേൽ റെജി തോമസ്: പുത്തൂരിൽ സഹായി കൂടി; കുറ്റൂർ ഒഴിവായി.

145. ഫാ. ഐനിക്കൽ എഡ്വിൻ: ഒല്ലൂർ 1; കോട്ടപ്പടി ഒഴിവായി.

146. ഫാ. അക്കരപറമ്പിൽ ലിൻസൺ: വെണ്ടോർ.

147. ഫാ. അക്കരപ്പട്ട്യേക്കൽ ജോഫിൻ: പുത്തൻപീടിക.

148. ഫാ. അക്കരപ്പട്ട്യേക്കൽ നിർമ്മൽ : അരണാട്ടുകര 2; പുത്തൂർ, അതിരൂപത കാര്യാലയത്തിലെ നോട്ടറി എന്നിവ ഒഴിവായി.

149. ഫാ. അക്കരപ്പട്ട്യേക്കൽ ജീസ്: എരുമപ്പെട്ടി

150. ഫാ. ആലപ്പാട്ട് ജിയോ: ഒല്ലൂർ മേരിമാത; അമ്മാടം ഒഴിവായി.

151. ഫാ. അരിമ്പൂർ ഡെറിൻ: പുതുക്കാട് 1; പാലയൂർ ഒഴിവായി.

152. ഫാ. ചെമ്മണ്ണൂർ ജീസ്മോൻ: തൃശ്ശൂർ ലൂർദ്ദ് 2.

153. ഫാ. ചെറുതാണിക്കൽ ഫ്രാങ്കോ ഫ്രോണിസ്: മറ്റം.

154. ഫാ. ചെറുതാണിക്കൽ പ്രിൻസ്: തൃശ്ശൂർ ബസിലിക്ക 2.

155. ഫാ. ചിറ്റിലപ്പിള്ളി അജിത്ത്: കണ്ടശ്ശാംകടവ്; അരണാട്ടുകര ഒഴിവായി.

156. ഫാ. ചിറ്റിലപ്പിള്ളി ആന്റണി Jr. : നെല്ലിക്കുന്ന് കൂടി; മുക്കാട്ടുകര ഒഴിവായി.

157. ഫാ. ചൂണ്ടൽ ആൽബിൻ: കുറ്റൂർ; ഒല്ലൂർ ഒഴിവായി.

158. ഫാ. ചുങ്കത്ത് മിഥുൻ: കൊട്ടേക്കാട്; പാവറട്ടി ഒഴിവായി.

159. ഫാ. എടക്കളത്തൂർ ജിജോ: വിശാഖപട്ടണം മിഷൻ; തൃശ്ശൂർ ലൂർദ്ദ്, ചിൽഡ്രൻസ് മിനിസ്ട്രിയിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.

160. ഫാ. കാഞ്ഞിരത്തിങ്കൽ അരുൺ: സഹായമെത്രാന്റെ

സെക്രട്ടറി, അതിരൂപത കാര്യാലയത്തിലെ നോട്ടറി, കപ്ലോൻ CSS പ്രേഷിതഭവൻ എന്നിവ കൂടി; തലോർ ഒഴിവായി.

161. ഫാ. കണ്ണനായ്ക്കൽ സാൽവിൻ: മുണ്ടൂർ

162. ഫാ. കാട്ടിപറമ്പൻ ക്ലിൻസൺ: ചെങ്ങാലൂർ

163. ഫാ. കിഴക്കൂടൻ ഗോഡ്‌വിൻ: പാവറട്ടി 1

164. ഫാ. കുന്നപ്പിള്ളിൽ തേജസ്സ്: ഒല്ലൂർ 2

165. ഫാ. കുരുതുകുളങ്ങര ലിവിൻ: പാവറട്ടി 2

166. ഫാ. മാങ്ങൻ അജിൽ: മരത്താക്കര; ചികിത്സാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം

167. ഫാ. മഞ്ഞളി ക്രിസ്റ്റോ : പറപ്പൂർ

168. ഫാ. മുട്ടത്ത് പോൾ: അസി. ഡയറക്ടർ DBCLC, ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി, അസി. വൊക്കേഷൻ പ്രൊമോട്ടർ, കപ്ലോൻ സി. എം. സി. പ്രൊവിൻഷ്യൽ ഹൗസ് കോലഴി, താമസം DBCLC;

സഹായമെത്രാന്റെ സെക്രട്ടറി, അതിരൂപത കാര്യാലയത്തിലെ നോട്ടറി, കപ്ലോൻ CSS പ്രേഷിതഭവൻ എന്നിവ ഒഴിവായി.

169. ഫാ. നീലങ്കാവിൽ ഹാഡ്‌ലി: മെത്രാപ്പോലീത്തയുടെ സെക്രട്ടറി, അതിരൂപത കാര്യാലയത്തിലെ നോട്ടറി, പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്ററിലെ ബലിയർപ്പണം; മരിയാപുരം, PAROC ഒഴിവായി.

170. ഫാ. നീലങ്കാവിൽ സിനോജ്: മരത്താക്കര ഇടവകയിൽ സഹായി; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, അതിരൂപത കാര്യാലയത്തിലെ നോട്ടറി, പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്ററിലെ ബലിയർപ്പണം എന്നിവ ഒഴിവായി.

171. ഫാ. നെല്ലങ്കര ജിതിൻ: മരിയാപുരം കൂടി; മണ്ണുത്തി ഒഴിവായി.

172. ഫാ. ഒലക്കേങ്കിൽബ്രിൽവിൻ : തലോർ.

173. ഫാ. ഒലക്കേങ്കിൽ ഡെബിൻ: അസി. ഹോസ്റ്റൽ വാർഡൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കപ്ലോൻ മുള്ളൂർക്കര CMC & Holy Cross മഠങ്ങൾ; തിരൂർ ഒഴിവായി.

174. ഫാ.പാണേങ്ങാടൻ ക്ലിന്റ്: പാലയൂർ

175. ഫാ.പട്ട്യേക്കൽ ആൽവിൻ: ചിറ്റാട്ടുകര.

176. ഫാ.പഴയേടത്ത് ജെയ്സൻ : വിശാഖപട്ടണം മിഷൻ; വേലൂർ ഒഴിവായി.

177. ഫാ. പേരാമംഗലം ജോൺ: പെരിഞ്ചേരി കൂടി; ഒളരിക്കര ഒഴിവായി.

178. ഫാ. പൊന്നാരി നിതിൻ : മണ്ണുത്തി, PAROC സഹായി; കണ്ടശ്ശാംകടവ് ഒഴിവായി.

179. ഫാ. പൊൻപറമ്പിൽ ബിജോയ്: ഒളരിക്കര, അസി. ഡയറക്ടർ ജീസസ് യൂത്ത്; പുതുക്കാട് ഒഴിവായി.

180. ഫാ. പുലിക്കോട്ടിൽ ഡേവിസ് Jr. : പഴുവിൽ; പാവറട്ടി ഒഴിവായി.

181. ഫാ. പുത്തൂക്കര ഫ്രാൻസിസ്: മുക്കാട്ടുകര, നോട്ടറി മെത്രാപ്പോലീത്തൻ കോടതി; വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി.

182. ഫാ. പുത്തൂർ ജോൺ: നടത്തറ കൂടി; ഒല്ലൂർ മേരിമാത ഒഴിവായി.

183. ഫാ. പുത്തൂർ പ്രകാശ് : വടക്കാഞ്ചേരി; എരുമപ്പെട്ടി ഒഴിവായി.

184. ഫാ. താണിക്കൽ ജോമോൻ: ചികിത്സാവധി, താമസം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം; കുരിയച്ചിറ ഒഴിവായി.

185. ഫാ. തട്ടിൽ ബെൻവിൻ: തൃശ്ശൂർ ബസിലിക്ക 1; വെണ്ടോർ ഒഴിവായി.

186. ഫാ. തേക്കാനത്ത് ക്രിസ്റ്റോ: അമ്മാടം; കൊട്ടേക്കാട് ഒഴിവായി.

187. ഫാ. തെക്കേക്കര ജാക്സൺ: വരന്തരപ്പിള്ളി പള്ളിക്കുന്ന്.

188. ഫാ. ഊക്കൻ തോമസ്: കോട്ടപ്പടി; പുറനാട്ടുകര ഒഴിവായി.

189. ഫാ. വടക്കേത്തല മിഥുൻ: അത്തിപ്പേറ്റ് (ഹൊസൂർ രൂപത) വികാരി; നെല്ലിക്കുന്ന്, മെത്രാപ്പോലീത്തൻ കോടതി നോട്ടറി എന്നിവ ഒഴിവായി.

190. ഫാ. വടക്കേത്തല പ്രിജോവ് : തൃശ്ശൂർ ലൂർദ്ദ് 1; വേലൂപ്പാടം ഒഴിവായി.

191. ഫാ. വല്ലച്ചിറക്കാരൻ ഡിന്റോ: പുതുക്കാട് 2; തൃശ്ശൂർ ബസിലിക്ക ഒഴിവായി.

192. ഫാ. വേലൂക്കാരൻ ജിയോ: കുരിയച്ചിറ; എറവ് ഒഴിവായി.

193. ഫാ. വാഴപ്പിള്ളി ജിസ്‌വിൻ ജോസ് ISch : അരിമ്പൂർ (08.02.2025 മുതൽ)

194. ഫാ. പനക്കൽ ഷെബിൻ CMI : വേലൂപ്പാടം.

195. ഫാ. എറണാകുഴിൽ ആൻസൺ O.Carm : തിരൂർ; മരത്താക്കര ഒഴിവായി.

196. ഫാ. കൊക്കൻ ജോഷ്‌വിൻ (ഹൊസൂർ രൂപത) : എറവ്

197. ഫാ. മാളിയേക്കൽ ജിജി ജോസ് (ഹൊസൂർ രൂപത) : വേലൂർ

198. ഫാ. മാണിപറമ്പിൽ പ്രിന്റോ OFM.Cap. : പുറനാട്ടുകര

199. ഫാ. പുതുപള്ളിൽ തോമസ് CST : കല്ലൂർ കിഴക്ക്; ചിറ്റാട്ടുകര ഒഴിവായി.

200. ഫാ. ചിറമ്മൽ ജിന്റോ CMI : പെരിഞ്ചേരി ഒഴിവായി.

201. ഫാ. ചിറമ്മൽ ജോയൽ CMI : മറ്റം ഒഴിവായി.

202. ഫാ. കല്ലുപുറത്ത് ഫ്രാൻസിസ് OFM.Cap. : പഴുവിൽ ഒഴിവായി.

203. ഫാ. കൂള ഗ്ലെസിൻ പയസ് OFM.Cap. : ചെങ്ങാലൂർ ഒഴിവായി.

204. ഫാ. പാണ്ടിയമാക്കൽ ജോബിഷ് SDV : പുത്തൻപീടിക ഒഴിവായി.

205. ഫാ. പാറേക്കാടൻ ആന്റോ ജോർജ്ജ് OFM.Cap. : അരണാട്ടുകര ഒഴിവായി.

206. ഫാ. ചെമ്മണ്ട ഗോഡ്വിൻ OFM.Cap. : പറപ്പൂർ ഒഴിവായി.

207. ഫാ. പുലിക്കോട്ടിൽ ഡോണൽ CMI : വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി.

208. ഫാ. ആലപ്പാട്ട് ജെറിൻ CMI : വരന്തരപ്പിള്ളി കിഴക്ക്

**b) മറ്റു നിയമനങ്ങൾ**

1. ഫാ. ജോസഫ് മുരിങ്ങാത്തേരി - പ്രീസ്റ്റ് - ഇൻ-ചാർജ്ജ് അന്തിക്കാട് കൂടി; സാധുത 2025 ജനുവരി 1 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## പ്രത്യേക ശ്രദ്ധയ്ക്ക്

**അതിരൂപത കാര്യാലയപ്രവർത്തനസമയം**

തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9:30 മുതൽ ഉച്ചക്ക് 12:30 മണിവരെയും ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണി വരെയുമാണ് അതിരൂപത കാര്യാലയപ്രവർത്തനസമയം. ശനി, ഞായർ ദിവസങ്ങൾ, മറ്റു കടമുള്ള ദിവസങ്ങൾ, ഡിസംബർ 21 മുതൽ ജനുവരി 6 ഉൾപ്പെടെയുള്ള ദിവസങ്ങൾ, ഓശാന മുതൽ പുതുഞായർ വരെയുള്ള ദിവസങ്ങൾ, മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങൾ എന്നീ ദിവസങ്ങളിൽ അതിരൂപത കാര്യാലയത്തിന് അവധിയാണ്.

## ENGAGEMENTS
**MARCH 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | | CBCI Meeting @ New Delhi |
| 3 | Mon | Evening | Vratharambha Koottayma @ Palayoor |
| 4 | Tue | Morning | Priests' Monthly Recollection @ DBCLC |
| 5 | Wed | Morning | Holy Mass @ Minor Seminary |
| | | Morning | Curia One Day Meeting |
| | | Evening | Bible Convention @ Kuttur Parish |
| 6 | Thu | Evening | Trust Meeting - MI Hospital |
| 7 | Fri | Evening | Finance Council |
| 8 | Sat | Morning | Inter-Eparchial Pastoral Council Meeting |
| | | Afternoon | Meeting with Holy Communion Preparation: Teachers Formation @ DBCLC |
| 9 | Sun | Afternoon | Catholic Congress, Leaders' meet @ St. Thomas College |
| 10-14 | Mon-Fri | | FABC Central Committee Meeting @ Bangkok |
| 15 | Sat | Afternoon | Meeting of trustees and accountants @ DBCLC |
| | | Evening | Meeting with Staff @ MMMS |
| 16 | Sun | Afternoon | Theology Award Day @ DBCLC |
| 17 | Mon | Evening | JMMCH Trust meeting |
| 20 | Thu | Afternoon | Presbyteral Council |
| 22 | Sat | Evening | Co-Ordination Committee Meeting |
| 24 | Mon | Morning | Holy Mass @ St. Paul Gurukulam |
| 27 | Thu | Morning | Forane Vicars' Meeting |

| | | | |
|---|---|---|---|
| 28 | Fri | Morning | Holy Mass @ Spiritual Animation Centre |
| 29 | Sat | Afternoon | Minor Orders @ Minor Seminary |
| | | Evening | Inauguration of Bible Convention @ Mukkattukara |
| 30 | Sun | Morning | Darsana Sabha Athirupatha Sangamam @ Wadakkanchery |
| | | Afternoon | Athirupatha Nethrsangamam |
| 31 | Mon | Afternoon | Vocation week |

## ENGAGEMENTS

**MARCH 2025**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Mount St Thomas, Kakkanad |
| | | Evening | Pastoral visit @ Thrikkur |
| 02 | Sun | Morning | Pastoral visit @ Thrikkur |
| 04 | Tue | Morning | Holy Mass @ SMMS |
| | | | Priests’ Monthly Recollection |
| 06- 08 | | | LRC Seminar @ Kakkanad |
| 09 | Sun | Evening | Kuttur: Convention Concluding Messege |
| 10- 11 | Sat | | Ongoing formation for Young Priests |
| 12 | Wed | Evening | St. Thomas College Trust Meeting |
| 13 | Thu | Morning | Holymass @ SMMS |
| | | Evening | 40 Hours Adoration @Vazhakulam |
| 15 | Sat | Morning | Inaugural Function of Kudumbasangamam |
| | | Evening | Trustee & Accountants Meeting @ ABH |

| | | | |
|---|---|---|---|
| 16-19 | | | Seminary Professors Meet |
| 20 | Thu | Morning | Consulter's Meeting |
| | | Evening | Presbytery Council |
| 22 | Sat | Evening | Coordination Committee Meeting |
| 23 | Sun | Evening | Institute of Theology convocation day |
| 25 | Tue | Morning | Installation : Joseph Mor Gregorios |
| 26 | Wed | Morning | St Paul Gurukulam |
| 27 | Thu | Morning | Meeting of Forane Vicars @ ABH |
| 29 | Sat | Evening | Diaconate & Minor Orders @ SMMS |
| 30 | Sun | Evening | Koodumbakkottaymma nethru sangamam Palayur Convention Inauguration Talk |
| 31 | Mon | | Vocation Week |

"

മരുഭൂമിയിലെ പരീക്ഷ

**യേശു കൽപിച്ചു:**
**സാത്താനേ, ദൂരെപ്പോവുക;**
**എന്തെന്നാൽ,**
**നിൻെറ ദൈവമായ**
**കർത്താവിനെ ആരാധിക്കണം;**
**അവിടുത്തെ മാത്രമേ**
**പൂജിക്കാവൂ എന്ന്**
**എഴുതപ്പെട്ടിരിക്കുന്നു**
**(മത്താ 4,10)**

"



# നാളാഗമം

## ജനുവരി 2025

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ നടക്കുന്ന തിയോളജി ബേസിക് കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു.

   അതിരൂപത വൈസ് ചാൻസിലറായി നിയമിക്കപ്പെട്ട ബഹു. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സാന്നിധ്യത്തിൽ സത്യപ്രതിജ്ഞയെടുത്തു. വൈകിട്ട് മുണ്ടത്തിക്കോട് ഇടവകയുടെ സുവർണജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുണ്ടത്തിക്കോട് ഇടവകയിൽ വച്ച് ഡീക്കൻ ജെറിൻ അരിമ്പൂരിനു തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് കുണ്ടന്നൂർ ഇടവകയിൽ 125-ാം വർഷ ജൂബിലി ഉദ്ഘാടനം ചെയ്തു.

2. രാവിലെ പള്ളിക്കുന്ന് ദൈവാലയത്തിൽ വച്ച് ഡീക്കൻ സ്റ്റിക്സൺ ജോസ് കുന്നംപിള്ളിൽ ഒ.എഫ്.എം., ഡീക്കൻ അക്ഷയ് മരിയ കുന്നേൽ എം.എസ്.ജെ. എന്നിവർ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവ

യ്പു ശുശ്രൂഷ വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. ഉച്ചയ്ക്ക് അതിരൂപതാതല Saints' Quiz മത്സരം ഡി.ബി.സി.എൽ.സി.യിൽ ഉദ്ഘാടനം ചെയ്തു. വൈകീട്ട് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് കാക്കശ്ശേരി ഡോ. അനുമോദ്-ഡോ. പ്രിയ ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിന് മാമ്മോദീസ നല്കി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ ഇടവകയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. വൈകുന്നേരം അന്തിക്കാട് പള്ളിയിൽ വച്ച് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

3. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്ന ബഹു. സി. ബസിലിസ സി.എസ്.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ഫ്രാൻസിസ് പാപ്പ ആശീർവദിച്ച് റോമിൽ നിന്നും കൊണ്ടുവന്ന ഈശോയുടെ തിരുഹൃദയരൂപം എരുമപ്പെട്ടി ഇടവകയിൽ പ്രതിഷ്ഠിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എള്ളവള്ളി ഇടവകയിലും കോളങ്ങാട്ടുക്കര ഇടവകയിലും തിരുനാൾ കൊടികയറ്റം നടത്തി.

4. രാവിലെ ബസിലിക്ക ദൈവാലയത്തിൽ വെച്ച് കുരിയച്ചിറ ഇടവകാംഗമായ ഡീ. സുമേഷ് കുരുതുകുളങ്ങര എം. ഐ., അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവയ്പ്പ് ശുശ്രൂഷ വഴി പൗരോഹിത്യപട്ടം സ്വീകരിച്ചു. ഉച്ചക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെച്ച് നടന്ന മോൺ. മാത്യു മുരിങ്ങാത്തേരി അച്ചന്റെയും ഡോ. എച്ച്. എസ്. ഇഡെൻവാലയുടെയും അനുസ്മരണാർത്ഥമുള്ള 'പെലെക്കാനുസ് 2024' അവാർഡ് വിതരണം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവകയിൽ വി. കുർബാനയർപ്പിച്ചു. രാവിലെ ചിയ്യാരം ലേഡി വിക്ടറി കോൺവന്റിൽ ഫാ. സിറിയക്ക് മേനാച്ചേരിയുടെ അനുസ്മരണാർഹം വി. കുർബാന അർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് തോപ്പ് സ്കൂളിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

5. രാവിലെ മാടക്കത്തറ ദൈവാലയത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ചു. വൈകീട്ട് കുഴിക്കാട്ടുശ്ശേരിയിൽ വെച്ച് നടന്ന ജോർജ് മംഗലൻ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തങ്ങാലൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

06-11. അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

12. രാവിലെ പാറന്നൂർ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ചു. വൈകീട്ട് ഗുരുവായൂർ ഇടവകയിൽ നടന്ന സെ. വിൻസെന്റ് ഡി പോൾ സംഘടനയുടെ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൂച്ചിന്നിപ്പാടം ഇടവകയിൽ വി. കുർബാന അർപ്പിച്ചു. ഉച്ചക്ക് ഡിറ്റോ കൂള അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കര ശുശ്രൂഷകൾക്ക് അഭിവന്ദ്യ പിതാക്കന്മാർ കാർമ്മികത്വം വഹിച്ചു.

13. രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ NABH ഇൻസ്പെക്ഷനിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്തു. എം. എം. ബി. സന്യാസസമൂഹം സെ. തോമസ് പ്രോവിൻസിന്റെ ജൂബിലിയാഘോഷവും പ്രൊവിൻസ് ദിനവും ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്ന നേഴ്സിങ് വിദ്യാർത്ഥികളുടെ ലാംപ് ലൈറ്റിംഗ് സെറിമണി ഉദ്ഘാടനം ചെയ്തു. പാറോക്കിന്റെ നേതൃത്വത്തിലുള്ള നവ വൈദികർക്കുവേണ്ടിയുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നവ വൈദീകരുടെ തുടർ പരിശീലനം ഉദ്ഘാടനം ചെയ്തു. തുടർന്ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എം. എം. ബി സന്യാസസമൂഹം സെ. തോമസ് പ്രോവിൻസിന്റെ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മേരിമാത സെമിനാരിയിൽ സിമ്പോസിയത്തിൽ പങ്കെടുത്തു.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയുടെ തത്ത്വശാസ്ത്ര വിഭാഗം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ആക്കി ഉയർത്തുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നടന്ന പൂനെ പേപ്പൽ സെമിനാരിയുമായുള്ള അഫിലിയേഷൻ നവീകരിക്കുന്ന സൈനിങ് ചടങ്ങിലും കോൺവൊക്കേഷൻ സെറിമണിയിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പടവരാട് ഇടവകയിൽ രാവിലെ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. തുടർന്ന് മേരിമാതാ സെമിനാരിയിലെ കോൺവൊക്കേഷൻ പരിപാടിയിൽ പങ്കെടുത്തു.

15. വൈകീട്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ചിറളയം യു. പി. സ്കൂളിന്റെ സെന്റിനറി സമാപന ആഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ നവ വൈദികരുടൊപ്പം അതിമെത്രാസനമന്ദിരത്തിൽ വി. കുർബാന അർപ്പിച്ചു. അഭി

വന്ദ്യ ടോണി പിതാവ് മംഗലപുഴ സെമിനാരി കമ്മീഷൻ മീറ്റിംഗിലും തുടർന്ന് മംഗലപുഴ സെമിനാരി മീറ്റിംഗിലും പങ്കെടുത്തു.

17. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഡി ബി സി ൽ സിയിൽ നവ വൈദികരോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം മറ്റം നമ്പഴിക്കാട് പള്ളിയിൽ കൊടിയേറ്റവും തുടർന്ന് വിശുദ്ധ കുർബാനയും അർപ്പിച്ചു.

18. രാവിലെ കുരിയച്ചിറ സെ. പോൾസ് സ്കൂളിൽ സി. എം. സി. സിസ്റ്റേഴ്സിന്റെ ഗോൾഡൻ - സിൽവർ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഭരത പള്ളിയിൽ പ്രസുദേന്തി വാഴ്ച നടത്തി, വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കടുത്തു. വൈകുന്നേരം വടക്കാഞ്ചേരി സെന്റ് പയസ് സ്കൂൾ വാർഷികത്തിൽ പങ്കെടുത്തു.

19. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ വരടിയം ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ദൈവാലയത്തിനു മുകളിൽ സ്ഥാപിക്കാനുള്ള പുതിയ കുരിശ് വെഞ്ചിരിക്കുകയും ചെയ്തു. ഉച്ചക്ക് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനം ഡി. ബി. സി. എൽ. യിൽ വിതരണം ചെയ്തു. വൈകിട്ട് എളവള്ളി ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷത്തിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മരാത്തക്കര പള്ളിയിൽ ട്രിനിറ്റി കപ്പിൾസ് മീറ്റിംഗിൽ പകടുത്തു. ഉച്ചയ്ക്കുശേഷം ചിൽഡ്രൻസ് മിനിസ്ട്രിയുടെ സമ്മാന വിതരണ പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം കുന്നംകുളം, പറപ്പൂർ എന്നീ ഇടവകകളുടെ ഇടവക ദിനത്തിൽ പങ്കെടുത്തു.

20. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഭരത ഇടവകയിൽ ചക്കാലമറ്റം ഡിനോ-അനു ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ശേഷം സെ. തോമസ് കോളേജ് 'പേട്രൻസ് ഡേ' ചടങ്ങ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഗുരുവായൂർ ഇടവകയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി.

21. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കല്ലൂർ കിഴക്ക് ഇടവകയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. വൈകുന്നേരം

ചൊവ്വന്നൂർ സ്കൂളിന്റെ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തു.

22. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് വൈദിക സമിതിയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പഴുവിൽ സ്കൂളിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകിട്ട് നോർത്ത് കാരമുക്ക് ദൈവാലത്തിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നൽകി.

23. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ലൂർദ് മെട്രോപൊളിറ്റൻ ദൈവാലയത്തിൽ നടന്ന ബൈബിൾ പകർത്തിയെഴുതിയവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇത് 'ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ' സ്ഥാനം നേടുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തിരുവില്വാമല ഗുരുകുലം സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചയ്ക്കുശേഷം ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന മാതൃവേദി സംഗമത്തിൽ പങ്കെടുത്തു, ബൈബിൾ പ്രകാശനം ചെയ്തു, വിശുദ്ധ കുർബാന അർപ്പിച്ചു.

24. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തിരൂർ സീയോൻ കോൺവെന്റിൽ ബഹു. സി. ഓസ്വിൻ എഫ്.സി.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിലിന്റെയും കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെയും നേതൃത്വത്തിൽ ജനുവരി 24ന് തൃശ്ശൂർ മാർത്ത്-മറിയം വലിയ പള്ളിയിൽ സഭൈക്യവാരത്തോടനുബന്ധിച്ച് നടന്ന സമ്മേളനം സി. ബി. സി. ഐ. പ്രസിഡന്റായ അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പുതുക്കാട് സെന്റ് ആന്റണിസ് സ്കൂൾ വാർഷിക ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം പുത്തൂർ ദൈവാലയത്തിലെ നവീകരിച്ച ഫൊറോന കാര്യാലയം വെഞ്ചിരിച്ചു.

25. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തിരൂർ സി എസ് സി സന്യാസസമൂഹത്തിന്റെ ഗോൾഡൻ-സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു . വൈകിട്ട് കുരിയച്ചിറ സെന്റ് വിൻസെന്റ് ഡി പോൾ ജൂബിലിയിൽ പങ്കെടുത്തു വിശുദ്ധ കുർബാന അർപ്പിച്ചു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തോളൂർ സെന്റ്. അൽഫോൻസ ദൈവാലയത്തിൽ രാവിലെ ദിവ്യബലിയർപ്പിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെച്ച് നേഴ്സസ് ഗിൽഡിന്റെ യോഗം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് ഡി. ബി.

സി. എൽ .സി. യിൽ  അതിരൂപത അവാർഡ് ഡേ ഉദ്ഘാടനം ചെയ്തു. കൊട്ടേക്കാട് ദൈവാലയത്തിന്റെ 1025 വാർഷിക സമാപനാഘോഷം വൈകീട്ട്  ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഡി. ബി. സി. എൽ. സി. യിൽ അതിരൂപത അവാർഡ് ഡേ പരിപാടിയിൽ പങ്കെടുത്തു. തൃശൂർ ബസിലിക്കയിൽ ജൂബിലി ശതാബ്ദി ഗാനം റിലീസ് ചെയ്തു.

27. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മേരിമാത സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് തൃശൂർ മാർത്ത് മറിയം വലിയ പള്ളിയിൽ നടന്ന പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.


28. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മംഗലപുഴ സെമിനാരി ചാപ്പലിന്റെ വെഞ്ചിരിപ്പു കർമ്മത്തിൽ കാർമ്മികനായി. വൈകിട്ട് മേരിമാത സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുമായുള്ള മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

29. അഭിവന്ദ്യ പിതാക്കന്മാർ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

30. അഭിവന്ദ്യ  ടോണി നീലങ്കാവിൽ പിതാവ് നെല്ലിക്കുന്ന് ദൈവാലയത്തിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. തുടർന്ന് അത്താണിയിൽ ഗോൾഡൻ ജൂബിലി പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം മുണ്ടത്തിക്കോട് സ്കൂളിന്റെ വാർഷിക പരിപാടിയിൽ പങ്കെടുത്തു.

31. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ  കുർബാന അർപ്പിച്ചു. ഉച്ചയ്ക്കുശേഷം കെ സി എസ് എ ൽ  യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം നടത്തറ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



തൃശ്ശൂർ പൂത്തോളിലുള്ള അറയ്ക്കൽ നെല്ലിശ്ശേരി സിറിയക് – രേഖ മകൾ മാർഗരറ്റ് സിറിയക് ഏറ്റെടുത്ത് നടത്തിയ ഫെബ്രുവരി മാസത്തിലെ രണ്ടാം ശനിയാചരണത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചത് തവളപ്പാറയ്ക്കടുത്തുള്ള സെന്റ് ബേസിൽ സി എസ് റ്റി ആശ്രമത്തിന്റെ സുപ്പീരിയറും ധ്യാനഗുരുവുമായ ബഹു. ജോബി ചുള്ളിയച്ചനായിരുന്നു. തവളപ്പാറ സെന്റ് ജോസഫ് ഇടവകദൈവാലയത്തിൽനിന്നും ധാരാളം വിശ്വാസികൾ വന്നിരുന്നു. അവരാണ് ജപമാലയ്ക്ക് നേതൃത്വം നല്കിയത്. മുണ്ടത്തികോട് 'ഊക്കൻ പാഠശാല'യിൽനിന്നുമുള്ള നാല്പതോളം വിദ്യാർത്ഥികളുടെ സാന്നിധ്യവും പരിപാടികൾക്ക് ഏറെ ശോഭയായിരുന്നു. ബഹു. ജോബി ചുള്ളിയച്ചന്റെ സന്ദേശത്തിലൂടെ:


ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ പുണ്യസ്മരണകളിലാണ് നാം ഇപ്പോൾ ആയിരിക്കുന്നത്. അപരന്റെ സന്തോഷത്തിനും സമാധാനത്തിനുമായി പ്രയത്നിച്ച വ്യക്തിയാണ് ഊക്കനച്ചൻ. അതോടുകൂടി ക്രിസ്തുവിനെ നേടുവാനും ക്രിസ്തുവിനോട് ചേർന്നു നില്ക്കുവാ

നും ചേർത്തു നില്ക്കുവാനും അദ്ദേഹം അത്യധ്യകം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു. എന്തു ചെയ്താലും അത് ദൈവമഹത്വത്തിനുള്ളതാക്കാനും, ധാരാളം നന്മപ്രവർത്തികളിലൂടെ ഈ നാട്ടിലെ മറ്റൊരു ക്രിസ്തുവായി തീരാനും അഹോരാത്രം അധ്വാനിച്ചു. തന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ദൈവഹിത പ്രകാരം എന്നും തുടർന്നുകൊണ്ടുപോകുന്നതിനായിട്ടാണ് നമുക്കായി കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സന്യാസിനിസമൂഹം അദ്ദേഹം സ്ഥാപിച്ച്ത്. എന്നിട്ടവർക്ക് ഒരു നിയോഗമായി ഇങ്ങനെയൊരു ജോലിയും ആ പുണ്യപിതാവ് നൽകുകയുണ്ടായി: ''സ്നേഹിക്കുകയാണ് നിങ്ങളുടെ ജോലി, സ്നേഹത്തിൽ നിങ്ങളെ ആരു പിന്നിലാക്കാതിരിക്കട്ടെ''. ഇന്നത്ത കാലഘട്ടത്തിൽ ഈ സന്ദേശത്തിന് ഏറെ പ്രസക്തിയുണ്ട്. രാഷ്ട്ര നിർമ്മാണത്തിലാകട്ടെ, തിരുസ്സഭാവളർച്ചയാകട്ടെ, ഇടവകപ്രവർത്ത നങ്ങളിലാകട്ടെ, സമൂഹനിർമ്മതികളിലാകട്ടെ, കുടുംബ ബന്ധങ്ങളിലാകട്ടെ ഈ ജോലി ചെയ്താൽ മാത്രം മതി – അവിടെ വലിയ അഭിവൃദ്ധിയുണ്ടാകും.

ഈ ജോലി ചെയ്യുന്നതിനായി ദൈവവുമായി അത്യാഗാധമായൊരു സ്നേഹബന്ധത്തിലായിരിക്കണമെന്നത് ഊക്കനച്ചൻ തന്റെ ജീവിതത്തിലൂടെ കാണിച്ചുതരികയും ചെയ്തു. സ്നേഹോപദേശം വാക്കുകളിൽ മാത്രം ഒതുക്കിനിറുത്താതെ ജീവിതംകൊണ്ട് പ്രാവർത്തികമാക്കിയെന്നതാണ് ഈ വന്ദ്യപുരോഹിതന്റെ ജീവിത വിജയം. ഇവയൊക്കെകൊണ്ട് തന്നെയാണ് ആവശ്യക്കാരിലേക്കും അശരണരിലേക്കും ഇറങ്ങിച്ചെന്ന്, തനിക്കു ചുറ്റും താൻ അറിയാത്തവരായി ആരുമില്ല എന്ന് ഉദ്ഘോഷിക്കുവാനും ആയിരങ്ങളുടെ 'അച്ചൻതമ്പുരാനായി' മാറുവാനും അദ്ദേഹത്തിന് സാധിച്ചത്. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടിക്കൊണ്ട് ദൈവജനത്തിന്റെ വിലാപങ്ങൾക്ക് നേരെ കണ്ണു തുറക്കുന്ന നല്ല സമറിയക്കാരായി നമുക്കും മാറാം.

ചൊവ്വന്നൂർ ഇടവക വികാരി ബഹു. തോമസ് ചൂണ്ടലച്ചൻ ഏവർക്കും നന്ദികൾ അറിയിക്കുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



വിശുദ്ധ കുർബാന സ്വീകരണത്തിൽ നമുക്ക് ക്രിസ്തുവിൽ സംജാതമാകുന്ന ദൈവൈക്യത്തെപ്പറ്റിയും ലഭ്യമാകുന്ന സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനത്തെപ്പറ്റിയുമാണ് മുമ്പ് പറഞ്ഞത്. 'എന്റെ വി. കുർബാന' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള വിചിന്തനത്തിന്റെ അവസാനഭാഗത്ത് ദിവ്യകാരുണ്യസ്വീകരണത്തിന്റെ മറ്റു ഫലങ്ങൾ വിവരിക്കപ്പെടുന്നു. വി.കുർബാന സ്വീകരണം വഴി പരിശുദ്ധ ത്രിത്വം നമ്മുടെ ആത്മാവിൽ വസിക്കുന്നു. ഈ ഐക്യത്തിന്റെ ഫലമായി നമ്മുടെ പ്രവൃത്തികൾ ഉയർന്ന തലത്തിലേക്ക് എത്തുന്നു. അവിടുന്ന് നമ്മെ സ്വർഗ്ഗത്തിലേക്ക് നയിക്കുന്നു. നമ്മുടെ സ്വാഭാവിക ജീവിതം ഉയർത്തപ്പെടുന്നു. അത് കൃപയും പുതിയ ജീവിതവുമാണ്.

എല്ലാവർക്കും കൃപ ലഭിക്കുന്നത് ക്രിസ്തുവാകുന്ന മദ്ധ്യസ്ഥനിൽക്കൂടിയാണ്.

പിണ്ഡം മുഴുവൻ പുളിപ്പിക്കാൻദൈവമായ ക്രിസ്തു മനുഷ്യസ്വ ഭാവം ഏറ്റെടുത്ത് അതിനെ ഉദ്ധരിച്ചു. തന്റെ ബലി വഴി അവിടുന്ന് നമുക്ക് ദൈവികജീവൻ നേടിത്തന്നു. തന്നിലേക്ക് തുറക്കുന്ന ആത്മാക്കൾക്കെല്ലാം കൃപ വർഷിച്ച് അവിടുന്ന് മനുഷ്യവർഗത്തിൽ പ്രവർത്തനനിരതമാണ്.

വൃക്ഷം ശിഖരങ്ങൾക്ക് ജീവൻ നല്കുന്നതുപോലെ ക്രിസ്തുവിന്റെ ജീവൻ നമ്മിലേക്ക് വ്യാപിക്കുന്നതാണ് അതിസ്വഭാവിക ജീവൻ. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ അതിന്റെ ശിഖരങ്ങളുമാണ് (യോഹ.15). മുന്തിരിച്ചെടിയിലോടുന്ന ജീവരസമായി കൃപയെ കാണാം. വി. പൗലോസ് മറ്റൊരു സാമ്യം നൽകുന്നു. നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏക ശരീരമാണ്. അവിടുന്നാണ് ശിരസ്സ്. പ്രസാദവരാവസ്ഥയിലായിരിക്കുന്ന ആത്മാവ് അവിടുന്നുമായി ജീവനുള്ള ഐക്യത്തിലാണ്.

ക്രിസ്ത്യാനിയായിരിക്കുക എന്നതിന്റെ അർത്ഥം എന്താണ്? ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കു പറ്റുവാൻ ക്രിസ്തുവിലൂടെ ദൈവത്തെ സ്വന്തമാക്കുക എന്നതാണ്.

ദിവ്യകാരുണ്യത്തിൽ കർത്താവും രക്ഷകനുമായ ക്രിസ്തു അപ്പത്തിന്റെ സാദൃശ്യത്തിൽ ദൃശ്യമായി നമ്മുടെ പക്കലേക്ക് വരുന്നു. വേണ്ടവിധം പ്രകീർത്തിക്കാൻ സാധിക്കാത്തവിധം എത്ര മഹത്തായ ഇറങ്ങിവരവാണത്. നമ്മുടെ മന്ദമാനസങ്ങൾക്ക് അത്ഭുതം പകർന്ന് കൂടുതൽ ഉന്നതമായതിലേക്ക് അത് നമ്മെ നയിക്കുന്നു. ഇത് ഒരു കൂദാശയല്ലേ?. അതായത് അടയാളവും കാരണവുമായ ഒന്ന്, ഒരു ആദ്ധ്യാത്മിക യാഥാർത്ഥ്യം.

നമ്മുടെ ആത്മാവിന്റെ ഭക്ഷണമാണ് അവിടുന്ന് എന്ന് കാണിക്കാൻ അവിടുന്ന് ഭക്ഷണത്തിന്റെ രൂപത്തിൽ വരുന്നു. ഈ ഭക്ഷണത്തിന്റെ ഉള്ളടക്കം അനന്യമാണ്. നമ്മുടെ ശരീരവും ജീവനുമായി മാറുന്ന സാധാരണ ഭക്ഷണമല്ലിത്. തന്റെത്തന്നെ ജീവൻ പ്രദാനം ചെയ്യുന്ന നിത്യതയുടെ ഭക്ഷണമാണ് അവിടുന്ന്. അങ്ങനെ തന്റെ ജീവിതത്തിൽ പങ്കു പറ്റാൻ ക്രിസ്തു നമ്മെ അനുവദിക്കുന്നു. ഇതാണ് ദിവ്യകാരുണ്യഭോജനത്തിന്റെ അർത്ഥം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 02 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. സെബി വെളിയൻ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡേവിസ് ചെറയത്ത് | 08 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ലിവിൻ കുരുതുകുളങ്ങര | 18 |
| ഫാ. ജിൻസൻ മുക്കടയിൽ | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. പോൾ മുട്ടത്ത് | 21 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 21 |
| ഫാ. പ്രകാശ് പുത്തൂർ | 21 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ആൽബിൻ ചൂണ്ടൽ | 23 |
| ഫാ. ലിയോ പുത്തൂർ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. പ്രിൻസ് ചെറുതാണിക്കൽ | 26 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. ജോസ് കോനിക്കര ട്യ. | 29 |
| ഫാ. ബെൻവിൻ തട്ടിൽ | 29 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |





| | |
|---|---|
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. ജോഫിൻ അക്കരപ്പട്ട്യേക്കൽ | 19 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ജിയോ ആലപ്പാട്ട് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 19 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജോസഫ് അറാശ്ശേരി | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 19 |
| ഫാ. ഷാജൻ ചീരമ്പൻ | 19 |
| ഫാ. ജീസ്മോൻ ചെമ്മണ്ണൂർ | 19 |
| ഫാ. ജിയോ ചെരടായി | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജോളി ചിറമ്മൽ | 19 |
| ഫാ. ഫെബിൻ ചിറയത്ത് | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ആൽബിൻ ചൂണ്ടൽ | 19 |
| ഫാ. ലിവിൻ ചൂണ്ടൽ | 19 |
| ഫാ. ജോബി ചുള്ളിക്കാടൻ | 19 |
| ഫാ. ഗോഡ്‌വിൻ എടക്കളത്തൂർ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 19 |
| ഫാ. ജോബി കടപ്പൂരാൻ | 19 |
| ഫാ. ജിയോ കടവി | 19 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ക്ലിൻസൺ കാട്ടിപറമ്പൻ | 19 |
| ഫാ. ജോസ് കോനിക്കര Jr. | 19 |
| ഫാ. ജോസ് കോനിക്കര Sr. | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. ജിജോ മാളിയേക്കൽ | 19 |
| ഫാ. സനൽ മാളിയേക്കൽ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. റോയ് മൂക്കൻ | 19 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 19 |
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ഡെബിൻ ഒലക്കേങ്കിൽ | 19 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 19 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജിജോ പിടിയത്ത് | 19 |
| ഫാ. നിതിൻ പൊന്നാരി | 19 |
| ഫാ. ബിജോയ് പൊൻപറമ്പിൽ | 19 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |
| ഫാ. ഡൈജോ പൊറുത്തൂർ | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |

| | |
|---|---|
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 19 |
| ഫാ. പ്രകാശ് പുത്തൂർ | 19 |
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ബെൻവിൻ തട്ടിൽ | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |
| ഫാ. ജാക്സൺ തെക്കേക്കര | 19 |
| ഫാ. ജോസ് തെക്കേക്കര | 19 |
| ഫാ. ജിയോ തെക്കിനിയത്ത് | 19 |
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. റോയ് വടക്കൻ | 19 |
| ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ | 19 |
| ഫാ. ജോസ് വള്ളൂരാൻ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. റിജോ വിതയത്തിൽ | 19 |




| | |
|---|---|
| ഫാ. അക്കര ജോർജ്ജ് Jr. | 10.03.1962 |
| ഫാ. അമ്പൂക്കൻ പോൾ Sr. | 31.03.1952 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23.03.1947 |
| ഫാ. ചെമ്മണ്ണൂർ ജോൺ | 15.03.2020 |
| മോൺ. ചെറയത്ത് സെബാസ്റ്റ്യൻ | 01.03.1979 |
| ഫാ. ചെറയത്ത് ഔസേപ്പ് | 14.03.1891 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30.03.1959 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22.03.1956 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ എൽ. | 12.03.1981 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17.03.1935 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03.03.1895 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19.03.1986 |
| ഫാ. കരിപ്പേരി ജോൺ | 16.03.1962 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01.03.1947 |
| ഫാ. മാളിയമ്മാവ് റാഫേൽ | 17.03.1996 |
| ഫാ. മഞ്ഞളി ജോസഫ് എൽ. | 20.03.1990 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27.03.1951 |
| ഫാ. പാലയൂർ ആന്റണി | 14.03.1950 |
| ഫാ. പാറക്കൽ തോമസ് | 30.03.1891 |
| ഫാ. പറമ്പിൽ പോൾ | 02.03.1970 |
| ഫാ. പാറേക്കാട്ട് ജോണി ആന്റണി | 13.03.2021 |
| ഫാ. ജോർജ്ജ് പൊറത്തൂർ | 26.02.2013 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06.03.1965 |
| ഫാ. തച്ചിൽ ജോൺ | 09.03.1968 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17.03.2006 |
| ഫാ. വടക്കേത്തല ജോസഫ് | 10.03.2020 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22.03.1942 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17.03.2003 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16.03.1893 |

## ആദരാഞ്ജലികൾ



### റവ. ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ (88)

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും നിരാലംബർക്കും അത്താണിയായ അജപാലകൻ, കർമ്മ നിരതനായ വികാരി, ആത്മീയഗുരു എന്നിങ്ങനെ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ 2025 ഫെബ്രുവരി മാസം 15-ാം തീയതി രാവിലെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നിരാലംബരായവരുടെ ജീവിതത്തിനു ഊടും പാവും നൽകുന്നതിനായി തന്റെ ജീവിതത്തിന്റെ വലിയപങ്കും നീക്കിവച്ച ബഹു. അച്ചൻ 2014 ഫെബ്രുവരി 5 മുതൽ ചേറൂർ വിയാനി ഭവനിലും തുടർന്ന് തൃശ്ശൂർ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലും വിശ്രമജീവിതം നയിക്കുകയായിരുന്നു.

തൃശൂർ അതിരൂപതയിലെ അരിമ്പൂർ ഇടവകയിലെ പരേതരായ മാത്യു - ത്രേസ്യ ദമ്പതികളുടെ മകനായി 1937 ജൂലൈ 12 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി,

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിട ങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1963 മാർച്ച് 11ന് അഭിവന്ദ്യ മാർ ജോർജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനായി ശുശ്രൂഷ ആരംഭിച്ച അദ്ദേഹം അരണാട്ടുകര, ചാലക്കുടി എന്നീ ഇടവകക ളിൽ സഹവികാരിയായും ഇരിഞ്ഞാലക്കുട രൂപതയിലെ താഴേക്കാട്, തെക്കൻ താണിശ്ശേരി, കടുപ്പിശ്ശേരി, മുപ്ലിയം, ചെമ്മണ്ട എന്നിവിട ങ്ങളിലും തൃശൂർ അതിരൂപതയിലെ അത്താണി, പൂമല, മണ്ണംപേട്ട, പറവട്ടാനി, നന്തിപുലം, ചെങ്ങാലൂർ, നന്തിപുലം നോർത്ത്, കൂനം മൂച്ചി, വെണ്ടോർ, ചിറ്റിശ്ശേരി, മുക്കാട്ടുക്കര, കല്ലൂർ കിഴക്ക്, അമ്മാടം, പാലക്കൽ, സ്നേഹപുരം, ചേർപ്പ്, പറവട്ടാനി, മണലൂർ, പോന്നോർ, നോർത്ത് പുതുക്കാട്, മുല്ലശ്ശേരി, പൊങ്ങണംകാട്, കൊട്ടേക്കാട്, കല്ലൂർ പടിഞ്ഞാറ്, വല്ലച്ചിറ, കരുമത്ര, കുമ്പളങ്ങാട്, വെള്ളറക്കാട് തുടങ്ങി ഇടവകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. ഒള രിക്കര ഇടവകയിൽ സീനിയർ പ്രീസ്റ്റായി ശുശ്രൂഷ ചെയ്തു. മണ്ണംപേട്ട, ചെങ്ങാലൂർ, പറവട്ടാനി, വെണ്ടോർ, അമ്മാടം, വല്ലച്ചിറ, മുക്കാട്ടുകര, കൂനംമൂച്ചി, മണലൂർ കിഴക്ക്, കല്ലൂർ കിഴക്ക്, പല്ലിശ്ശേരി സ്കൂളുകളിലെ മാനേജരായും വിവിധ സന്യാസിനീസമൂഹങ്ങളുടെ കപ്ലോനായും ശുശ്രൂഷ ചെയ്തിട്ടുണ്ട്.

2025 ഫെബ്രുവരി 16ന് ഞായറാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം ഭൗതിക ശരീരം 8.30 വരെ പൊതുദർശനത്തിനു വച്ചു. ശേഷം മൃതദേഹം അരിമ്പൂർ ഇടവകയിൽ സഹോദര പുത്രനായ കൊള്ളന്നൂർ ജേക്കബ് മകൻ ജോബിയുടെ വസതിയിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് മൃതസംസ്കാരശുശ്രൂഷകളുടെ ഒന്നാം ഭാഗം മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. തുടർന്ന് ദൈവാലയത്തിലെ മൃതസംസ്കാര ശുശ്രൂഷകൾക്കായി മൃതദേഹം അരിമ്പൂർ ഇടവക ദൈവാലയ ത്തിലേക്ക് സംവഹിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ തുടർന്നുള്ള ഭാഗങ്ങൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മി കത്വത്തിൽ പരികർമ്മം ചെയ്യപ്പെട്ടു.

ദൈവപിതാവിന്റെ വിളിയോട് പ്രത്യുത്തരിച്ച് ശുശ്രൂഷാ പൗരോ ഹിത്യത്തിലൂടെ ദൈവജനത്തിന്റെ സ്വന്തമായ കൊള്ളന്നൂർ ബഹു. സെബാസ്റ്റ്യൻ അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലി!!

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**സമർപ്പിതദിനാഘോഷം**

ഈശോയെ ദേവാലയത്തിൽ കാഴ്ചവച്ച സംഭവത്തിന്റെ ഓർമ്മദിനമായ ഫെബ്രുവരി 2-ാം തിയ്യതിസമർപ്പിതദിനമായി ആചരിച്ചു. അന്നേദിനം എല്ലാ ഇടവകകളിലും ദിവ്യബലി മദ്ധ്യേ സമർപ്പിതർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും വിവിധ ശുശ്രൂഷാരംഗങ്ങളിൽ അവർ കാഴ്ചവയ്ക്കുന്ന നിസ്തുലസേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും ചെയ്തു. എല്ലാ ഇടവകകളിലും ബ.വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ സമർപ്പിതദിനം സമുചിതമായി ആഘോഷിച്ചു. എല്ലാ സന്യാസഭവനങ്ങളിലും ഒരുമണിക്കൂർ ആരാധന നടത്തി ദൈവവിളിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ജൂബിലിവർഷത്തിൽ സമർപ്പിതദിനത്തോടനുബന്ധിച്ച് സി.ആർ.ഐ.ദേശീയതലത്തിൽ സംഘടിപ്പിച്ച ഓൺലൈൻ പ്രോഗ്രാമിൽ തൃശ്ശൂർ അതിരൂപതയിലെ എല്ലാ സന്യാസസമൂഹങ്ങളും പങ്കെടുത്തു.

**എഫ്. സി. സി. അസ്സീസി പ്രോവിൻസ്, തൃശൂർ**

പടവരാട് സെന്റ് ട്രീസാസ് കോൺവെന്റിൽ, വചനാമൃത ടീമിന്റെ നേതൃത്വത്തിൽ ആരംഭിച്ച, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 2 ദിവസത്തെ ധ്യാനത്തിൽ 43 പേർ

പങ്കെടുത്തു. ജനുവരി 13-ാം തീയതി തൃശൂർ അസ്സീസി പ്രോവിൻസിലെ സന്യാസവ്രതസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനുള്ള മൂന്ന് ദിവസത്തെ ധ്യാനം ഗുരുവായൂർ ചെറുപുഷ്പാശ്രമത്തിൽ വെച്ച് ബ. ഫാ. ജോർജ്ജ് കല്ലടാന്തിയിൽ CST യുടെ നേതൃത്വത്തിൽ ആരംഭിച്ചു. ജനുവരി 18-ാം തീയതി ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പ്രോവിൻസ് തല സുവർണ്ണജൂബിലിയാഘോഷത്തിന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഫാ. ഡേവീസ് ചിറമ്മൽ, റവ. ഫാ. ജോൺസൺ ചിറ്റിലപ്പിള്ളി OFM Cap എന്നിവർ സഹകാർമ്മികരായിരുന്നു.

പീച്ചി റിസർവോയറിൽ വീണ് അകാലത്തിൽ മരണമടഞ്ഞ തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥികളുടെ അനുസ്മരണാർത്ഥം ജനുവരി 20-ാം തീയതി നടന്ന അനുശോചനയോഗത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയയും അസി. പ്രൊവിൻഷ്യൽ ബ. സി. ഫിലോ ജീസും സംബന്ധിച്ചു. ജനുവരി 23-ാം തീയതി തിരൂർ സിയോൻ റിന്യൂവൽ സെന്റർ മഠാംഗമായ സി. ഓസ്വിൻ നിര്യാതയായി. മൃതസംസ്കാരകർമ്മം 24-ാം തീയതി വെള്ളി യാഴ്ച രാവിലെ 10.15 ന് തിരൂർ സിയോൻ റിന്യൂവൽ സെന്റർ കോൺവെന്റ് ചാപ്പലിൽ വച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ നടന്നു. ജനുവരി 24-ാം തീയതി മുതൽ ജനുവരി 26-ാം തീയതി വരെ തൃശൂർ അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ വെച്ച് Young Senior Sisters നായി രണ്ട് ദിവസത്തെ കോഴ്സ് വെച്ച് സംഘടിപ്പിച്ചു. പ്രസ്തുത കോഴ്സിൽ ബ. ഫാ. ആന്റണി സജി വടക്കേമുറി V C ക്ലാസ്സെടുത്തു. കുടുംബ വർഷത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽ നടക്കുന്ന ഹോം മിഷൻ പരിപാടിയുടെ മുന്നൊരുക്കമായി ജനുവരി 26-ാം തീയതി 7.00 pm ന് ഡോ. സി. ഷെറിൻ CHF ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കുടുംബ പ്രേഷിതത്വത്തെ സംബന്ധിച്ച online ഓറിയന്റേഷൻ പ്രോഗ്രാമിൽ എല്ലാ ഭവനങ്ങളിലെയും സിസ്റ്റേഴ്സ് സംബന്ധിച്ചു.

### സി. എച്ച്. എഫ്. നവജ്യോതി പ്രോവിൻസ്

സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിന്റെ പ്രോവിൻസ് ഡേയിൽ പ്രോവിൻസിലെ എല്ലാ കോൺവെന്റുകളിലെയും സുപ്പീരിയേഴ്സ് പങ്കുചേർന്നു. തൃശ്ശൂർ അതിരൂപതയിൽ നവാഭിഷിക്തരായ 13 വൈദികർ ഒന്നിച്ച് ദിവ്യബലിയ്ക്ക് കാർമ്മികത്വം വഹിച്ചു.

തുടർന്ന് നടന്ന സ്നേഹവിരുന്നിനിടയിൽ നവവൈദീകരെയും സി ആർ ഐ യുടെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയിൽ നടന്ന കരോൾ ഗാനമത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ സിസ്റ്റേഴ്സിനെയും അനുമോദിച്ചു. തൃശ്ശൂർ അതിരൂപതയുടെ സി ആർ ഐ എക്സിക്യൂട്ടീവ് മെമ്പറായി സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും സി. ഹെലൻ റോസ് തിരഞ്ഞെടുക്കപ്പെട്ടു. സ്കൂളിന്റെ വാർഷിക ദിനാഘോഷ ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ് അധ്യക്ഷപദം അലങ്കരിച്ച് സംസാരിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബഹു.ഫാ. ജോൺ പേരാമംഗലത്തിന്റെ നേതൃത്വത്തിൽ SSLC, +2 പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി ആരാധനയും പ്രാർത്ഥനാ ശുശ്രൂഷയും നടത്തി. ഒളരിക്കര ഇടവക വികാരിയും നവജ്യോതി പ്രൊവിൻഷ്യലേറ്റ് കപ്ളോനുമായ ഫാ.ജോയ് ചിറ്റിലപ്പള്ളിയുടെ നാമഹേതുക തിരുനാൾ നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ സമുചിതമായി ആഘോഷിച്ചു. അയ്യന്തോൾ നിർമ്മല, അരണാട്ടുകര ഇൻഫന്റ് ജീസസ്, വടക്കാഞ്ചേരി സെന്റ് പയസ് Xth, ഒളരിക്കര ലിറ്റിൽ ഫ്ളവർ എന്നീ സ്കൂളുകളുടെ വാർഷിക ദിനാഘോഷചടങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് അധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു. ജനുവരി 25 -ാം തിയ്യതി 1952 മുതൽ 1978 വരെ ആദ്യവ്രതാർപ്പണം നടത്തിയ സിസ്റ്റേഴ്സിന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഗ്യാതറിംഗ്, 2 G Grow & Glow പ്രോഗ്രാം നടത്തി. സെന്റ് ജോസഫ് മെന്റൽ ഹോം ഡയറക്ടർ റവ. ഫാ. രാജു അക്കര ക്ലാസ്സെടുക്കുകയും ഒളരിക്കര ഇടവക കൊച്ചച്ചൻ ഫാ. ജോൺ പേരാമംഗലം ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ഇൻഫന്റ് ജീസസ് ഹൈസ്കൂളിന്റെ ബാസ്ക്കറ്റ് ബോൾ കോർട്ട് ഉദ്ഘാടനത്തിന് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് പങ്കെടുത്തു. ജനുവരി 30-ാം തിയ്യതി സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ ജീവകാരുണ്യ പ്രവർത്തനത്തിന് കൈത്താങ്ങായി കാർഷിക വിപണന മേളയും ബിരിയാണി ചലഞ്ചും നവജ്യോതി അഗ്രോ ഫെസ്റ്റ് 2K25 നടത്തപ്പെട്ടു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ 1979 മുതൽ 1996 വരെ ആദ്യവതാർപ്പണം നടത്തിയ സിസ്റ്റേഴ് സിന്റെ ബാച്ച് ഗ്യാതറിങ് 2G grow and glow രണ്ടുദിവസങ്ങളിലായി നടത്തപ്പെട്ടു. ഒളരി ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോകുന്ന വികാരി ഫാ. ജോയ് ചിറ്റിലപ്പിള്ളിയ്ക്കും കൊച്ചച്ചൻ ഫാ. ജോൺ പേരാമംഗലത്തിനും ക്രിസ്റ്റീന ഹോം ഡയറക്ടറായ ഫാ. പോൾസൺ തട്ടിലിനും നവജ്യോതി പൊവിൻഷ്യൽ ഹൗസിൽ വച്ച് യാത്രയയപ്പ് നൽകി.തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ഫെബ്രുവരി 2

സമർപ്പിതദിനത്തിൽ നടന്ന ദിവ്യബലിയിലും സ്നേഹവിരുന്നിലും സി എച്ച് എഫ് സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസും നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലും പങ്കെടുത്തു.

**എസ്.എ.ബി.എസ്.**

തൃശൂർ ഡിബിസിഎൽസിൽ സന്യാസാർത്ഥികൾക്കായി ആരംഭിച്ച തിയോളജി കോഴ്സിൽ പോസ്റ്റുലൻസ് 8 പേർ ജനുവരി 1 മുതൽ സംബന്ധിക്കുന്നു. പ്രൊവിൻഷ്യൽ കൗൺസിലേഴ്സായിരുന്ന സി. ഡോ. റൂബി തെരേസ് ഇടശ്ശേരി, സി. ഉഷാ മാർഗരറ്റ് കുരിശിങ്കൽ എന്നിവരെ യഥാക്രമം വേലൂപ്പാടം, കുട്ടനെല്ലൂർ ഭവനസമൂഹങ്ങളിൽ കൊണ്ടുപോയാക്കി. സന്യാസാർത്ഥികൾക്കായി ഡിബിസിഎൽസി ൽ നടക്കുന്ന തിയോളജി കോഴ്സിൽ ജനുവരി 3 മുതൽ ആസ്പിരൻസ് സംബന്ധിക്കുന്നു. സി. എൽസീന കള്ളിവളപ്പിലിന്റെ നേതൃത്വത്തിൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ജനുവരി 10 മുതൽ 3 ദിവസത്തെ ധ്യാനം ആരംഭിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ മേഴ്സിറ്റ കണ്ണമ്പുഴ ആമുഖ സന്ദേശം നൽകി.

കുട്ടനെല്ലൂർ സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂളിന്റെ 80-ാമത് വാർഷിക പരിപാടികളിൽ മദർ മേഴ്സിറ്റ കണ്ണമ്പുഴ അനുഗ്രഹപ്രഭാഷണം നടത്തുകയും മദർ സോഫി പെരേപ്പാടൻ, റിട്ടയർ ചെയ്യുന്ന ലിംസി ടീച്ചറുടെ ഫോട്ടോ അനാച്ഛാദനം ചെയ്ത് സംസാരിക്കുകയും ചെയ്തു. തൃശൂർ നിർമ്മൽ റാണി പ്രോവിൻ സിന്റെ രജത ജൂബിലി വർഷത്തിന് ജനുവരി 11 ന് അതിരൂപതാ വികാരി ജനറാൾ പെ. ബ. ജോസ് കോനിക്കര അച്ചന്റെ മുഖ്യകാർ മ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിമധ്യേ ജൂബിലി തിരി തെളിച്ച് ആരംഭം കുറിച്ചു. തൃശൂർ സി ആർ ഐ യൂണിറ്റിന്റെ പ്രസിഡന്റ് എന്ന നിലയിൽ മദർ സോഫി പെരേപ്പാടൻ ജനുവരി 11 ന് 3 വർഷം പൂർത്തിയാക്കി. മദറിന്റെ നിസ്വാർത്ഥ സേവനങ്ങൾ നന്ദിയോടെ ഓർക്കുന്നു. ജനുവരി 13ന് മേരിമാതാ മേജർ സെമിനാരിയിൽ Posthumanism and Anthropology എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സിംപോസിയത്തിൽ സി. സുമ തെരേസ് പെരേപ്പാടൻ മോഡറേറ്ററായി. ആസ്പിരൻസ്, പോസ്റ്റുലൻസ് അവരുടെ ഡിറക്ട്റ്റേഴ്സിനൊപ്പം ഇതിൽ സംബന്ധിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയിലുള്ള പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കണ്ടെത്തുവാൻ ജനുവരി 13 ന് പരിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ച് ജാഗരണപ്രാർത്ഥന നടത്തി. സഭാസ്ഥാപകനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 152 -ാം ജന്മദിനം കാരിസം ഡേ, എല്ലാ ഭവനസമൂഹങ്ങളിലും വിവിധ പരിപാടികളോടെ നടത്തി. മേരിമാതാ മേജർ സെമിനാരി നടത്തിയ 6 മാസത്തെ Online Youth Animation

Certificate Course പൂർത്തിയാക്കിയ സി. ആൻലിയ ഊക്കൻ, സി. ഹെലൻ ഗ്രെയ്സ് പുളിക്കൻ പുത്തൻവീട് എന്നിവർക്ക് അഭിനന്ദനങ്ങൾ ജൂനിയർ സിസ്റ്റേഴ്സിനായി എസ് എ ബി എസ് ജനറലേറ്റ് നേതൃത്വം നൽകുന്ന സയൺ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ 2024–25 ബാച്ചിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ തൃശൂർ നിർമ്മൽ റാണി പ്രോവിൻസിലെ സി. ഓസ്വിൻ കൈതാരന് പ്രോവിൻസിന്റെ അഭിനന്ദനങ്ങൾ. ജനുവരി 20 മുതൽ 25 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നടന്ന ജനറൽ സിനാക്സിസ് ചർച്ചാ സമ്മേളനത്തിൽ മദർ മേഴ്സിറ്റ കണ്ണമ്പുഴ, മദർ സോഫി പെരേപ്പാടൻ, സി. ടെസ്മി തെക്കിനിയത്ത്, സി. എലിസബത്ത് പതിപറമ്പൻ, സി. അൽഫോൻസ മൂഞ്ഞേലി എന്നിവർ പങ്കെടുത്തു. ജനുവരി 26 മുതൽ 30 വരെ ജനറലേറ്റ് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രൊവിൻഷ്യൽ ടീമുകൾക്കുമായി മൂവാറ്റുപുഴ NESTT ൽ സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിൽ മദർ മേഴ്സിറ്റ കണ്ണമ്പുഴയും കൗൺസിലേഴ്സ് 4 പേരും പങ്കെടുത്തു.

**സി.എം.സി.**

സി.എം.സി സഭാസ്ഥാപകനായ വി. ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജനുവരി 2 ന് മാന്നാനത്ത് നടന്ന ആഘോഷമായ തിരുകർമങ്ങളിൽ സിസ്റേറഴ്സും, Decennial speech Competition ൽ വിജയികളായ കുട്ടികളും പങ്കെടുക്കും പിതാവിന്റെ കബറിടം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. മൂന്ന് ദിവസത്തെ വ്രതങ്ങളെക്കുറിച്ചുള്ള ധ്യാനത്തിനുശേഷം ജനുവരി 6 ദനഹാതിരുനാളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ തന്റെ സന്ദേശം ഓഡിയോ ക്ലിപ്പ് വഴി നൽകുകയും ദിവ്യബലി മദ്ധ്യേ സിസ്റേറഴ്സ് വ്രതനവീകരണം നടത്തുകയും ചെയ്തു. ജനു. 3ന് സെന്റ് റാഫേൽ സി ജി എച്ച് എസ് എസ് സ്കൂളിന്റെ രജതജൂബിലി സമാപന ആഘോഷങ്ങൾ നടത്തി.

കറുകുറ്റി സി.എം.സി സാൻജോഭവൻ ക്ലോയ്സ്റ്റേർഡ് കോൺവെന്റിൽ പുതിയ പ്രൊവിൻഷ്യൽ ടീം പ്രാർഥനാദിനങ്ങൾ ചെലവഴിച്ചു. ജനു.15 ന് നടന്ന ചെറളയം ഹോളി ചൈൽഡ് സി ജി യു പി സ്കൂളിന്റെ ശതാബ്ദി സമാപന സമ്മേളനത്തിൽ തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്യുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ അധ്യക്ഷത വഹിക്കുകയും ചെയ്തു. 16 ന് അവിക്ത തൃശൂർ പ്രോവിൻസിലെ 23 ഗോൾഡൻ ജൂബിലി അമ്മമാർ കോലഴിയിൽ ഒന്നിച്ചുകൂടി പരസ്പരം സ്നേഹവും സൗഹൃദവും പങ്കുവെച്ചു.

ജനുവരി 18ന് തൃശൂർ നിർമല പ്രോവിൻസിലെ 7 സിസ്റേറ

ഴ്സിന്റെ ഗോൾഡൻ ജൂബിലിയും 9 സിസ്റേഴ്സിന്റെ സിൽവർ ജൂബിലിയും, കുരിയച്ചിറ സെന്റ് പോൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമംഗളം നടന്നു. 19 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വിവിധ സെക്രട്ടറിയേറ്റ്, കമ്മിറ്റി അംഗങ്ങളുടെ സംയുക്ത മീറ്റിംഗ് കൂടുകയുണ്ടായി. ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച അതിരൂപതയിലെയും സി.എം.ഐ കോയമ്പത്തൂർ, സാഗർ പ്രോവിൻസുകളിലെയും നവവൈദീകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഊഷ്മളമായ വരവേല്പ് നല്കി.

വത്തിക്കാന്റെ പൊന്തിഫിക്കൽ മാധ്യമ കാര്യാലയം ഒരുക്കിയ അന്താരാഷ്ട്ര മാധ്യമസമ്മേളനത്തിൽ പാനലിസ്റ്റ് ആയി ആദ്യ ഇന്ത്യാസ് മലയാളി ക്യാമറ നൺ' എന്നറിയപ്പെടുന്ന സി. ലിസ്മി പാറയിൽ സി.എം.സി സവിശേഷ ബഹുമതിക്കായി തെരഞ്ഞെടുക്കപ്പെട്ടു.

നിർമലോദയ മിഷൻ സുപ്പീരിയർ ആയി സി. മരിയറ്റിനെയും കൗൺസിലേഴ്സ് ആയി സി. മരീന, സി. ജൂലി മരിയ എന്നിവരെയും ഫിനാൻസ് സെക്രട്ടറിയായി സി. മേഴ്സിലിനെയും തെരഞ്ഞടുത്തു.

27 ന് ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ നേഴ്സിങ് സ്കൂളിന്റെ രജതജൂബിലി സമാപനചടങ്ങും Lamp Lighting Ceremony യും ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ഉദ്ഘാടനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ അധ്യക്ഷത വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും വിവിധ സ്കൂളുകളിലെ ഫെയർവെൽ പ്രോഗ്രാമുകളിൽ അധ്യക്ഷത വഹിക്കുകയുണ്ടായി.

**സി.എസ്.സി.**

സന്യാസ സമർപ്പണത്തിന്റെ 50 വർഷം പൂർത്തിയാക്കിയ 15 സിസ്റ്റേഴ്സിന്റേയും 25 വർഷം പൂർത്തിയാക്കിയ 20 സിസ്റ്റേഴ്സിന്റേയും വ്രതവാഗ്ദാന സുവർണ്ണ രജത ജൂബിലി 2025 ജനുവരി 25 ന് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടത്തി. സമർപ്പണ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ഘോഷിച്ച മരിയ പ്രവിശ്യയിലെ 5 സഹോദരിമാർക്കും രജത ജൂബിലി ഘോഷിച്ച 11 സഹോദരിമാർക്കും കൂർക്കഞ്ചേരി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഊഷ്മളമായ സ്വീകരണം നൽകി. സി എസ് സി സഹയാത്ര' സന്ദർശിച്ച സ്ഥലങ്ങൾ കല്ലൂർ, പുലക്കാട്ടുകര, ചിറ്റിശ്ശേരി, തൈക്കാട്ടുശ്ശേരി.

**സി. എസ്. എസ്.**

നവീകരണധ്യാനത്തിന് ഒരുക്കമായി സ്നേഹോദയ പ്രൊവിൻസിലെ എല്ലാഭവനങ്ങളിലും ദിവ്യകാരുണ്യ ആരാധന നടത്തി. ആദ്യ ബാച്ച് നവീകരണധ്യാനം പരിയാരം സി. എസ്. ആർ ധ്യാന കേന്ദ്രത്തിൽ വച്ച് സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ ജനുവരി 13 മുതൽ 19 വരെയുള്ള തിയതികളിൽ നടത്തപ്പെടുകയും അതിൽ 45 സഹോദരിമാർ പങ്കെടുക്കുകയും ചെയ്തു. മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂൾ സിൽവർ ജൂബിലി സമുചിതമായി ആഘോഷിച്ചു. പെരിയ ബഹുമാനപ്പെട്ട മോൺ. ജോസ് കോനിക്കര കൃതജ്ഞതാബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ചാപ്ലയിൻ റവ. ഫാ. ലിൻസൻ തട്ടിൽ, റവ. ഫാ.ജോയ്സ് എസ്. ഡി. ബി. എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്നുള്ള പൊതുസമ്മേളനത്തിന് റവന്യുമന്ത്രി ശ്രീ. കെ. രാജൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. സുപ്പിരീയർ ജനറൽ റവ. സി. അൽഫോൻസ അദ്ധ്യക്ഷയായിരുന്നു. ജനുവരി 25 സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപനദിനത്തിൽ ആറ്റത്തറയിൽ, സ്നേഹജ്യോതി കോൺവെന്റിന്റെ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനകർമ്മം നടത്തപ്പെട്ടു. സ്നേഹോദയ പ്രൊവിൻസിലെ സുപ്പീരീയേഴ്സിനായി ധോണി ധ്യാനകേന്ദ്രത്തിൽ വച്ച് ജനുവരി 26 – 31 വരെയുള്ള തിയതികളിൽ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന് റവ. ഫാ. റെനി പുല്ലുകാലായിൽ നേതൃത്വം നല്കുകയും ചെയ്തു.

## ആദരാഞ്ജലികൾ



23.01.2025: എഫ് സി സി തിരൂർ സിയോൻ റിന്യൂവൽ സെന്റർ മഠാംഗമായ സി. ഓസ്വിൻ 2025 ജനുവരി 23-ാം തീയതി വ്യാഴാഴ്ച രാവിലെ 7.00 ന് നിര്യാതയായി. 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.15ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ തിരൂർ സിയോൻ റിന്യൂവൽ സെന്റർ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്ക്കരിച്ചു.



സി.എസ്.എം ലൂർദ് നാഥ പ്രൊവിൻസ് അംഗമായ ബഹുമാനപ്പെട്ട സിസ്റ്റർ ലീദിയ (91) 9/12/2024 വൈകുന്നേരം 7 മണിക്ക് ആത്മ ത്തിന് വേണ്ടുന്ന കൂദാശകൾ എല്ലാം സ്വീക രിച്ചു കർത്താവിൽ നിദ്ര പ്രാപിച്ചു. പരേത അമ്മാടം അരിമ്പൂർ കുടുംബത്തിലെ പരേത രായ ഇനാശു, ലിസ ദമ്പതികളുടെ മകളാണ്. തൃശൂർ ലൂർദ് നാഥാ, മൂന്നുമുറി, താവളം, പൊന്നുക്കര, പുത്തൂർ, എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചതിനു ശേഷം 2014 മുതൽ പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**ജോളി ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

സെബദീപുത്രൻമാരുടെ
അഭ്യർഥന
**നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം.**
**(മത്താ 20,27)**

# ₹ സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ എന്നിവയുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയ പരിധി കഴിഞ്ഞിരിക്കുകയാണ്. ഇനിയും തെരട്ട് സമർപ്പിക്കാനുള്ള ഏതാനും ചില ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ എന്നിവർ മാർച്ച് 31 ന് മുൻപ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

**2. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2025 മാർച്ച് 15 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST, മതപരവും ചാരിറ്റബിളുമായ ട്രസ്റ്റുകളെക്കുറിച്ചുള്ള നിയമങ്ങൾ എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും പറഞ്ഞയക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ഫ്രാൻസിസ്പള്ളിക്കുന്നത്ത്**
ഫിനാൻസ് ഓഫീസർ

**ഫാ. സാജൻ വടക്കൻ**
അസി. ഫിനാൻസ്
ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഇശോയുടെ പ്രിയ കുഞ്ഞുമക്കളെ,

എല്ലാവരും സുഖമായിരിക്കുന്നല്ലോ? പരീക്ഷകൾക്ക് എല്ലാവരും ഒരുങ്ങിയോ? നോമ്പുകാലത്തേക്കുകൂടി നാം പ്രവേശിക്കുകയാണല്ലാ. വളരെയധികം ഒരുക്കവും പരിത്യാഗവും ആവശ്യമായിരിക്കുന്ന സമയമാണിത്. നമ്മുടെ ഒരുക്കം എങ്ങനയോ അതുപോലെയായിരിക്കും ഫലവും. അതു പരീക്ഷയാണെങ്കിലും നോമ്പാണെങ്കിലും. ഈശോ മൂന്നുവർഷത്തെ പരസ്യജീവിതത്തിന് ആമുഖമായി 30 വർഷം നീണ്ട ഒരുക്കവും കാത്തിരിപ്പും നടത്തി. അതിന്റെ പൂർണ്ണതയാണ് മൂന്ന് വർഷത്തെ പരസ്യജീവിതം. വെറും മൂന്നുവർഷത്തെ പരസ്യജീവിതം കൊണ്ട് ഇന്നും ലോകം മുഴുവനെയും ചിന്തിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും പ്രചോദനം നൽകുകയും ചെയ്യുന്ന നേതാവും രക്ഷകനുമായി അവിടുന്നു മാറി. പ്രിയമുള്ള കൂട്ടുകാരെ, ഏതൊരു കാര്യത്തിനും പിറകിൽ നമ്മൾ നടത്തുന്ന ഒരുക്കത്തിന് വലിയ വിലയുണ്ട് എന്ന് തന്നെയാണ്.


ഇനി, എങ്ങനെയാണ് നമ്മൾ ഒരുങ്ങേണ്ടത്? കൂട്ടുകാരെ, എല്ലാ ഒരുക്കങ്ങൾക്കും പിന്നിൽ മാനുഷികമായ അധ്വാനവുമുണ്ട്, ദൈവികമായ ഇടപെടലുമുണ്ട്. ഇതു രണ്ടും ഒത്തു ചേരുമ്പോഴേ അധ്വാനം വിജയത്തിലെത്തൂ. അതുകൊണ്ട്, ആദ്യം ദൈവത്തിലാശ്രയിക്കുക. ആ ആശ്രയബോധത്തിൽ നിന്നുകൊണ്ട് അധ്വാനിക്കുക. നമ്മുടെ കഴിവുകളോ അഹങ്കാരചിന്തയോ അല്ല ഭരിക്കേണ്ടത്, മറിച്ച് പരിശുദ്ധ അമ്മയുടേത് പോലുള്ള എളിമയുടെ സമർപ്പമാണ്. അതുകൊണ്ട് പരീക്ഷയ്ക്ക് ഒരുങ്ങുമ്പോൾ പഠിപ്പിച്ച അധ്യാപകരോടുള്ള ബഹുമാനത്തിലും അവരോടുള്ള വിധേയത്വത്തിലും അവരോട് നന്ദി പറഞ്ഞു കൊണ്ടും ഓരോ പാഠഭാഗങ്ങളും ആവേശത്തോടെയും തീക്ഷണതയോടെയും പഠിക്കാം.

നോമ്പുകാലം ഈശോയുടെ കുരിശിന്റെ നിഴലിൽ അണി ചേരാനുള്ള സമയമാണ്. ഈശോയുടെ പരസ്യജീവിതവും പീഡാസഹനവും കുരിശുമരണവും മനുഷ്യവംശത്തെ മുഴുവനും ഉത്ഥാനത്തിലേക്കും രക്ഷയിലേയ്ക്കും നയിച്ചു. ഈ നോമ്പുകാലത്ത് ത്യാഗ

ത്തോടെ നമ്മൾ നടത്തുന്ന ഓരോ കൊച്ചു സമർപ്പണത്തിനും പരിത്യാഗത്തിനും ദൈവസന്നിധിയിൽ രക്ഷാകരമായ വിലയുണ്ട്. ഈശോയെപ്രതി മധുരം ഉപേക്ഷിക്കുന്നതും വാട്സാപ്പ് , ഇൻസ്റ്റാഗ്രാം നിയന്ത്രിക്കുന്നതും ഉപേക്ഷിക്കുന്നതും നമ്മുടെ ജീവിത നവീകരണത്തിനും ആത്മീയ വളർച്ചയ്ക്കും കാരണമാകും.

ഇങ്ങനെ മാതൃകാപരമായ ജീവിതം നയിച്ച് മറ്റുള്ളവർക്ക് ഈശോയെ കാണിച്ചു കൊടുക്കാനും അതുവഴി സുവിശേഷത്തിനു സാക്ഷ്യം നൽകാനും നിങ്ങൾക്ക് സാധിക്കട്ടെ. അങ്ങനെ ഈ ജൂബിലി വർഷത്തിൽ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തതു പോലെ 'പ്രത്യാശയുടെ തീർത്ഥടകരാകാൻ നമുക്ക് പരിശ്രമിക്കാം. നമ്മെ ദർശിക്കുന്നവർക്ക് പ്രത്യാശയുടെ മുഖമാകാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 09, 16, 23 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ ബഹു.വൈദികരോടും പ്രിൻസിപ്പൽമാരോടും എല്ലാ വിശ്വാസ പരിശീലകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാകയാൽ, അവധിക്കാലത്തും തുടരാവുന്നവിധത്തിൽ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**1. കേന്ദ്രീകൃത മൂല്യനിർണ്ണയം – വിശ്വാസപരിശീലനകേന്ദ്രത്തിൽ**

a) ACC & XII ക്ലാസ്സുകളിലെ ഉത്തരകടലാസ്സുകളുടെ മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ക്രിസ്റ്റ്യൻ ചെയറിന്റെ മേൽനോട്ടത്തിൽ നടത്തുന്നു.

b) Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർ

ണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ട താണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Std. XII : 2025 മാർച്ച് 2 ഞായർ

ACC : 2025 മാർച്ച് 9, 16 ഞായറാഴ്ചകളിൽ

Time : 9.30 pm - 4.30 pm

വിശുദ്ധ കുർബാനയും ഭക്ഷണവും ഇവിടെ ക്രമീകരിച്ചിട്ടുണ്ട്.

**2. കേന്ദ്രീകൃത മൂല്യനിർണ്ണയം യൂണിറ്റ് തലത്തിൽ Std. 1 to XI**

തിയതി : മാർച്ച് 2 ഞായർ

**3. Mark List & Internal Assessment Mark Upload**

ആരംഭം – മാർച്ച് 2

അവസാന തിയതി – മാർച്ച് 10

വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും സോഫ്റ്റ്വെയറിൽ കൃത്യസമ യത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ്വെയ റിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം കൂടിയെ തീരു.

**4. Annual Re-examination for Absentees and failed**

പരീക്ഷാ തിയതി – മാർച്ച് 16 ഞായറാഴ്ച്ച, യൂണിറ്റുകളിൽ.

ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ വാർഷിക പരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വ ത്തിൽ പ്രത്യേക പരീക്ഷ (Re-Examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുതന്നെയാണ് തയ്യാറാക്കേ ണ്ടത്. ഈ പരീക്ഷകളുടെ മാർക്കുകൾ സ്കോളർഷിപ്പിനോ സമ്മാ നങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. ഇപ്രകാരം നടത്തുന്ന പരീക്ഷയിലും പങ്കെടുക്കാതിരിക്കുകയോ ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയോ ചെയ്യുന്നവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവു ന്നതാണ്. റി എക്സാമിനേഷൻ രജിസ്ട്രേഷൻ സോഫ്റ്റ്വെയറിൽ നടത്തേണ്ടതാണ്.

**5. Scholarship Examination - April 05 Saturday**

സ്കോളർഷിപ്പ് പരീക്ഷ Std. IV, VII, X ക്ലാസ്സുകളിലെ അർദ്ധ വാർഷിക വാർഷിക പരീക്ഷകളിൽ (അതിരൂപതാതലത്തിലുള്ള

ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷയെഴുതിയ വിദ്യാർത്ഥി കൾക്കുമാത്രം) 90 ശതമാനമോ അതിൽ കൂടുതലോ ലഭിച്ചവർക്കു മാത്രം. പരീക്ഷാ തിയതി ഏപ്രിൽ 05 ശനിയാഴ്ച്ച ഡിബിസിഎൽ സിയിൽ. സമയം രാവിലെ 10 മുതൽ 12 വരെ.

**6. Basic C T C Course**

1st Batch April 4 - 6 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ കാലത്ത് 10.30 ന് അവസാനിക്കുന്നു.

2nd Batch April 25 to 27 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

Venue- DBCLC; കോഴ്സ് ഫീസ് 400 രൂപ മാത്രം.

വിശ്വാസപരിശീലകരായി നിയമിക്കപ്പെട്ട് ആദ്യത്തെ 3 വർഷത്തി നുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപത വിശ്വാസ പരിശീലനകേന്ദ്രം നിശ്ചയിച്ചിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലന കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേട ണം. സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമേ ഈ കോഴ്സിൽ പ്രവേശിപ്പിക്കുകയുള്ളൂ. ബഹുമാനപ്പെട്ട വൈദികരും പ്രിൻസിപ്പൽ മാരും മുൻകൈയെടുത്ത് സിടിസി കോഴ്സിൽ പങ്കെടുക്കാത്ത വിശ്വാസപരിശീലകരെ കോഴ്സിൽ പങ്കെടുപ്പിക്കുമല്ലോ. രജിസ്ട്രേ ഷൻ സോഫ്റ്റ്വെയർ മുഖാന്തിരം.

**7. ACC, XII Re-Examination, Improvement Examination**

2025 April 26, Saturday

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാ ത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കി ല്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണ മെന്നുള്ളവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 22, രജിസ്ട്രേഷൻ ഫീസ് 100 രൂപ.

| | |
|---|---|
| പരീക്ഷാ തിയതി | – ഏപ്രിൽ 26 ശനിയാഴ്ച്ച |
| പരീക്ഷാകേന്ദ്രം | – ഡിബിസിഎൽസി |
| സമയം | – 12–ാം ക്ലാസ്സ് രാവിലെ 10 മുതൽ 12 വരെ. |
| | – എ.സി.സി. ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ |

**8. Advanced C T C Course**

ഒരു ബാച്ച് മാത്രം 2 ഞായറാഴ്ചകളിലായി നടത്തുന്നു. ബേസിക്

സി ടി സിയിൽ പങ്കെടുത്ത് 10 വർഷമെങ്കിലും കഴിഞ്ഞവരാണ് ഈ കോഴ്സിൽ പങ്കെടുക്കേണ്ടത്. കോഴ്സ് ഫീസ് 400 രൂപ മാത്രം.

Day -1 May 4 Day 2- May 11 കാലത്ത് 9.30 നു തുടങ്ങി വൈകിട്ട് 4 ന് അവസാനിക്കുന്നു. രണ്ട് ദിവസവും പങ്കെടുത്തവർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. രജിസ്ട്രേഷൻ സോഫ്റ്റ്വെയർ മുഖാന്തിരം.

**9. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**8. Aptitude Rank List 2024- 25**

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ

Ist RANK



**Mary Jesna K A**
Kundannur

IInd RANK



**Maya Sanker**
Vellattanjoor

IIIrd RANK



**Jeena Sunil**
Kundannur

IIIrd RANK



**Jincy Joseph**
Machad

| Rank | Name | Unit |
|---|---|---|
| 4. | Dr. Lucy K M | Mannuthy |
| 5. | Miss. Dimple Benny | Thrissur Lourdes |
| 6. | Rev. Sr. Ancy O P | Ollukkara |
| 7. | Miss. Princy Saju | Ollur Mary Matha |
| 8. | Miss. Treesa George | Mukkattukara |
| 9. | Miss. Sneha James | Chittattukara |

| | | |
|---|---|---|
| 9. | Mr. Joe Kizhakooden | Olarikkara |
| 10. | Miss. Laly paul | Ollur Mary Matha |

**10. Best model unit, second best model unit & model units**

<u>The best model unit in Archdiocese</u>

St. Thomas Church, Brahmakulam

<u>Second best model unit in Archdiocese</u>

St. Mary's church, nenmanikkara

| | | |
|---|---|---|
| Chelakkara Forane | - | Mullurkara |
| Erumapetty forane | - | Parempadam |
| Kandassankadavu Forane | - | Veluthur |
| Kottekad Forane | - | Kolengattukara |
| Mattom Forane | - | Mattom |
| Ollur Forane | - | Ollur Marymatha |
| Palayur Forane | - | Brahmakulam |
| Parappur Forane | - | Ambakkad |
| Pattikad Forane | - | Koottala |
| Pazhuvil Forane | - | Peringottukara |
| Pudukad Forane | - | Nenmanikkara |
| Puthur Forane | - | Ponnukkara |
| Thrissur Cathedral Forane | - | Paravattani |
| Thrissur Dolours Forane | - | Ayyanthole |
| Velur Forane | - | Thandilam |
| Wadakkanchery Forane | - | Machad |

**11. സർവ്വീസ് അവാർഡ് ദിനം**

എല്ലാ വിശ്വാസപരിശീലകർക്കും നന്ദിയും അഭിനന്ദനവുമേകിക്കൊണ്ട് തൃശൂർ അതിരൂപത വിശ്വാസപരിശീലന അവാർഡ് ദിനം ജനുവരി 26 ഞായറാഴ്ച്ച ഡി.ബി.സി.എൽ.സി.യിൽ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. വികാരി ജനറൽ മോൺ. ജോസ് കോനിക്കര ആശംസകൾ നൽകി. ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ ആമുഖ പ്രഭാഷണം നടത്തി. റവ. ഡോ. ലിജോ ചാലിശ്ശേരി സ്വാഗതവും റവ. ഫാ. ജിക്സൻ മാളോക്കാരൻ നന്ദിയും പറഞ്ഞ് യോഗം പര്യവസാനിച്ചു. ബ്രഹ്മകുളം ഇടവക വികാരി റവ. ഫാ. ഡേവീസ് പനംകുളം,

നെൻമണിക്കര ഇടവക വികാരി റവ. ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ, വിരമിക്കുന്ന അധ്യാപകർ ശ്രീ. ജോസഫ് ചാക്കേരി, ശ്രീ. ഡേവിസ് സി. എ. എന്നിവർ മറുപടി വാക്കുകളിലൂടെ നന്ദി പ്രകാശിപ്പിച്ചു. വിശ്വാസപരിശീലനരംഗത്ത് നിന്ന് വിരമിക്കുന്ന അധ്യാപകരെ യോഗത്തിൽ ആദരിച്ചു. അതിരൂപതയിൽ വളരെ മികച്ച രീതിയിൽ വിശ്വാസപരിശീലനം നടത്തുന്ന ബെസ്റ്റ് മോഡൽ യൂണിറ്റ് ബ്രഹ്മകുളം ഇടവകയ്ക്കും, സെക്കണ്ട് മോഡൽ യൂണിറ്റ് നെൻമണിക്കര ഇടവകയ്ക്കും, ഫൊറോന തലത്തിലുള്ള 16 മോഡൽ യൂണിറ്റുകൾക്കും, 71 'A' ഗ്രേഡ് മോഡൽ യൂണിറ്റുകൾക്കും സമ്മാനം നൽകി ആദരിച്ചു. 45, 35, 25, 15 വർഷങ്ങൾ വിശ്വാസപരിശീലനം നടത്തിയ അധ്യാപകർ, 20 വർഷങ്ങൾ, 10 വർഷങ്ങൾ മുടങ്ങാതെ വന്ന അധ്യാപകർ, യോഗ്യതാ പരീക്ഷയിൽ ഉന്നത വിജയം നേടിയ അധ്യാപകർ, കൃത്യതയോടെ വചനം വായിച്ച് യേശുവിനെ കൂടുതലായി അറിയാൻ ശ്രമിച്ചവർ എന്നിവർക്കെല്ലാം യോഗത്തിൽ അവാർഡുകൾ നൽകി.

**12. യാത്രാമംഗളങ്ങളും സ്വാഗതാശംസകളും**

2022 ഫെബ്രുവരി 2-ാം തിയ്യതി അതിരൂപതാ വിശ്വാസപരിശീലന പ്രിൻസിപ്പൽമാർ, കാറ്റകറ്റിക്കൽ കൗൺസിലർമാർ എന്നിവരുടെ സംയുക്തയോഗത്തിൽ വെച്ച് സ്ഥലം മാറിപ്പോകുന്ന വൈദികർക്ക് യാത്രാമംഗളങ്ങൾ നേർന്നു.

1. റവ. ഡോ. ഫ്രാൻസിസ് ആളൂർ

5 വർഷമായി ഡയറക്ടർ എന്ന നിലയിൽ വിശ്വാസപരിശീലന കേന്ദ്രത്തിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് മറ്റം ഫൊറോന വികാരിയായി മാറിപ്പോകുന്ന പ്രിയപ്പെട്ട ബഹു. ഫ്രാൻസീസച്ചന് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ.

2. റവ. ഡോ. ലിജോ ചാലിശ്ശേരി

അസി. ഡയറക്ടർ എന്ന നിലയിൽ നാലു വർഷത്തെ സേവനം കൊണ്ട് ഏവരുടേയും സ്നേഹവും ആദരവും പിടിച്ചുപറ്റിയ ലിജോ അച്ചന് ഏറെ നന്ദി. മേജർ സെമിനാരിയിലേക്ക് അധ്യാപകനായി പോകുന്ന അച്ചന് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

3. റവ. ഫാ. സിജോ മുരിങ്ങാത്തേരി

അസി. ഡയറക്ടർ എന്ന നിലയിൽ കഴിഞ്ഞ നാലു വർഷങ്ങൾ അതിരൂപതാ വിശ്വാസപരിശീലന ശുശ്രൂഷകൾക്ക് നൽകിയ സേവനങ്ങൾക്ക് ബഹു. സിജോ അച്ചന് ഏറെ നന്ദി. മനക്കൊടി സാവിയോ ഹോം അസി. ഡയറക്ടറായി പോകുന്ന അച്ചന് പ്രാർത്ഥനാശംസകൾ നേരുന്നു.

അതിരൂപത വിശ്വാസപരിശീലനകേന്ദ്രം പുതിയ സാരഥികൾ

ഡയറക്ടർ - ഫാ. സൈജോ തൈക്കാട്ടിൽ, അസി. ഡയറക്ടർമാർ - ഫാ. സനൽ തോമസ് മാളിയേക്കൽ, ഫാ. പോൾ മുട്ടത്ത്. ഏവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സസ്നേഹം,

**ഫാ. സനൽ മാളിയേക്കൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. പോൾ മുട്ടത്ത്**
അസി. ഡയറക്ടർമാർ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

## മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം**

പുതുവർഷത്തിലെ പ്രഥമ മാസധ്യാനത്തിന് (ജനുവരി 10) ബഹുമാനപ്പെട്ട സിജോൺ കുഴിക്കാട്ടുമ്യാലിലച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. മനഃശാസ്ത്ര ചിന്തകളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തലിനുള്ള ഒരു വേദിയായി മാസധ്യാനം മാറി.

**നവവൈദികർക്ക് സ്വീകരണം**

മേരിമാതാ സെമിനാരിയിൽ തിയോളജി, ഫിലോസഫി പഠനം പൂർത്തിയാക്കി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്കുള്ള സ്വീകരണം യഥാക്രമം ജനുവരി 13, 22 എന്നീ തിയതികളിൽ നടന്നു.

**മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫിക്ക് വത്തിക്കാൻ അംഗീകാരം**

വത്തിക്കാനിലെ ഡിക്കാസ്ട്രി ഫോർ കൾച്ചർ ആൻഡ് എജുക്കേഷൻ, പൂന ജ്ഞാനദീപവുമായി സംയോജിപ്പിച്ച് മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫിയെ ഒരു കാനോനിക് ജൂറിഡിക് പേഴ്സണായി വത്തിക്കാൻ അംഗീകരിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔദ്യോഗിക സ്ഥാപനം തൃശ്ശൂർ അതിരൂപത അധ്യക്ഷനും സി.ബി.സി.ഐ. പ്രസിഡന്റുമായ മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ജനുവരി 14ന് നടത്തപ്പെട്ട പ്രസ്തുത ചടങ്ങിൽ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലംകാവിൽ, ജ്ഞാനദീപ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് ഫിലോസഫിയെ പ്രതിനിധീകരിച്ച് പ്രൊഫ. നിഷാന്ത് ഇരുദയദാസൻ എന്നിവരും പങ്കെടുത്തു. ഇതേ

തുടർന്ന് ബിരുദദാനചടങ്ങും മനോഹരമായി സംഘടിക്കപ്പെട്ടു.

ആഘോഷങ്ങളുടെ ഭാഗമായി ജനുവരി 13ന് ഉത്തര മാനവിക തയെ അടിസ്ഥാനപ്പെടുത്തി ഏകദിന സിംമ്പോസിയം നടത്തപ്പെട്ടു. മാർ പോൾ ആലപ്പാട്ട് ഉദ്ഘാടനം നിർവഹിച്ച സിംമ്പോസിയത്തിൽ മനുഷ്യജീവിതത്തിൽ നിർമ്മിതബുദ്ധി മുന്നോട്ടുവയ്ക്കുന്ന സാധ്യത കളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും ചർച്ചകൾ നടന്നു. ഡോ. സി. ടി. മാത്യു, ഡോ. ഡേവിഡ് നാനാട്ട്, ഡോ. ഡേവിസ് കാവുങ്കൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**എക്യുമിനിക്കൽ മീറ്റ്**

ജനുവരി 19ന് മേരിമാതാ സെമിനാരിയിൽ നടത്തിയ എക്യുമിനി ക്കൽ മീറ്റിൽ വിവിധ സഭകളിലെ പ്രതിനിധികൾ പങ്കെടുത്തു. വൈ കിട്ട് 7.45 ന് സെമിനാരി ചാപ്പലിൽ വെച്ച് നടത്തിയ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട പോൾ പുളിക്കനച്ചൻ കാർമ്മിക നായി. ഡോ. വർഗീസ് മഠത്തികുന്നത്ത് സന്ദേശം നൽകി.

**വിനോദയാത**

ജനുവരി 25 ന് വൈദികവിദ്യാർത്ഥികൾ വിവിധ വിനോദസഞ്ചാര മേഖലകളിലേക്ക് തങ്ങളുടെ ബാച്ചിന്റെ നേതൃത്വത്തിൽ യാത്ര നടത്തി.

**റിപ്പബ്ലിക് ദിനം**

ജനുവരി 26ന് മേരിമാതാ സെമിനാരിയിൽ റിപ്പബ്ലിക് ദിനാ ഘോഷം നടത്തി. അന്നേദിവസം രാവിലെ 6.30 ന് ബഹു. മാത്യു പെരുമ്പള്ളിയച്ചൻ വിശുദ്ധബലി അർപ്പിക്കുകയും സന്ദേശം ന ൽകുകയും ചെയ്തു. തുടർന്ന് നടന്ന ദേശീയപതാക ഉയർത്തൽ ചടങ്ങിന് ബഹു.സെബാസ്റ്റ്യൻ ചാലക്കലച്ചൻ നേതൃത്വം നൽകി.

**അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം**

ജനുവരി 28 ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തായും മേരിമാതാ മേജർ സെമിനാരിയുടെ ചെയർമാനുമായ അഭിവന്ദ്യ ആൻഡ്രൂസ് താഴത്തുപിതാവും, വൈസ് ചെയർമാൻ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവും സെമിനാരിയിൽ ഔദ്യോഗിക സന്ദർശനം നടത്തി. വൈകീട്ട് 5.30 മുതൽ പിതാക്കന്മാർ വൈദിക വിദ്യാർത്ഥികളെ വിവിധ ബാച്ച് അടിസ്ഥാനത്തിൽ സന്ദർശിക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. സെമിനാരി സ്റ്റാഫുമായി സംസാരിക്കാനും പിതാക്കന്മാർ സമയം കണ്ടെത്തി.

**മ്യൂസിക് നൈറ്റ്**

ഈ വർഷത്തെ മ്യൂസിക് നൈറ്റ് ജനുവരി 30 ന് സംഘടിപ്പിക്കപ്പെട്ടു. 'ഗാന്ധർവ്വം' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട ഗാനനിശയിൽ

വൈദികരും വൈദിക വിദ്യാർഥികളും സംഗീത വിസ്മയം തീർത്തു.

**മിനിസ്ട്രി ഗെറ്റ് ടുഗെദർ**

ഫെബ്രുവരി 01ന് ഉച്ചകഴിഞ്ഞ് 2.30ന് തത്വശാസ്ത്ര വിദ്യാർത്ഥികൾ മിനിസ്ട്രി ചെയ്യുന്ന സ്ഥലങ്ങളിലെ കുട്ടികളുടെ സംഗമം നടന്നു. സെമിനാരി ഓഡിറ്റോറിയത്തിൽ വച്ചുനടന്ന സംഗമം ബഹുമാനപ്പെട്ട സാജൻ പിണ്ടിയാനച്ചൻ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ വിവിധ കലാപരിപാടികൾക്ക് മേരിമാതാ കുടുംബം സാക്ഷിയായി.

**വൈദികരുടെ സ്ഥലം മാറ്റവും പുതിയ പരിശീലകർക്ക് സ്വീകരണവും**

വർഷങ്ങളുടെ സ്തുത്യർഹസേവനത്തിനുശേഷം അതിരൂപതയുടെ വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടറായി നിയമിതനായ ബഹുമാനപ്പെട്ട സൈജോ തൈക്കാട്ടിലച്ചനെയും കഴിഞ്ഞ ഒരു വർഷക്കാലം സെമിനാരിയിൽ ശുശ്രൂഷ ചെയ്ത, മൈനർ സെമിനാരിയിലെ വൈസ് റെക്ടറായി നിയമിതനായ ബഹുമാനപ്പെട്ട ലിൻസൻ തട്ടിലച്ചനെയും ഫെബ്രുവരി 5ന് സെമിനാരികുടുംബം യാത്രയാക്കി.

പുതുതായി സെമിനാരി പരിശീലകരായി നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട ലിജോ ചാലിശ്ശേരി അച്ചനെയും ടൈസൺ മണ്ടുമ്പാലച്ചനെയും സെമിനാരി കുടുംബം സന്തോഷപൂർവ്വം സ്വീകരിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ശ്രീ. ഇ. എഫ്. ജോയ്, എടക്കളത്തൂർ ഹൗസ്, തിരുവമ്പാടി, തൃശ്ശൂർ

Individual Benefactor Membership

1. ശ്രീമതി. റോസിലി W/o ജെയിംസ് വി. ജെ., വൈദ്യക്കാരൻ ഹൗസ്, പാലക്കൽ, തൃശ്ശൂർ.
2. റവ. ഫാ. സൈജോ തൈക്കാട്ടിൽ, തൈക്കാട്ടിൽ ഹൗസ്, പാവറട്ടി, തൃശ്ശൂർ.

Individual Wellwisher Membership

1. ശ്രീ. സി. എൽ. ജെയിംസ്. ചിറയത്ത് ഹൗസ്, അന്തിക്കാട്, തൃശ്ശൂർ.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അഭിവന്ദ്യപിതാവിന്റെ ബലിയർപ്പണം**

2025 ഫെബ്രുവരി 10 തിങ്കളാഴ്ച അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

**യാത്രയയപ്പ്**

മൈനർ സെമിനാരിയിൽ അഞ്ച് വർഷത്തോളം സ്തുത്യർഹമായ സേവനം ചെയ്ത റെക്ടർ ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചനും, വൈസ് റെക്ടർ ബഹുമാനപ്പെട്ട വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ അച്ചനും സെമിനാരി സമൂഹം നന്ദിയോടെ യാത്രയയപ്പ് നല്കി. ഈ അധ്യയന വർഷത്തിൽ മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന എല്ലാ വൈദിക വിദ്യാർത്ഥികൾക്കും ഫെബ്രുവരി 22നു യാത്രയയപ്പ് നല്കുകയുണ്ടായി.

**സ്വീകരണം**

മൈനർ സെമിനാരിയിൽ പുതുതായി ഉത്തരവാദിത്വമേറ്റെടുത്ത റെക്ടർ ബഹു. ജോയി പുത്തൂർ അച്ചനും, വൈസ് റെക്ടർ ബഹു. ലിൻസൺ തട്ടിൽ അച്ചനും സെമിനാരി സമൂഹം സ്വീകരണം നല്കി.

**ഒരു മാസത്തെ പ്രോഗ്രാം**

ഡിഗ്രി പഠിക്കുന്ന ഒന്നാം വർഷ സെമിനാരിക്കാരുടെ ഒരു മാസത്തെ പ്രോഗ്രാം ജനുവരി 30 മുതൽ ഫെബ്രുവരി 28 വരെ മഡോണ സെമിനാരിയിൽ നടത്തപ്പെട്ടു.

**മോഡൽ പരീക്ഷ**

പ്ലസ് വൺ, പ്ലസ് ടു വൈദിക വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 11 മുതൽ 21 വരെ ദിനങ്ങളിൽ മോഡൽ പരീക്ഷകൾ നടത്തി.

**ദൈവവിളി ക്യാമ്പുകൾ**

ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ്മേരീസ് മൈനർ സെമിനാരിയിൽ വെച്ച്:

ഒന്നാം ബാച്ച്: 2025 മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെ

രണ്ടാം ബാച്ച്: ഏപ്രിൽ 2 മുതൽ ഏപ്രിൽ 3 വരെ

മൂന്നാം ബാച്ച്: ഏപ്രിൽ 4 മുതൽ ഏപ്രിൽ 5 വരെ.

ഏപ്രിൽ 5 ന് പെൺകുട്ടികൾക്കായി ഡി.ബി.സി.എൽ.സി. യിൽ വച്ച്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ടി. പി. ജെയിംസ്, തെക്കേക്കര ഹൗസ്, മനക്കൊടി
2. ശ്രീമതി മേരി പി. വി., തട്ടിൽ ഹൗസ്, തിരൂർ
3. ശ്രീ. ശ്യാം എം. എ., മൂക്കൻ ഹൗസ്, തൈക്കാട്ടുശ്ശേരി, ഒല്ലൂർ
4. ശ്രീമതി മർഗിലി ടി. ജെ., ചിറമ്മൽ ഹൗസ്, തൈക്കാട്ടുശ്ശേരി, ഒല്ലൂർ
5. ശ്രീമതി സീന ജോസ്, പുലിക്കോട്ടിൽ ഹൗസ്, നമ്പഴിക്കാട്, മറ്റം
6. റവ. ഫാ. ജിമ്മി എടക്കളത്തൂർ, തൃശ്ശൂർ
7. ശ്രീ വി. ടി. വർഗ്ഗീസ്, വടക്കേത്തല കറുത്തേടത്ത്പറമ്പിൽ ഹൗസ്, കാഞ്ഞാണി

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21-09-2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത് .

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

Excel Foundation Courses (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

2025 ജനുവരി മുതൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ ജനുവരി 5 മുതൽ ആരംഭിച്ചു. കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ല യിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദ മിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യ പരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണി വരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ

ബന്ധപ്പെടുക: 9744941585/ 9895525077

**ഡോ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

## INSTITUTE OF THEOLOGY
**TRICHUR D B C L C**
**(Phone : 0487- 2333245, Mob : 9188131341)**

**1. തിയോളജി അവാർഡ് ഡേ മാർച്ച് 23 ന്**

2024-2025 വിവിധ ബാച്ചുക്കാരുടെ സർട്ടിഫിക്കറ്റ് വിതരണം മാർച്ച് 23-ാം തിയ്യതി നടക്കുന്ന തിയോളജി അവാർഡ് ഡേ ചടങ്ങിൽ വെച്ച് അഭിവന്ദ്യ പിതാക്കൻമാർ നൽകും. ക്ലാസ്സുകൾ നയിച്ച എല്ലാ അച്ചൻമാരും തിയോളജി അവാർഡ് ഡേ ചടങ്ങിൽ പങ്കെടുക്കും.

**2. B.A. in Theology and Religious Studies (Three Years)**

സെക്കന്റ്സെമസ്റ്ററിലെ Creation and Theological Anthropology (Rev. Dr. Lijo Chalissery), Theology of Inter-religious Dialogue (Rev. Dr. Vincent Kundukulam), എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ഫെബ്രുവരി 02, 16 എന്നി ദിവസങ്ങളിൽ കൗദാശിക ദൈവശാസ്ത്രം (Rev. Fr. Shinto Thombiyil), വി. പൗലോസിന്റെ ലേഖനങ്ങൾ (Rev. Dr. Vincent Alappatt) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months regular Theology Course, പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

**4. Basic Bible Course (BBC)**

തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സിന്റെ ഉദ്ഘാടനം 02.03.2025 ഞായറാഴ്ച 2.00 ന് നടക്കുന്നു. ഫെബ്രുവരി മാസം ക്ലാസ്സ് നയിച്ചവർ Rev. Dr. Dijo Olakkengil, Sri. Joseph Tharakan.

**5. Certificate Course on Guidance and Counselling**

മാർച്ച് 08, 09 തിയ്യതികളിൽ Calicut University- Oral & Written Exam നടക്കുന്നു.

**6. Certificate Course on Sacred Liturgy**

ജനുവരി മാസത്തിൽ The Theological Importance and Meaning of the Symbols and Prayers of the Eucharistic Liturgy of the Syro – Malabar (Rev. Dr. Johnson Chittilapilly), വിശുദ്ധ കുർബാനക്കെതിരായ തെറ്റുകൾ, സാത്താൻ ആരാധകരും, കറുത്ത കുർബാനയും (Rev.Dr. Sebastian Chalackal) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**7. Basic Theology Course (Three Months)**

സന്യാസാർത്ഥിനികൾക്കുള്ള Three Months Basic Theology Course 2025 ജനുവരി 1-ന് (ബുധൻ) ആരംഭിച്ചു. SABS, CSS, SKD, SNDS എന്നീ സന്യാസിനിസമൂഹങ്ങളിലെ 20 അർത്ഥിനികൾ ആണ് ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

**8. യാത്രാമംഗളങ്ങളും സ്വാഗതാശംസകളും**

2025 ഫെബ്രുവരി 5-ാം തിയ്യതി സ്ഥലം മാറിപ്പോകുന്ന ഡയറക്ടർമാർക്കും പുതിയതായി ചാർജ്ജ് എടുക്കുവാൻ വരുന്ന ഡയറക്ടർമാർക്കും യാത്രാമംഗളങ്ങളും സ്വാഗതാശംസകളും നേർന്നു.

5 വർഷമായി ഡയറക്ടർ എന്ന നിലയിൽ സേവനമനുഷ്ഠിച്ച ബഹു. ഫ്രാൻസിസ് ആളൂരച്ചന് ഹൃദയം നിറഞ്ഞ നന്ദിയും പുതിയ കർമ്മമണ്ഡലത്തിൽ എല്ലാവിധ പ്രാർത്ഥനാശംസകളും

നേരുന്നു.

അസി.ഡയറക്ടർ എന്ന നിലയിൽ ദൈവശാസ്ത്രവിദ്യാപീഠത്തിന്റെ ഇൻ -ചാർജ്ജ് ആയി സേവനമനുഷ്ഠിച്ച ബഹു. ലിജോ ചാലിശ്ശേരിയച്ചന് ഹൃദയപൂർവ്വം നന്ദിയും പുതിയ പ്രവർത്തന മേഖലയിൽ ദൈവാനുഗ്രഹവും ആശംസിക്കുന്നു.

പുതിയ ഡയറക്ടർ ബഹു. സൈജോ തൈയ്ക്കാട്ടിലച്ചനെ ദൈവശാസ്ത്രവിദ്യാപീഠത്തിലേക്ക് സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. പുതിയ പ്രവർത്തനമേഖലയിൽ പ്രാർത്ഥനാമംഗളങ്ങൾ ആശംസിക്കുന്നു. അസി. ഡയറക്ടർ ആയ ബഹു. സനൽ തോമസ് മാളിയേക്കലച്ചനെ ദൈവശാസ്ത്രവിദ്യാപീഠത്തിലേക്ക് സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. പുതിയ പ്രവർത്തനമേഖല കൂടുതൽ അനുഗ്രഹപ്രദമാക്കാൻ പ്രാർത്ഥനാശംസകൾ നേരുന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**നേഴ്സിങ്ങ് കോളേജിൽ ശില്പശാല**

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിൽ NACC & Reforms 2024 ബൈനറി അക്രഡിറ്റേഷൻ ഫ്രെയിം വർക്ക് എന്ന വിഷയത്തെ ആസ്പദമാക്കി ശില്പശാല നടത്തി. നേഴ്സിങ്ങ് മേഖലയിൽ നിന്നും മെഡിക്കൽ മേഖലയിൽ നിന്നും 45 പേർ പങ്കെടുത്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. എറണാകുളത്തെ സെന്റ് ആൽബർട്ട്സ് കോളേജിലെ മുൻ പ്രിൻസിപ്പാൾ ഡോ. ഹാരി ക്ലീറ്റസ് പുതിയ NACC അക്രഡിറ്റേഷൻ പ്രക്രിയയെകുറിച്ച് വിശദമായി ക്ലാസുകൾ നയിച്ചു.

**നൂതന മൾട്ടിപ്ലസ് പി.സി.ആർ. പാനൽ ടെസ്റ്റിങ്ങ് സൗകര്യം ജൂബിലിയിൽ**

മഞ്ഞുകാലം പലതരം നീരുവീഴ്ച്ചപനികളുടേയും കാലമാണ്. കുട്ടികളിലും മുതിർന്നവരിലും പലതരം വൈറസുകളും ബാക്ടീരിയകളും ഫ്ളൂ പനിയുടെ കാരണമായി വരാം. ഇവയെല്ലാം കണ്ടുപിടിക്കാൻ പറ്റുന്ന നൂതന മൾട്ടിപ്ലസ് പി.സി.ആർ പാനൽ ടെസ്റ്റിങ്ങ് (Biofire Test) സൗകര്യം ജൂബിലി മിഷൻ ആശുപത്രിയിൽ ലഭ്യമാണ്.

മൈക്കോപ്ലാസ്മ, റൈനോവയറസ്, ഹുമൻ മെറ്റാന്യൂമോ വയറസ് (HMPV)തുടങ്ങി 21 അണുക്കളെ ഏകദേശം 2 മണിക്കൂറിനുള്ളിൽ ഈ ഒറ്റ ടെസ്റ്റിൽ കണ്ടുപിടിക്കാൻ സാധിക്കുന്നതാണ്.

**നേഴ്സിങ്ങ് വിദ്യാർത്ഥികളുടെ ദീപം തെളിയിക്കൽ**

നേഴ്സിങ്ങ് കോളേജിലേയും, നേഴ്സിങ്ങ് സ്കൂളിലേയും വിദ്യാർത്ഥികളുടെ രോഗീ പരിചരണത്തിന് മുമ്പുള്ള ദീപം തെളിയിക്കൽ ചടങ്ങ് തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. 22-ാമത് ബാച്ച് ബി.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും, 60-ാം ബാച്ച് ജനറൽ നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും ദീപം തെളിയിക്കൽ ചടങ്ങാണ് നടന്നത്. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു.

**ഡോ. സാം ചെനറി മോറീസ് ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് സന്ദർശിച്ചു**

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിൽ ഇന്റർനാഷണൽ കൊളാബ്രേഷന്റെ ഭാഗമായി ഡോ. സാം ചെനറി മോറിസ് (ഡീൻ ഓഫ് നേഴ്സിങ്ങ് ആന്റ് പബ്ലിക്ക് ഹെൽത്ത്, ബോസ്റ്റൻ) സന്ദർശിക്കുകയും ജൂബിലിയിലെ ബി.എസ്.സി. നേഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികളുമായി സംവാദം നടത്തുകയും ചെയ്തു. സി. ഗോഡ്വിൻ കോളേജ് പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ് എടുക്കുകയും ഡോ. സാം ചെനറി മോറിസ് ബോസ്റ്റനിലെ സഫോൽക്ക് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയുടേയും തിരുവമ്പാടി ലയൺസ് ക്ലബ്ബിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ജൂബിലിയുടെ - ഹോസ്പിറ്റൽ ഓൺ വീൽസ്- പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനിയറിങ്ങ് കോളേജിൽ വെച്ച് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്റ്റ് ഗവർണർ ജെയിംസ് വളപ്പില നിർവഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. ജൂബിലി ആയുർവേദ പ്രിവിലേജ് കാർഡിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു.

**നൈറ്റിംഗ്ഗേൽസ് മീറ്റ് നടന്നു**

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക്ക് നേഴ്സസിന്റെ സംഘടനയായ CNGAT-യുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് നേഴ്സുമാരുടെ വാർഷിക കൂട്ടായ്മ നടത്തി. അതി

രൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. ആൻ കരോളിന്റെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസും വിവിധ ആശുപത്രികളിൽ നിന്നുള്ള നേഴ്സുമാർ അവതരിപ്പിച്ച കലാപരിപാടികളും ഉണ്ടായിരുന്നു. വി.കുർബാനക്കും പരിപാടികൾക്കുമായി നാനൂറോളം നേഴ്സുമാർ പങ്കെടുത്തു.

**വിർജിനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് ജൂബിലിയിൽ സന്ദർശനം**

ടി.ബി., എച്ച്.ഐ.വി. രോഗങ്ങളുടെ പ്രമുഖ ഗവേഷകയും യൂണിവേഴ്സിറ്റി ഓഫ് വിർജീനിയായിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ടാനിയ എ. തോമസ് സന്ദർശനത്തിനായി ജൂബിലി ഹോസ്പിറ്റലിൽ എത്തി. കുട്ടികളിലെ ടി.ബി. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന ഡോ. ടാനിയ ജൂബിലിയുടെ ഗവേഷണവിഭാഗവുമായി ചർച്ച നടത്തി. ജൂബിലി കോളേജ് ഓഫ് നേഴ്സിങ്ങിലെ വിദ്യാർത്ഥികളുമായി സംവദിച്ച അവർ ആഗോള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ഗവേഷണത്തിന്റെ പ്രധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്കരിച്ചു. കുട്ടികളിലെ ടി.ബി. രോഗത്തിനെതിരെയുള്ള പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ ഗവേഷണ സാധ്യതകളെക്കുറിച്ച് അവർ വിദ്യാർത്ഥികളുമായി ചർച്ച നടത്തി. ജൂബിലി മിഷൻ ആശുപത്രിയുടെ ആധുനിക ഗവേഷണ സൗകര്യങ്ങൾ ഡോ. ടാനിയ നേരിൽ കണ്ടു. യൂണിവേഴ്സിറ്റി ഓഫ് വിർജീനിയയിലെ റേഡിയോളജി, മെഡിക്കൽ ഇമേജിങ്ങ് വിഭാഗത്തിലെ ഡോ. തോമസ് ജെ. എലുവത്തിങ്കൽ മുട്ടിക്കലും ഈ സന്ദർശനത്തിൽ പങ്കാളിയായി. ആഗോള ആരോഗ്യ ഗവേഷണ മേഖലയിൽ ജൂബിലിയുടെ മികച്ച പ്രവർത്തനം ഡോ. ടാനിയ എടുത്തുപറഞ്ഞു.

**അഭിനന്ദനങ്ങൾ**

കേരള സ്റ്റേറ്റ് സ്റ്റുഡന്റ് നഴ്സസ് അസോസിയേഷൻ (DHANAK 2024) പോസ്റ്റർ കോമ്പറ്റീഷനിൽ നോർത്ത് ഈസ്റ്റ് സോൺ കലോത്സവത്തിൽ നഴ്സിങ്ങ് കോളേജിലെ (മെഡിക്കൽ സർജിക്കൽ നഴ്സിങ്ങ്) ഗ്ലിറ്റ ഗ്രേസ് വി, ദേവിക കെ. ജെ, അൻസു അലിച്ചൻ എന്നിവർ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**പുതിയ ഡോക്ടർമാർ**

ഡോ. ഒബേദ് എം. കെ, ജനറൽ സർജറി

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഫ്രാൻസിസ് ഡി. പാണഞ്ചേരി, വടൂക്കര, തൃശ്ശൂർ

- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ആന്റണി വർഗ്ഗീസ്, പൊങ്ങണകാട്, തൃശ്ശൂർ
- വിൻസി പി. വി., ഇ.സി.ജി. ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, ആറ്റത്തറ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ബിനു ബബിത, നെല്ലിക്കുന്ന്, തൃശ്ശൂർ
- മെഡിക്കൽ ഐ.സി.യു., ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മേരി ജോൺ, നടത്തറ, തൃശ്ശൂർ
- ഇമ്മാനുവേൽ ജോസ്, അറക്കൽ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- റാസിൽ ജോർജ്ജ്, പൂവ്വൻചിറ, തൃശ്ശൂർ
- ശ്യാമ & ജെസ്ന, ഫാർമസി സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ലിന്റോ തോമസ്, ചുങ്കത്ത് ഹൗസ്, മണലിപ്പാടം, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുരൃൻ**
ഡയറക്ടർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

**1. സിസ്കോ സെന്റർ ഓഫ് എക്സ്ലൻസ് ഉദ്ഘാടനം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സിസ്കോ സെന്റർ ഓഫ് എക്സ്ലൻസ് ഉദ്ഘാടനം സയൻസ് ഡിപ്പാർട്ട്മെന്റിന് കീഴിൽ സ്ഥാപിതമായ സിസ്കോ സെന്റർ ഓഫ് എക്സ്ലൻസ് ഡോ. ചിറ്റി ബാബു (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഡിസൈൻ ആന്റ് മാനുഫാക്ച്ചറിംഗ്, കാഞ്ചിപുരം) 2024 ഡിസംബർ 5 ന് ഉദ്ഘാടനം ചെയ്തു. സിസ്കോ, ലോകത്ത് ഏറെ അറിയ

പ്പെടുന്ന നെറ്റ്‌വർക്കിംഗ്, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കംപ്യൂട്ടിങ്ങ് തുടങ്ങിയ മേഖലകളിലെ പ്രധാന കമ്പനിയാണ്. വിവിധതലങ്ങളിൽ ഓൺലൈൻ സർട്ടിഫിക്കേഷനുകളും പരിശീലനവും ലഭ്യമാക്കുന്നതിനായാണ് സെന്റർ രൂപീകരിച്ചിരിക്കുന്നത്.

വിദ്യാർത്ഥികളുടെ വിദഗ്ധമായ കഴിവുകൾ വികസിപ്പിക്കുകയും അവരുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ആരംഭിച്ചത്. ഫാക്കൽറ്റി അംഗങ്ങൾ, വിദ്യാർത്ഥികൾ, ടെക്നോളജി മേഖലയിലെ പ്രഗത്ഭർ തുടങ്ങിയവർ തലമുറയെ സാങ്കേതികമായ വളർച്ചയിൽ സജ്ജമാക്കുന്നതിനുള്ള വേദിയായി മാറുമെന്ന് പ്രതിനിധികൾ അറിയിച്ചു.

## 2. IEEE International Conference (AREIS 2014)

ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ 2024 ഡിസംബർ 5, 6 തിയ്യതികളിൽ റിന്യൂവബിൾ എനർജി ആന്റ് ഇന്റലിജൻസ് സിസ്റ്റംസിനെ അധികരിച്ച് ഇന്റർനാഷണൽ കോൺഫറൻസ് (AREIS 2024) നടത്തി. പുനരുപയോഗിക്കാവുന്ന ഊർജ്ജമേഖലയിലെയും ഇന്റലിജന്റ് സിസ്റ്റങ്ങളിലെയും നൂതനത്വങ്ങളും പുരോഗതികളും ശ്രദ്ധയിൽപ്പെടുത്തുകയും ചർച്ച ചെയ്യുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്ന് സമർപ്പിച്ച 450 ലധികം ഗവേഷണലേഖനങ്ങളുടെ അവതരണങ്ങൾ, പ്രധാന പ്രഭാഷണങ്ങൾ, പ്ലീനറി സെഷനുകൾ എന്നിവ AREIS 2024 ൽ സംഘടിപ്പിച്ചു. സുസ്ഥിരവും ബുദ്ധിപരവും ഓട്ടോമേറ്റഡ് ഭാവി സാധ്യമാക്കുന്ന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതുകൂടിയാണ് സമ്മേളനത്തിലൂടെ സാധ്യമായത്.

## 3. കോളേജ് വിസിറ്റ് (സെന്റ് ജോസഫ്സ് യു.പി. സ്കൂൾ കുണ്ടന്നൂർ)

കുണ്ടന്നൂരിലെ സെന്റ് ജോസഫ് യു. പി സ്കൂളിൽ നിന്നുള്ള 4 അദ്ധ്യാപകർക്കൊപ്പം 64 വിദ്യാർത്ഥികളുടെ ഒരു സംഘം, അവരുടെ കോളേജ് സന്ദർശന പരിപാടിയുടെ ഭാഗമായി ഇൻഡസ്ട്രി- ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെന്റർ (IIIC) സന്ദർശിച്ചു. അത്യാധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും തൊഴിൽ അവസരങ്ങളെക്കുറിച്ചും ഉള്ള ഉൾക്കാഴ്ചയുള്ള അനുഭവം ഈ സന്ദർശനം നൽകി. ഒരു കരിയർ ഗൈഡൻസ് സെഷനോടെയാണ് ദിനം ആരംഭിച്ചത്. തുടർന്ന് നിരവധി പ്രകടനങ്ങളും ലാബ് സന്ദർശനങ്ങളും നടത്തി.

<u>പ്രധാന ഹൈലൈറ്റുകൾ ഉൾപ്പെടുന്നു.</u>

- 3D ഡിസൈനിംഗും പ്രിന്റിംഗും : ഡിസൈൻ തത്വങ്ങളും വിവിധ വ്യവസായങ്ങളിൽ 3D പ്രിന്റിംഗിന്റെ പ്രായോഗിക പ്രയോഗവും പ്രദർശിപ്പിക്കുന്ന ഒരു തത്സമയ വീഡിയോ.

- വ്യാവസായിക റോബോട്ടുകൾ: റോബോട്ടിക് സിസ്റ്റങ്ങളുടെ ഒരു പ്രദർശനം, ആധുനിക പ്രക്രിയകളിൽ അവയുടെ പങ്ക്
- ഡ്രോൺ ടെക്നോളജി : ഡ്രോൺ സംവിധാനങ്ങൾ, അവയുടെ പ്രവർത്തനങ്ങൾ, വിവിധ മേഖലകളിലെ ആപ്ലിക്കേഷനുകൾ എന്നിവയിലേക്കുള്ള ഒരു ആമുഖം.
- ലാബ് സന്ദർശനങ്ങൾ: നൂതന ഉപകരണങ്ങളും, സാങ്കേതിക വിദ്യകളും ഉൾക്കൊള്ളുന്ന വിവിധ ലാബുകൾ, വിദ്യാർത്ഥികൾ പര്യവേക്ഷണം ചെയ്തു.

സെഷനുകൾ നയിച്ചത് ഫാ.ഡോ. ജോസ് കണ്ണമ്പുഴ, Er. ജിനേഷ്. കെജെ, Er. D. നവീൻ സാം എന്നിവർ അവരുടെ വൈദഗ്ദ്ധ്യം പങ്കുവെയ്ക്കുകയും സംവേദനാത്മക ചർച്ചകളിലൂടെ പങ്കാളികളെ ഇടപഴകുകയും ചെയ്തു. സാങ്കേതിക പുരോഗതിയെക്കുറിച്ചും, എഞ്ചിനീയറിംഗിലും അനുബന്ധ മേഖലകളിലുമുള്ള തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും, വിദ്യാർത്ഥികളുടെ ധാരണ ഈ സന്ദർശനം വിജയകരമായി സമ്പന്നമാക്കി.

### 4. PRAJNANA

ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെല്ലും (IDEC) ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ (JEC) ഇൻസ്റ്റിറ്റ്യൂഷൻ ഇന്നൊവേഷൻ കൗൺസിലും (IIC) സംയുക്തമായി 5 ദിവസത്തെ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം (PRARAMB) നടത്തുകയുണ്ടായി. പരിപാടിയുടെ മുഖ്യാതിഥി ഡോ. ടി. കെ. നാരായണൻ (മുൻ വൈസ് ചാൻസലർ കേരള കലാമണ്ഡലം) ആയിരുന്നു. അകമലയിലുള്ള ഭവൻസ് സ്കൂൾ വിദ്യാർത്ഥികളായിരുന്നു ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തത്. മരപ്പണി, പ്ലംബിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉൾപ്പെടുത്തിയായിരുന്നു പരിശീലന പരിപാടി.

**ഫാ. ഡേവിഡ് നെറ്റിക്കാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
PRO

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ഇന്റർനാഷണൽ വെബിനാർ**

സൈക്കോളജി വിഭാഗം, 'സ്കീമതെറാപ്പി: ആശയങ്ങളും തത്വങ്ങളും' എന്ന വിഷയത്തിൽ ഒരു ഇന്റർനാഷണൽ വെബിനാർ വിജയകരമായി ആതിഥേയത്വം വഹിച്ചു. ന്യൂസിലൻഡിലെ പ്രശസ്ത കൺസൾട്ടന്റ് ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ. ജെയിൻ ജോസഫാണ് പരിപാടിയിൽ പങ്കെടുത്തത്.

**2. പോയട്രി മീറ്റ്**

റീഡേഴ്സ് ആൻഡ് റൈറ്റേഴ്സ് ക്ലബ്, പ്രശസ്ത കവികളായ അഡ്രിയാൻ ഫിഷറും, ലൂണ മോണ്ടിനെഗ്രോയും അവതരിപ്പിക്കുന്ന ഒരു അവിസ്മരണീയ പരിപാടി സംഘടിപ്പിച്ചു. രണ്ട് കവികളും അവരുടെ കൃതികൾക്ക് പശ്ചാത്തല സംഗീതത്തിന്റെയും പ്രകൃതിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള ശബ്ദ ഇഫക്റ്റുകളുടെയും നൂതനമായ ഉപയോഗത്തിലൂടെ, സംസ്കാരത്തെയും സർഗ്ഗാത്മകതയെയും തടസ്സമില്ലാതെ സമന്വയിപ്പിച്ചുകൊണ്ട് ജീവസുറ്റതാക്കി.

**3. ഹിന്ദി ദിവസ്**

സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), 'ഹിന്ദി ചലച്ചിത്രഗാനങ്ങളിലൂടെ ഹിന്ദി പഠിക്കുക' എന്ന തലക്കെട്ടിൽ ഊർജ്ജസ്വലവും ആകർഷകവുമായ വെബിനാറോടെ അന്താരാഷ്ട്ര ഹിന്ദി ദിനം ആഘോഷിച്ചു. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കെ.എ, ദേശീയ ഐക്യം വളർത്തുന്നതിൽ ഹിന്ദിയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന പ്രചോദനാത്മകമായ പ്രസംഗം നടത്തി. മുഖ്യ പ്രഭാഷണം: ഗുജറാത്ത് വിദ്യാപീഠത്തിന്റെ അഹമ്മദാബാദിലെ ഭാരതീയ ഭാഷാ സംസ്കൃതി സൻസ്ഥാനിലെ ഹിന്ദി, ഇംഗ്ലീഷ് പ്രൊഫസറായ ഡോ. അഞ്ജന സന്ദിർ സംഗീതത്തിലൂടെ ഹിന്ദി പഠിക്കുന്നതിനെക്കുറിച്ചുള്ള തന്റെ അതുല്യമായ ഉൾക്കാഴ്ചകളിലൂടെ സദസ്സിനെ ആകർഷിച്ചു. അന്നു തന്നെ ഡിപാർട്ട്മെന്റ് നേതൃത്വത്തിൽ ഇന്റർ കോളേജ് ഫേസ് വെ പെയ്ന്റിങ് മത്സരം നടത്തി.

**4. പൊതുതണ്ണീർത്തടങ്ങളെ സംരക്ഷിക്കുക**

സുവോളജി വിഭാഗം 'നമ്മുടെ പൊതു ഭാവിക്കായി തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക' എന്ന വിഷയത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. 2025-ലെ ലോക തണ്ണീർത്തട ദിനത്തോട്

അനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. തണ്ണീർത്തട സംരക്ഷണത്തെക്കുറിച്ചും സുസ്ഥിരതയെക്കുറിച്ചും ബോധവൽക്കരണം ലക്ഷ്യമിട്ടുള്ള പരിപാടി സുവോളജി വിഭാഗം മേധാവി പ്രൊഫ. ഡോ.ബിനോയ് സി.എഫ് സ്വാഗതവും, കോളേജ് പ്രിൻസിപ്പൽ റവ. ഡോ.മാർട്ടിൻ കെ. എ. അദ്ധ്യക്ഷ പ്രസംഗവും നടത്തി.

**5. 'തൊഴിൽക്ഷമതയ്ക്കായുള്ള ചിന്തകൾ ക്രമീകരിക്കുന്നു'**

മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി (ഐ.ക്യു.എസി) സഹകരിച്ച് ഒരു നെക്സ്റ്റ് ജെൻ എംപ്ലോയബിലിറ്റി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ''തൊഴിൽക്ഷമതയ്ക്കായുള്ള ചിന്തകൾ ക്രമീകരിക്കുന്നു'' എന്ന തലക്കെട്ടിലുള്ള സെഷൻ, വിദ്യാർത്ഥികളെ അവശ്യ തൊഴിൽ വിപണി വൈദഗ്ധ്യത്തിൽ നിലനിർത്താൻ ലക്ഷ്യമിട്ടുള്ളതാണ്. എലിജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് പ്രിൻസിപ്പൽ ഡോ.ആന്റണി വിനോദ് ജോർജ് മുഖ്യാതിഥിയായിരുന്നു.

**6. കൊമേർഷ്യ 2025**

കോമേഴ്സ് സ്വാശ്രയ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇന്റർകോളേജിയേറ്റ് ഫെസ്റ്റ് സംഘടിപ്പിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് റിജിയണൽ ഹെഡ് ശ്രീമതി. രേഖ. വി.ആർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വിവിധ തരം മാനേജേരിയൽ ആന്റ് നോൺ മാനേജേരിയൽ, കൾച്ചറൽ മത്സരങ്ങൾ അരങ്ങേറി.

**7. സിവിൽ സർവീസ് പരീശീലനം**

കോളേജിലെ കരിയർ ഗൈഡൻസ് ആന്റ് പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ മണപ്പുറം സിവിൽ സർവീസ് അക്കാദമിയുമായി ചേർന്ന് സിവിൽ സർവീസ് പരിശീലന പരിപാടി ആരംഭിച്ചു. ഉദ്ഘാടനം തൃശൂർ ജില്ല അസിസ്റ്റന്റ് കളക്ടർ ശ്രീ അഖിൽ. വി. മേനോൻ നിർവഹിച്ചു.

**8. ബയോബ്ലിറ്റ്സ് 2025**

ബോട്ടണി വിഭാഗം ദ്രുത ജൈവവൈവിധ്യ വിലയിരുത്തലിനെക്കുറിച്ചുള്ള പരിശീലന ശില്പശാല സംഘടിപ്പിച്ചു.കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ വിവിധ സർവകലാശാലയിൽ നിന്നുമുള്ള വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിച്ചു. തേക്കിൻകാട് മൈതാനിയിൽ നടന്ന ഒരു ഫീൽഡ് സർവേയിൽ പങ്കെടുത്തവർക്ക് ജൈവവൈവിധ്യം നിരീക്ഷിക്കുന്നതിലും രേഖപ്പെടുത്തുന്നതിലും അവരുടെ കഴിവുകൾ പരിശീലിക്കാനുള്ള അവസരവും ജൈവവൈവിധ്യ ഡാറ്റാബേസുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഗൂഗിൾ സൈറ്റുകൾ ഉപയോഗിച്ച് വെബ് ഡാറ്റാബേസുകൾ

സൃഷ്ടിക്കുന്നതിനും, ജിയോസ്പേഷ്യൽ ടെക്നിക്കുകൾ ഉപയോഗിച്ച് സസ്യങ്ങൾക്കായുള്ള ക്യുആർ കോഡിംഗും ട്രീ മാപ്പിംഗിനും പരിശീലനം നൽകി.

**9. സ്പോർട്സ്**

2025ലെ സി.ഒ.ൽ കെ നായിഡു ട്രോഫിയിൽ കിരൺ സാഗർ 50 പോയന്റും പവൻ ശ്രീധർ 120 പോയിന്റും നേടി. ഉത്തരാഖണ്ഡിൽ നടന്ന 38–ാ മത് ദേശീയ ഗെയിംസിൽ രണ്ടാം വർഷ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥി അലക്സ് പി. തങ്കച്ചൻ വെങ്കല മെഡൽ നേടി. 81 കെ.ജി. പുരുഷന്മാരുടെ വെയ്റ്റ് ലിഫ്റ്റിങ്ങിൽ സക്റ്റിൻ പോൾ അഞ്ചാം സ്ഥാനം നേടി. കാൺപൂർ സർവകലാശാലയിൽ നടന്ന ഓൾ ഇന്ത്യ യൂണിവേഴ്സിറ്റി ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഷംനാദും, ജിഷ്ണു പിയും വെള്ളി നേടി. രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥി ധനുഷ് പി.ജെ ഉത്തരാഖണ്ഡിൽ നടക്കുന്ന ദേശീയ ഗെയിംസിനുള്ള കേരള നീന്തൽ ടീമിലേക്ക് തിരെഞ്ഞെടുത്തു.

**10. കൺഫ്ല്യൂൻസ് 2025**

കൊമേഴ്സ് സ്വാശ്രയവിഭാഗം ഐ.സി.എ.ഐ യുമായി ചേർന്ന് 'കൺഫ്ല്യൂൻസ് 2025' സെമിനാർ സംഘടിപ്പിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായി ഐ.സി.എ.ഐയുടെ ചെയർമാൻ സി.എ അനൂപ് വി. ഫ്രാൻസിസ് പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് അവരുടെ ഗവേഷണ-വിശകലന കഴിവുകൾ പ്രകടിപ്പിക്കാൻ സെമിനാർ വേദിയൊരുക്കി. 13 വിദ്യാർഥികൾ സെഷനിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**11. സൃഷ്ടി 2.5**

കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സൃഷ്ടി 2.5 ടെക്നോ കൾച്ചറൽ സംഘടിപ്പിച്ചു.കോഡിംഗ് ചാലഞ്ചുകൾ, ക്വിസുകൾ, ഡീബഗ്ഗിംഗ് മത്സരങ്ങൾ, പ്രോജക്റ്റ് അവതരണങ്ങൾ, ഡാൻസ്, ഫോട്ടോഗ്രാഫി തുടങ്ങി നിരവധി മത്സരങ്ങളും, ജിയോസ്പെഷ്യൽ ടെക്നോളജിയെ കുറിച്ച് പരിശീലന പരിപാടിയും സംഘടിപ്പിച്ചു.

**12. മാതൃകാ പാർലമെന്റ് മത്സരം**

കോളേജിലെ പൊളിറ്റിക്കൽ സയൻസ് ആൻഡ് ഹിസ്റ്ററി വിഭാഗവും കേരള സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലിമെന്ററി അഫയേഴ്സും സംയുക്തമായി മാതൃകാ പാർലമെന്റ് മത്സരം സംഘടിപ്പിച്ചു. സർക്കാർ കൈക്കൊള്ളേണ്ട ദുരന്ത നിവാരണ പ്രവർത്തങ്ങളെ പറ്റിയും വയനാട് ദുരന്തം, ഭക്ഷ്യ സുരക്ഷ, റഷ്യൻ യുദ്ധം തുടങ്ങി

സമകാലിക വിഷയങ്ങൾ വേദിയിൽ ചർച്ചയായി. മുൻ പാർലമെന്റ് അംഗം രമ്യ ഹരിദാസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ കേരള നിയമസഭ മുൻ ജോയിന്റ് സെക്രട്ടറി കെ.പുരുഷോത്തമൻ, ഡെപ്യൂട്ടി സെക്രട്ടറി കെ. കെ. ബാലമുരളികൃഷ്ണൻ എന്നിവർ വിധികർത്താക്കളായെത്തി.

**13. ക്ലാസ്സ് സംഘടിപ്പിച്ചു**

സൈക്കോളജി വിഭാഗം ഹിപ്നോസിസ് ധ്യാനത്തെക്കുറിച്ച് ഒരു പ്രബുദ്ധമായ സെഷൻ സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റിലെ ഒന്നാം വർഷ പിജി വിദ്യാർത്ഥികൾക്കായി പ്രത്യേകം സംഘടിപ്പിച്ചതാണ്.

**14. സെന്റ് തോമസ് കോളേജിൽ പേട്രൺസ് ഡേ ആചരിച്ചു**

തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പേട്രൺസ് ഡേയും ഹോം ഡേയും കോളേജ് പ്രിൻസിപ്പൽ റവ. ഡോ മാർട്ടിൻ കോളമ്പ്രത്തിന്റെ സിൽവർ ജൂബിലി ആഘോഷവും സംയുക്തമായി ആചരിച്ചു. എക്സിക്യൂട്ടിവ് മാനേജർ റവ. ഫാ. ബിജു പാണേങ്ങാടൻ സ്വാഗതമാശംസിച്ച പരിപാടിയിൽ മാനേജർ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിക്കുകയും, മാർ ആൻഡ്രൂസ് താഴത്ത് (കോളേജ് രക്ഷാധികാരി) പേട്രൺസ് അഡ്രസ് നടത്തുകയും ചെയ്തു.

**15. വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

കോളേജിൽ 'തുടക്കക്കാർക്ക്വേണ്ടിയുള്ള ജാമോവി: ഡാറ്റാ വിശകലനത്തിലൂടെ ഗവേഷണം ശാക്തീകരിക്കൽ' എന്ന പേരിൽ സൈക്കോളജി വിഭാഗം അടുത്തിടെ ഒരു ആകർഷകമായ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു.

സെന്റർ ഫോർ കരിയർ ഡെവലപ്പ്മെന്റിന്റെ ആഭിമുഖ്യത്തിൽ മെഷീൻ ലേർണിങ്ങിനെ കുറിച്ച് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**16. മെഗാ ക്യാമ്പസ് ക്വിസ് സംഘടിപ്പിച്ചു**

കോളേജിൽ കാറ്റലിസ്ററ് എഡ്യൂക്കേഷന്റെയും ക്വിസ് ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മെഗാ ക്യാമ്പസ് ക്വിസ് സംഘടിപ്പിച്ചു.

**17. ലോക കാൻസർ ദിനം ആചരിച്ചു**

കോളേജിൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും ക്രിമിനോളജി ആൻഡ് പൊളിറ്റിക്കൽ സയൻസ് ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 'യുണൈറ്റഡ് ബൈ യുണീക്ക്' എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു.

**18. അലൈഗ്നിങ് തോട്ട് പ്രോസസ്സ് ഫോർ എംപ്ലോയബിലിറ്റി**

മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗവും ഐ.ക്യു.എ.സി യും സംയുക്ത

മായി തൊഴിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. 'അലൈഗ്നിങ് തോട്ട് പ്രോസസ്സ് ഫോർ എംപ്ലോയബിലിറ്റി' എന്ന വിഷയത്തിൽ ഡോ. ആന്റണി വിനോദ് ജോർജ് വർക്ക് ഷോപ്പിനു നേതൃത്വം നൽകി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
PRO

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

### പുസ്തക പ്രകാശനം നടത്തി

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി നടത്തിയ ദേശീയ സെമിനാറിന്റെ പ്രബന്ധങ്ങൾ ഉൾക്കൊള്ളിച്ച എഡിറ്റഡ് പുസ്തകം തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ. ആൻഡ്രൂസ് താഴത്ത് അതിരൂപത ആസ്ഥാനത്തുവെച്ച് ഫെബ്രുവരി 10-ാം തിയ്യതി പ്രകാശനം നടത്തി.

### പപ്പറ്ററി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി പപ്പറ്ററി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. പപ്പറ്ററി, മാസ്ക് ഡ്രാമ, കോളേജ് വർക്ക്ഷോപ്പ് എന്ന വിഷയത്തിൽ ഫെബ്രുവരി 12, 13 തിയ്യതികളിൽ എൻ.എം.എൽ.പി.എസ് മലപ്പുറം സ്കൂൾ ഹെഡ്മാസ്റ്റർ സുബിൻ എ.എ വർക്ക്ഷോപ്പ് നടത്തി.

### Value Education പരീക്ഷ നടത്തി

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികളുടെ Value Education പരീക്ഷ ഫെബ്രുവരി 14-ാം തിയ്യതി നടത്തി.

### ആർട്സ് ഡേ നടത്തി

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023-2025 ബാച്ച് വിദ്യാർത്ഥികളുടെ ആർട്സ് ഡേ ഫെബ്രുവരി 21-ാം തിയ്യതി നടത്തി. തിരുവാതിര, ഗ്രൂപ്പ് ഡാൻസ്, ഫാൻസി ഡ്രസ്സ് തുടങ്ങിയ നിരവധിയായ മത്സരങ്ങൾ അരങ്ങേറി.

**കരിക്കുലം സെമിനാർ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023-2025 ബാച്ച് വിദ്യാർത്ഥികളുടെ കരിക്കുലം സെമിനാർ ഫെബ്രുവരി 27, 28 തിയ്യതികളിൽ നടത്തി. വ്യത്യസ്ത വിഷയങ്ങളിൽ വിദ്യാർത്ഥികൾ സെമിനാർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**നാഷണൽ സയൻസ്ഡേ ആഘോഷം നടത്തി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എൻ.എസ്.എസ് യൂണിറ്റുമായി ചേർന്നുകൊണ്ട് ഫെബ്രുവരി 28-ാം തിയ്യതി നാഷണൽ സയൻസ് ഡേ ആഘോഷിച്ചു.

**മന്തിലി ഫീഡ്ബാക്ക് നടത്തി**

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഫെബ്രുവരി മാസത്തെ കോളേജ് പ്രവർത്തനങ്ങളുടെ മന്തിലി ഫീഡ്ബാക്ക് ഫെബ്രുവരി 28-ാം തിയ്യതി സംഘടിപ്പിച്ചു. ഇംഗ്ലീഷ് വിഭാഗം വിദ്യാർഥികൾ പരിപാടിക്ക് നേതൃത്വം വഹിച്ചു. വിവിധങ്ങളായ കലാപരിപാടികളും മത്സരങ്ങളും അരങ്ങേറി.

| | |
|---|---|
| **ഫാ. ചാക്കോ ചിറമ്മൽ** | **ഫാ. ഷിജു ചിറ്റിലപ്പിള്ളി** |
| കോളേജ് പ്രിൻസിപ്പൽ | അസി.മാനേജർ |

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 7 വെള്ളി | - | ആദ്യവെള്ളി, വി. കുർബാന |
| 8 ശനി | - | ലോക വനിതാദിനം |
| 19 ബുധൻ | - | വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 22 ശനി | - | ലോക ജലദിനം |
| 23 ഞായർ | - | ലോക കാലാവസ്ഥദിനം |
| 25 ചൊവ്വ | - | മംഗലവാർത്ത തിരുനാൾ |

**2. സ്ഥലമാറ്റ അപേക്ഷകൾ**

അധ്യാപകർ സ്ഥലം മാററത്തിനുള്ള അപേക്ഷകൾ മാനേജരച്ച

ന്മാരുടെ ഒപ്പോടുകൂടി 2025 മാർച്ച് 31 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. 31-5-2025 ന് നിലവിലുള്ള വിദ്യാലയത്തിൽ തുടർച്ചയായി 10 വർഷം പൂർത്തിയായവർ അപേക്ഷ സമർപ്പിക്കേണ്ടതാണ് (2026, 2027 എന്നീ വർഷങ്ങളിൽ വിരമിക്കുന്നവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല).

കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയിലെ വിദ്യാലയങ്ങളിൽ 31-5-2025 ന് തുടർച്ചയായി 10 വർഷം പൂർത്തികരിക്കുന്നതോ, അതിലധികമോ ആകുന്ന അധ്യാപകരുടെ പേര് വിവരം താഴെ കാണുന്ന proforma പൂരിപ്പിച്ച് 20-3-2025 തീയതിക്കകം ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**2. PROFORMA**

LIST OF TEACHERS WHO HAVE COMPLETED 10 YEARS OF SERVICE AS ON 31-5-2025

| Name of staff | Designation | Date of joining in this school | Total year of service in this school | Date of retire-ment | Place of resid-ence | Remarks |
|---|---|---|---|---|---|---|
| | | | | | | |

(Seal)

Signature of Head of the school

**3. മെയിന്റനൻസ്ഗ്രാന്റ്**

മെയിന്റനൻസ്ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കി സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനാധ്യാപകർ ചെയ്യേണ്ടതാണ്.

### 4. LEAST LEAVE – LIST OF STAFF MEMBERS 2004

| Sl. No. | Name | Designation | Days | School |
|---|---|---|---|---|
| 1. | Bobby Pudukaden | HSST-Computer Science | Nil | St. Thomas H.S.S. Thope, Thrissur |
| 2. | Jelips Paul K. | HST-Mathematics | Nil | C.J.M.A.H.S.S., Varandarappilly |
| 3. | Jency James Neelankavil | UPST | Nil | St. George's U.P.S., Mukkattukara |
| 4. | Arun Devassy V. | Lab Assistant | Nil | St. Joseph's H.S.S., Velupadam |
| 5. | Bijil C.L. | Lab Assistant | Nil | St. John's H.S.S., Parappur |
| 6. | Jinto Varghese K. | Lab Assistant | Nil | St. John's H.S.S., Parappur |
| 7. | Jastin K.J. | Lab Assistant | Nil | St. Thomas H.S.S., Mayannur |
| 8. | Rosy A.F. | HSST-Malayalam | 1 | St. Thomas H.S.S., Mayannur |
| 9. | Raymond K.M. | Lab Assistant | 1 | St. Antony's H.S.S., Pazhuvil |
| 10. | Tony P.D. | Lab Assistant | 1 | St. Thomas H.S.S. Thope, Thrissur |
| 11. | Shinto P.J. | Headmaster | 1½ | Little Flower L.P.S., Ponnore |
| 12. | Baby Helen | HSST-English | 1½ | St. Antony's H.S.S., Pudukad |
| 13. | Anju Antony | HSST (Jr.)-Mathematics | 1½ | St. Antony's H.S.S., Pazhuvil |
| 14. | Shaji N.K. | LPST | 1½ | St. Antony's L.P.S., Attupuram |
| 15. | Thomas M.J. | HSST-Commerce | 2 | St. Joseph's H.S.S., Avinissery |

| | | | | |
|---|---|---|---|---|
| 16. | K. Liju Jose | HST-Mathematics | 2 | C.J.M.A.H.S.S., Varandarappilly |
| 17. | Jeneesh N.C. | UPST | 2 | St. George's U.P.S., Mukkattukara |
| 18. | Soniya Johny | LPST | 2 | St. Thomas L.P.S., Thiroor |
| 19. | Ajith Paul Anto | HSST-Computer Science | 2½ | St. Thomas C.H.S.S., Thrissur |
| 20. | Nancy C.J. | LPST | 2½ | St. Joseph's U.P.S., Kundannur |
| 21. | Sona Sunny | LPST | 2½ | St. Antony's U.P.S., Kodannur |
| 22. | Gilse A Pallan | Principal | 3 | St. Antony's H.S.S., Pudukad |
| 23. | John P.J. | Headmaster | 3 | St. Thomas H.S.S., Engandiyur |
| 24. | Ouseph T.V. | HSST-English | 3 | St. Joseph's H.S.S., Avinissery |
| 25. | Suja Davis T. | HSST-Physics | 3 | St. Joseph's H.S.S., Velupadam |
| 26. | Jancy V.R. | HST-Hindi | 3 | St. Joseph's H.S., Enamakkal |
| 27. | Thressiamma T.O. | HST-English | 3 | St. Antony's H.S.S., Pazhuvil |
| 28. | Ajin George | UPST | 3 | St. Thomas H.S.S., Thiroor |
| 29. | Smitha Lawrance | UPST | 3 | St. George's U.P.S., Mukkattukara |
| 30. | Titto George | Office Attendant | 3 | St. Thomas H.S.S., Engandiyur |
| 31. | Naishan Lazar Panakkal | Full Time Menial | 3 | St. Thomas H.S.S., Engandiyur |
| 32. | Sidhil Thomas | Full Time Menial | 3 | Matha H.S., Mannampetta |

## 5. RETIREMENT LIST 2024-2025

| Sl. No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Gilse A. Pallan | Principal | 24/02/69 | - | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 2. | Glady P.J. | Principal | 30/05/69 | - | St. Thomas H.S.S., Mayannur | General |
| 3. | Joseph P.V. | Headmaster | 07/04/69 | - | St. John's H.S.S., Parappur | H.S.S. Parappur |
| 4. | John P.J. | Headmaster | 12/05/69 | - | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 5. | Seena C.O. | Headmistress | 20/05/69 | - | St. Antony's H.S.S., Puthenpeedika | U.P.S. Kodannur |
| 6. | Staini Chacko C. | Headmaster | 26/05/69 | - | St. Antony's H.S.S., Ammadam | U.P.S. Kodannur |
| 7. | Babu K.J. | Headmaster | 03/02/69 | - | St. Joseph's L.P.S., Pavaratty | L.P.S. Pavaratty |
| 8. | Mary K.I. | Headmistress | 24/03/69 | - | St. Mary's L.P.S., Enamakkal | General |
| 9. | Jessy Joseph P. | Headmistress | 26/05/69 | - | St. Thomas L.P.S., Arthat | L.P.S. Arthat |
| 10. | Shaju K. Davis | HSST | 10/04/69 | Physics | St. Antony's H.S.S., Pudukad | U.P.S. Vendore |
| 11. | Joly A.J. | HSST | 24/05/69 | Commerce | St. Antony's H.S.S., Pudukad | H.S.S. Ammadam |
| 12. | Shiby Antony | HSST | 04/05/69 | Economics | St. Antony's H.S.S., Ammadam | U.P.S. Lourdes, Thrissur |
| 13. | Sheeba K.P. | HSST | 31/05/69 | Economics | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 14. | Baby Helen | HSST | 20/06/69 | English | St. Antony's H.S.S., Pudukad | H.S.S. Pudukad |

| | | | | | | |
|---|---|---|---|---|---|---|
| 15. | Sheeba Raphael | HSST | 15/12/68 | English | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 16. | Daisy K.V. | HSST | 03/04/69 | Mathematics | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 17. | Shaly Joseph T. | HSST | 20/05/69 | Mathematics | St. Antony's H.S.S., Pudukad | L.P.S. Pudussery |
| 18. | Betsy Joseph | HSST | 18/02/75 | Mathematics | St. Thomas H.S.S. Thope, Thrissur | General |
| 19. | Aji Joseph T. | HSST (Junior) | 01/03/69 | Hindi | St. Antony's H.S.S., Pazhuvil | H.S.S. Ammadam |
| 20. | Vincent Antony K. | HST | 22/11/68 | Physical Science | Tharakan's H.S., Aranattukara | H.S. Aranattukara |
| 21. | Ajitha Roy P. | HST | 18/03/69 | Physical Science | St. Joseph's H.S., Enamakkal | H.S.S. Ammadam |
| 22. | Sherbin Kurian | HST | 26/05/69 | Social Science | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 23. | Joly B.A. | HST | 30/05/69 | Social Science | St. Sebastian's H.S., Chittattukara | U.P.S. Manalur |
| 24. | Joicy V.A. | HST | 03/04/69 | Mathematics | St. Sebastian's H.S., Chittattukara | General |
| 25. | Jolly C.M. | HST | 28/05/69 | Mathematics | St. Antony's H.S.S., Ammadam | H.S.S. Ammadam |
| 26. | Seena K. Zeetta | HST | 20/05/69 | Hindi | C.J.M.A.H.S.S., Varandarappilly | General |
| 27. | Usha Varghese Thelekatt | HST | 30/05/69 | Hindi | St. Mary's H.S., Chengaloor | H.S. Chengaloor |
| 28. | Nisha Mathew K. | UPST | 05/04/69 | - | Matha H.S., Mannampetta | H.S.S. Varandarappilly |
| 29. | Annie I.O. | UPST | 10/05/69 | - | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |

| | | | | | | |
|---|---|---|---|---|---|---|
| 30. | Shiny K. Puthur | UPST | 27/05/69 | - | St. Thomas U.P.S., Koonammuchi | U.P.S. Koonammuchi |
| 31. | Gilsy Joseph | UPST | 30/05/69 | - | St. Thomas H.S.S. Thope, Thrissur | H.S.S. Ammadam |
| 32. | Betty Varghese P. | UPST | 30/05/69 | - | St. Ignatius U.P.S., Manalur | H.S.S. Thope, Thrissur |
| 33. | Sheena Joseph T. | UPST | 31/05/69 | - | C.J.M.A.H.S.S., Varandarappilly | General |
| 34. | Bency J. Padira | UPST | 31/05/69 | - | St. Thomas H.S.S., Mayannur | H.S.S. Mayannur |
| 35. | Mely V.P. | LPST | 11/11/68 | - | St. Thomas U.P.S., Koonammuchi | General |
| 36. | Leena E.G. | LPST | 08/12/68 | - | Mission Home L.P.S., Mariapuram | L.P.S. Palissery |
| 37. | Shiny Raphael | LPST | 05/01/69 | - | R.C.U.P.S., Thoyakkavu | U.P.S. Lourdes, Thrissur |
| 38. | Regi C.O. | LPST | 06/04/69 | - | St. Joseph's L.P.S., Pavaratty | L.P.S. Parappur |
| 39. | Leena George K. | LPST | 08/05/69 | - | St. Sebastian's H.S., Chittattukara | H.S.S. Thiroor |
| 40. | Nancy C.J. | LPST | 25/05/69 | - | St. Joseph's U.P.S., Kundannur | L.P.S. Attupuram |
| 41. | Lissy O.T. | LPST | 26/05/69 | - | St. Thomas L.P.S., Palayoor | H.S.S. Ammadam |
| 42. | Omana Paul K. | LPST | 31/05/69 | - | St. Joseph's L.P.S., Pavaratty | H.S. Enamakkal |
| 43. | Sheela C.A. | LPST | 31/05/69 | - | St. Thomas U.P.S., Koonammuchi | U.P.S. Koonammuchi |
| 44. | Elsy Paul Aloor | LPST | 31/05/69 | - | St. Thomas U.P.S., Koonammuchi | General |
| 45. | Mercy C.D. | LPST | 31/05/69 | - | Matha H.S., Mannampetta | U.P.S. Koonammuchi |
| 46. | Leena K. Jacob | LPST | 31/05/69 | - | St. John's L.P.S., Parappur | L.P.S. East Mangad |

| | | | | | | |
|---|---|---|---|---|---|---|
| 47. | Sheela P.V. | Junior Urdu | 30/05/69 | - | St. Antony's H.S.S., Ammadam | H.S.S. Ammadam |
| 48. | Shandy P.L. | Music | 12/05/69 | - | St. Sebastian's H.S., Chittattukara | General |
| 49. | Beena P.A. | Needle Work | 19/05/69 | - | St. Thomas H.S.S., Mayannur | H.S.S. Varandarappilly |
| 50. | Paize K.J. | Physical Education | 30/04/69 | - | St. Joseph's H.S., Enamakkal | H.S. Enamakkal |
| 51. | Joshy C.P. | Clerk | 22/05/69 | - | St. Joseph's H.S.S., Avinissery | H.S. Chengaloor |
| 52. | Shaju MD. | Clerk | 31/05/69 | - | St. Antony's H.S.S., Puthenpeedika | U.P.S. Vatanappally |
| 53. | Thressiamma C.P. | Office Attendant | 20/05/69 | - | St. Sebastian's H.S., Chittattukara | H.S. Chittattukara |
| 54. | Omana K.J. | Office Attendant | 29/05/69 | - | R.C.U.P.S., Kottapady | General |

Note: 1. Parent school means:

(a) School from where the Nomination is received or (b) School at which the teacher worked as on 31-3-1971.

2. Nomination facility in present school is applicable only to this Archdiocese.

3. The school can't enjoy the Nomination facility if there is division fall in previous years.

4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.

5. The final list of Nomination will be published only after the Managers' Meeting.

6. Irregularities on parent school will be clarified at the time of Managers' Meeting, if any.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**മാർച്ച് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മാർച്ച് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 12,13,14 & 26,27,28. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamily apostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം- രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ.

**നന്ദിയോടെ**

കഴിഞ്ഞ വർഷങ്ങളിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ഡയറക്ടർ എന്ന നിലയിൽ അകമഴിഞ്ഞ് സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള നൂതനങ്ങളായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കുകയും ചെയ്ത ബഹു. ഫാ. ഡെന്നി താണിക്കലച്ചന് ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**നന്ദിയോടെ**

കഴിഞ്ഞ 9 വർഷക്കാലം കുടുംബ കൂട്ടായ്മ ഡയറക്ടറായി പെ. ബഹു. ഡെന്നി താണിക്കൽ അച്ചൻ ചെയ്ത നിസ്വാർത്ഥസേവനങ്ങൾക്ക് അതിരൂപത കുടുംബ കൂട്ടായ്മയുടെ പേരിലുള്ള നന്ദി ഏറ്റവും ഹൃദ്യമായി അർപ്പിക്കുന്നു.... ബഹു. അച്ചൻ ഏറ്റെടുത്ത പുതിയ ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നതോടപ്പം എല്ലാവിധ ആശംസകളും ഭാവുകങ്ങളും ഏറ്റവും സ്നേഹപൂർവ്വം നേരുന്നു.

**സ്വാഗതം**

കുടുംബകൂട്ടായ്മയ ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് അതിരൂപത കുടുംബകൂട്ടായ്മയുടെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**ഫൊറോന ആനിമേറ്റേഴ്സിന്റെയും വർക്കിങ്ങ് കമ്മിറ്റിയുടെയും സംയുക്ത യോഗം**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന കൺവീനർമാരുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 10-ാം തിയ്യതി തിങ്കളാഴ്ച്ച കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2025 ഏപ്രിൽ – 2026 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ആനിമേറ്റർ അച്ചന്മാരേയും ഫൊറോന കൺവീനർമാരെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡിയും വാർഷിക പദ്ധതി പ്രകാശനവും**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം മാർച്ച 15-ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 2.30 ന് കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ 16 ഫൊറോനയിലെ കേന്ദ്രസമിതി എക്സിക്യൂട്ടീവ് അംഗങ്ങളും (തിരഞ്ഞെടുക്കപ്പെട്ട 7 പ്രതിനിധികളും നാമനിർദ്ദേശം ചെയ്ത 2 പ്രതിനിധികളും), അതിരൂപത ജനറൽബോഡിയിലേക്ക് അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്ത 15 അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഇതിന്

പുറമെ എല്ലാ ഇടവക കൺവീനർമാരെയും ഈ യോഗത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. ഈ യോഗത്തിൽ വച്ച് 2025 - 2026 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക, കുടുംബ തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷിപദ്ധതിയുടെ പ്രകാശന കർമ്മം നിർവഹിക്കുന്നതാണ്.

**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മഹാസംഗമം - പറേസിയ 2025**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ 2025 മാർച്ച് 30 ഞായറാഴ്ച്ച 2 മണിക്ക് സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് (മാർ ജോസഫ് കുണ്ടുകുളം നഗർ) കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള മഹാസംഗമം പറേസിയ 2025 സംഘടിപ്പിക്കുന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിക്കുന്ന പ്രസ്തുത യോഗം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര, മോൺ. ജെയ്സൻ കൂനംപ്ലാക്കൽ എന്നിവർ സന്നിഹിതരാകുന്നു.

എല്ലാ ഇടവകയിൽ നിന്നും ഇടവക കേന്ദ്രസമിതി അംഗങ്ങളും, കുടുംബകൂട്ടായ്മ യൂണിറ്റ് പ്രസിഡണ്ടുമാരും നിർബന്ധമായും പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ മഹാസംഗമം വൻവിജയമാക്കാൻ ഫൊറോന വികാരിമാർ, ഫൊറോന ആനിമേറ്റർമാർ, ഇടവക വികാരിമാർ, അതിരൂപത-ഫൊറോന-ഇടവക കുടുംബകൂട്ടായ്മ ഭാരവാഹികൾ എന്നിവരുടെ സഹകരണം സവിനയം അഭ്യർത്ഥികക്കുന്നു.

**മാതൃക യൂണിറ്റ് തിരഞ്ഞെടുപ്പ്**

അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മകളിൽ നിന്നും നിശ്ചിത മാർക്ക് കിട്ടുന്ന കുടുംബയൂണിറ്റുകളെ മാതൃക കുടുംബയൂണിറ്റുകളായി തെരഞ്ഞെടുക്കുന്നു. അതിനായി 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കുടുംബകൂട്ടായ്മയുടെ റിപ്പോർട്ടും ഹാജരും പ്രവർത്തനങ്ങളുടെ ഫോട്ടോയും അടക്കം ഇടവക വികാരിയും ഇടവക കേന്ദ്രസമിതി കൺവീനറും സാക്ഷ്യപ്പെടുത്തി 2025 ഏപ്രിൽ 10-ാം തിയ്യതിക്കകം കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## പിതൃവേദി

**കൃതജ്ഞതയോടെ...**

പിതൃവേദിയുടെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയ ഡയറക്ടർ ഫാ. ഡെന്നി താണിക്ക ലച്ചന് ഒത്തിരി നന്ദി.

**സ്വാഗതം**

പിതൃവേദി ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് അതിരൂപത പിതൃവേദിയുടെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

## മാതൃവേദി

**കൃതജ്ഞതയോടെ...**

കഴിഞ്ഞ 9 വർഷങ്ങൾ തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ വിവി ധങ്ങളായ പ്രവർത്തനങ്ങൾക്ക് ഡയറക്ടർ എന്ന നിലയിൽ അകമ ഴിഞ്ഞ് സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും മാതൃവേദിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള നൂതനങ്ങളായ എല്ലാ പ്രവർത്തന ങ്ങൾക്കും പ്രത്യേകിച്ച് അഞ്ച് തവണ ബസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ്, സെമിനാറുകൾ, സംഗമങ്ങൾ, മത്സരങ്ങൾ, ക്ലാസ്സുകൾ, നേതൃത്വ പരിശീലനം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി പട്ടിക്കാട് ഫൊറോന വികാരിയായി ശുശ്രൂഷ ആരംഭിച്ച പെ. ബഹു. ഡെന്നി താണിക്കലച്ചന് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെ ടുത്തുന്നു.

**സ്വാഗതം**

മാതൃവേദി ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് അതിരൂപത മാതൃവേദിയുടെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ മാതൃവേദി ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 7-ാം തിയ്യതി വെള്ളിയാഴ്ച്ച കാലത്ത് 10.30 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2025 ഏപ്രിൽ - 2026 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ആനിമേറ്റർ അച്ചന്മാരേയും ഫൊറോന ഭാരവാഹികളെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**അതിരൂപത മാതൃവേദി ജനറൽബോഡിയും വാർഷികപദ്ധതി പ്രകാശനവും**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ ജനറൽബോഡി യോഗം മാർച്ച് 27-ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് ഉച്ചകഴിഞ്ഞ് 2.30 ന് കൂടുന്നതാണ്. ഈ യോഗത്തിൽ വച്ച് 2025 - 2026 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷിപദ്ധതിയുടെ പ്രകാശന കർമ്മം നിർവഹിക്കുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**നന്ദിയോടെ**

പ്രോലൈഫ് നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള നൂതനങ്ങളായ എല്ലാ പ്രവർത്തനങ്ങൾക്കും ഡയറക്ടർ എന്ന നിലയിൽ ഏറെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഫാ. ഡെന്നി താണിക്കലച്ചന് ഒത്തിരി നന്ദി.

**സ്വാഗതം**

ജോൺപോൾ പ്രോലൈഫ് ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതിയുടെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും മാർച്ച് 3 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെനടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഫെബ്രുവരി മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും മാർച്ച് 9-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി** — ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ** — പ്രസിഡന്റ്

## സി.സി.ഡബ്ല്യു.ഐ

**നന്ദിയോടെ**

സംഘടനയുടെ ഡയറക്ടറായ 9 വർഷം ശക്തമായ നേതൃത്വം നൽകിയ ബഹു. ഡെന്നി താണിക്കലച്ചന് ഒത്തിരി നന്ദി.

**സ്വാഗതം**

സി.സി.ഡബ്ല്യൂ.ഐയുടെ ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് സി.സി.ഡബ്ലിയു.ഐയുടെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി** — ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്** — പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**നന്ദിയോടെ**

കഴിഞ്ഞ വർഷങ്ങളിൽ ലോഫിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കും അകമഴിഞ്ഞ് സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ലോഫിന്റെ വിവധങ്ങളായ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകിയ ഡയറക്ടർ ഫാ. ഡെന്നി താണിക്കലച്ചന് ഒത്തിരി നന്ദി.

**സ്വാഗതം**

ലീജിയൺ ഓഫ് അപ്പൊസ്റ്റൊലിക് ഫാമിലീസിന്റെ ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് അതിരൂപത ലീജിയൺ ഓഫ് അപ്പൊസ്റ്റൊലിക് ഫാമിലീസിന്റെ ഏറ്റവും ഹൃദ്യമായ സ്വാഗതം.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന അടുത്ത ദമ്പതി ധ്യാനം മെയ് 16,17,18 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ, ആമ്പല്ലൂരിൽ വച്ച് സംഘടിപ്പിക്കുന്നു. മെയ് 16 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 15 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' മാർച്ച് 8-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ മാർച്ച് 23-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**കൃതജ്ഞതയോടെ....**

അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ഡയറക്ടർ എന്ന നിലയിൽ നാളിതുവരെ സഹായിച്ച ഡെന്നി താണിക്കൽ അച്ചന് ഒത്തിരി നന്ദി പറയുന്നു.

**സ്വാഗതം**

അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ഡയറക്ടറായി ചാർജെടുത്ത ബഹു. ടിങ്കിൾ വാഴപ്പിള്ളി അച്ചന് അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ഹൃദ്യമായ സ്വാഗതം.

**ജൂബിലി മിഷൻ ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് നിയമനം**

യോഗ്യത : ബി.എസ്.സി., പോസ്റ്റ് ബി. എസ്. സി., ജി.എൻ.എം. എന്നിവയിലേതെങ്കിലും കേരള നേഴ്സസ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ. കുറഞ്ഞത് 2 വർഷത്തെ പ്രവർത്തി പരിചയം. യോഗ്യരായ ഉദ്യോഗാർത്ഥികൾ ജൂബിലി ആശുപത്രിയുടെ വെബ് സൈറ്റ് വഴി അപേക്ഷിക്കേണ്ടതാണ്

അപേക്ഷ ലിങ്ക് : https://jmmc.ac.in/careerapply.php?id=469

സുപ്രീംകോടതിയിൽ കോർട്ട് അസിസ്റ്റന്റ് ജോലി ഒഴിവുകൾ

സുപ്രീംകോടതിയുടെ പുതിയ നോട്ടിഫിക്കേഷൻ അനുസരിച്ച് ജൂനിയർ കോടതി അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കാൻ ആഗ്രഹമുള്ള ഉദ്യോഗാർത്ഥികൾ ഇപ്പോൾ തന്നെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ കീഴിൽ സുപ്രീംകോടതിയിൽ ജോലി ആഗ്രഹിക്കുന്ന ആളുകൾക്ക് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താം. EWS റിസർവേഷൻ ബാധകമാണ്.

ജോലി ഒഴിവുകൾ : 241

ശമ്പള തുക : 72,040/

പ്രായപരിധി 18 –30 വരെ

അവസാന തീയതി : 2025 മാർച്ച് 8

**ഭിന്നശേഷിക്കാരുടെ 'മെറി ഹോം' വായ്പ പലിശ 7% മാത്രം**

ഭിന്നശേഷിക്കാർക്ക് വീടു നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നൽകിവരുന്ന 'മെറി ഹോം' ഭവന വായ്പ

യുടെ പലിശ ഏഴു ശതമാനമാക്കി കുറച്ചതായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു അറിയിച്ചു. അമ്പതു ലക്ഷം രൂപ വരെയുള്ള വായ്പക്കാണ് പലിശ ഏഴു ശതമാനമാക്കി കുറച്ചത്. യാതൊരുവിധ പ്രോസസിങ് ചാർജ്ജും ഇല്ലാതെ ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെയാണ് ഭിന്നശേഷിക്കാർക്ക് മെറി ഹോം പദ്ധതിയിൽ വായ്പ നൽകിവരുന്നത്. ഭിന്നശേഷിക്കാർക്ക് ഈ ആവശ്യത്തിന് മറ്റെങ്ങും ലഭിക്കാത്ത കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന സവിശേഷ പദ്ധതിയാണിത്. അർഹരായ മുഴുവൻ ഭിന്നശേഷിക്കാരിലും ഈ പദ്ധതിയുടെ വിവരമെത്താൻ സമൂഹശ്രദ്ധ ഉണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും www.hpwc.kerala.gov.in എന്ന വിലാസത്തിലും 0471 2347768, 9497281896 എന്നീ നമ്പറുകളിലും വിവരം ലഭിക്കും.

**ഇഡബ്ല്യുഎസ് സാമ്പത്തിക സംവരണം**

ഇതുവരെ സാമുദായിക സംവരണം ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തും സർക്കാർ ജോലികളിലും ഭരണഘടനാപരമായി അനുവദിച്ചിരിക്കുന്ന 10% സംവരണമാണ് സാമ്പത്തിക സംവരണം. ഇത് ഇ ഡബ്ലിയു എസ് റിസർവഷൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇ ഡബ്ലിയു എസ് സർട്ടിഫിക്കറ്റ് ഓരോ വർഷവും പുതുക്കണം. (കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ). പ്രയോജനങ്ങൾ

കേരള സംസ്ഥാന മാനദണ്ഡപ്രകാരമുള്ള ഇ ഡബ്ലിയു എസ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്ലസ് വൺ - ഡിഗ്രി ഏകജാലക പ്രവേശനം, കേരള മെഡിക്കൽ- എൻജിനീയറിംഗ് പ്രവേശനം, SET, K-TET പോലെയുള്ള യോഗ്യതാ പരീക്ഷകൾ, ഗവണ്മെന്റ് നേഴ്സിംഗ്-പാരാ മെഡിക്കൽ, പോളിടെക്നിക് ഹയർസെക്കൻഡറി, UG, PG അഡ്മിഷൻ തുടങ്ങി ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലും PSC മുഖേനയുള്ള സർക്കാർ നിയമനങ്ങളിലും 10% സംവരണം നേടുന്നതിന് ഉപകരിക്കും. ഓരോ വിജ്ഞാപനവും ഇറങ്ങുന്നതോടൊപ്പം ഇഡബ്ലിയു എസിനുള്ള ക്രമീകരണവും ഉണ്ടായിരിക്കും. വില്ലേജ് ഓഫീസറുടെ പക്കൽ നിന്നാണ് സംസ്ഥാന മാനദണ്ഡപ്രകാരം ഉള്ള സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടത്. കേന്ദ്ര സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും NEET, NET, C TET തുടങ്ങിയ യോഗ്യതാ പരീക്ഷകൾക്കും UPSC, SSC, RRB, ബാങ്കിംഗ് - പൊതുമേഖല തുടങ്ങിയ കേന്ദ്രസർക്കാരിന്റെ അനേകം തൊഴിലവസരങ്ങളിലേക്കുള്ള സെലക്ഷനും ഉപകരിക്കുന്നത് കേന്ദ്ര മാനദണ്ഡപ്ര

കാരമുള്ള ഈ ഡബ്ലിയു എസ് സർട്ടിഫിക്കറ്റിലൂടെയാണ്. ഇതു ലഭിക്കുന്നതിന് വില്ലേജ് ഓഫീസറുടെ ശുപാർശയോടെ കൂടി തഹസിൽദാർക്കാണ് അപേക്ഷ കൊടുക്കേണ്ടത്.

**സാങ്കേതിക സഹായം**

കൂടുതൽ വിവരങ്ങളും പുതിയ അപേക്ഷ ഫോം, സർട്ടിഫിക്കറ്റിനുള്ള ഫോർമാറ്റ്, ഇതുസംബന്ധിച്ച ഗവൺമെൻറ് ഓർഡറുകൾ, തുടങ്ങിയവ ആവശ്യമുള്ളവർക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെൻ്റർ ഓഫീസുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

സംശയദുരീകരണത്തിനു (+91) 7902713325, 7909293325 എന്ന നമ്പറുകളിൽ വിളിക്കുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

## ചിൽഡ്രൻസ് മിനിസ്ട്രി

**നന്ദി, സ്വാഗതം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയറക്ടറായി നാല് വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. ഫാ. സിജോ മുരിങ്ങാത്തേരിയച്ചനും കോർഡിനേറ്റർ സി. ബീന റോസ് എസ് എസ് പി സി ക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ സ്നേഹോഷ്മളമായ നന്ദിയും കടപ്പാടും അറിയിക്കുന്നതോടൊപ്പം പുതിയ ഡയറക്ടറായി നിയമിതനായ ബഹു. പോൾ മുട്ടത്തച്ചനും കോർഡിനേറ്ററായ സി. ജീജ പോൾ എസ് എസ് പി സി ക്കും ഹൃദ്യമായ സ്വാഗതവും അഭിനന്ദനവും ആശംസിക്കുന്നു.

**അവാർഡ് ഡേ 2025**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2024-2025 പ്രവർത്തനകാലഘട്ടത്തിൽ അതിരൂപത തലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനദാനം 2025 ജനുവരി 19 ന് ഞായറാഴ്ച വിശ്വാസപരിശീലകേന്ദ്രത്തിൽവെച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂ

പത മെത്രാപോലിത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ യോഗത്തിന് അധ്യക്ഷതവഹിച്ചു. ബഹു. സി. ബീന റോസ് എസ് എസ് പി സി വാർഷിക റിപ്പോർട്ട് വായിച്ചു. പ്രമോട്ടർ പ്രതിനിധി ബഹു. ഫാ. ജിജോ എടക്കളത്തൂർ ഏവർക്കും സ്വാഗതം ആശംസിക്കുകയും വികാരി ജനറാളച്ചനായ മോൺ. ജോസ് വല്ലൂരാൻ, പ്രമോട്ടർ പ്രതിനിധി ബഹു. ജെയ്സൺ പഴയേടത്തച്ചൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

## PREPARATION COURSE FOR HOLY COMMUNION TEACHERS

ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായ് സംഘടിപ്പിക്കുന്ന അർധദിന പരിശീലപരിപാടി 2025 മാർച്ച് 8 ശനിയാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ തൃശ്ശൂർ ആർച്ച്ബിഷപ്പ് ഹൗസിലെ മുകളിലുള്ള ഹാളിൽവെച്ച് സംഘടിപ്പിക്കുന്നു. ഓരോ ഇടവകയിൽനിന്നും പരമാവധി 2 പേർക്ക് പങ്കെടുക്കാനാവുന്നതാണ്. പങ്കെടുക്കുന്നാഗ്രഹിക്കുന്നവർ 2025 മാർച്ച് 6 ന് മുമ്പ്  ഗൂഗിൾഫോം വഴി റജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

## ആമി ജെസു ചാലഞ്ച് 2025   (Ami Gesù Challenge 2025)

സ്നേഹമുള്ള ചിൽഡ്രൻസ് മിനിസ്ട്രി കുട്ടുക്കാരെ, ഈ വർഷം 2025 മാർച്ച് 3 മുതൽ വലിയ നോമ്പ് ആരംഭിക്കുകയാണല്ലോ. ഈശോ നമുക്ക് രക്ഷനേടിത്തരുന്നതിനായ് സഹിച്ച പീഡകളേയും കുരിശുമരണത്തേയും പ്രത്യേകമായി ഓർത്ത് പ്രാർത്ഥിക്കുവാനായ് സഭ മാറ്റിവെച്ചിരിക്കുന്ന ദിവസങ്ങളാണ് വലിയ നോമ്പിന്റ ഏഴ് ആഴ്ചകൾ. ഈശോ പത്രോസിനോട് ചോദിച്ച ആ ചോദ്യം ഈ നോമ്പുകാലത്ത് നമുക്ക് ധ്യാനവിഷയമാക്കാം. നീ എന്നെ സ്നേഹിക്കുന്നുവോ? (യോഹ 21.16). പത്രോസ് അന്ന് മറുപടി നൽകിയതുപോലെ അവിടുത്തോട് നമുക്കും മറുപടി നൽകാനുള്ള ഒരു അവസരമാക്കി ഈ വലിയ നോമ്പുക്കാലത്തെ നമുക്ക് മാറ്റാം. യേശു പത്രോസിനോട് ചോദിച്ച ആ ചോദ്യത്തെ ചിൽഡ്രൻസ് മിനിസ്ട്രി നിങ്ങൾക്കുമുന്നിൽ ഒരു ചാലഞ്ചാക്കി മുന്നോട്ട് വയ്ക്കുന്നു. ആമി ജെസു ചാലഞ്ച് 2025. ഈശോ പത്രോസിനോട് ചോദിച്ച് ആ ചോദ്യത്തിന്റെ (നീ എന്നെ സ്നേഹിക്കുന്നുവോ? ) ഇറ്റാലിയൻ പരിഭാഷയാണ് ആമി ജെസു. ഈ വലിയ നോമ്പിൽ ചിൽഡ്രൻസ് മിനിസ്ട്രിയിലെ അംഗങ്ങൾക്ക് പഠിക്കുവാനായി 50 വചനങ്ങളും പ്രവർത്തിക്കുവാനായി 50 പരിത്യാഗപ്രവർത്തനങ്ങളും അടങ്ങുന്ന വീഡിയോ 50 ദിവസവും ചിൽഡ്രൻസ് മിനിസ്ട്രിയുടെ വാട്സപ്പ് ചാനലിലൂടെ അയച്ചുതരുന്നതാണ്. വചനം ഹൃദ്യസ്ഥമാക്കുകയും

പ്രവർത്തനം പ്രാവർത്തികമാക്കുകയും ചെയ്യാം. ഈസ്റ്ററിനുശേഷം 50 വചനവും പഠിച്ച ചിൽഡ്രൻസ് മിനിസ്ട്രി അംഗങ്ങൾക്കായ് ഒരു വചന എഴുത്ത് മത്സരവും സംഘടിപ്പിക്കുന്നു. മത്സരവിവരങ്ങൾ പിന്നീട് ചാനലിലൂടെ അറിയിക്കുന്നതായിരിക്കും. ഇതിലുള്ള കുട്ടികളുടെ പങ്കാളിത്തം ബെസ്റ്റ് യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിൽ പരിഗണിക്കുന്നതായിരിക്കും.

**അതിരൂപത നേതൃത്വപരിശീലന ക്യാമ്പുകൾ**

ചിൽഡ്രൻസ് മിനിസട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി. അൾത്താരസംഘം എന്നീ സംഘടനകളുടെ ഭാരവാഹികൾക്കായ് അതിരൂപതാതലത്തിൽ നേതൃത്വപരിശീലനക്യാമ്പുകൾ തൃശ്ശൂർ, ഡി ബി സി എൽ സിയിൽവെച്ച് സംഘടിപ്പിക്കുന്നു. തിരുബാലസഖ്യം അംഗങ്ങൾക്കായ് സ്പർശ് ക്യാമ്പ് മെയ് 06, 07 തിയ്യതികളിലും ജൂനിയർ സി എൽ സി അംഗങ്ങൾക്കായ് ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പ് മെയ്13,14 തിയ്യതികളിലും അൾത്താരസംഘം അംഗങ്ങൾക്കായ് ബെർക്കുമെൻസ് ക്യാമ്പ് ഏപ്രിൽ 29, 30 തിയ്യതികളിലും നടത്തപ്പെടുന്നു. ഫൊറോന പ്രമോട്ടേഴ്സിന്റെ അനുമതിയോടെ ഓരോ ഫൊറോനയിൽ നിന്നും തിരഞ്ഞപ്പെടുക്കുന്ന 5 പേർക്ക് മാത്രമേ പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുക്കാവാനായി സാധിക്കൂ. രാവിലെ 9.00 മണിക്ക് ആരംഭിച്ച് അടുത്ത ദിവസം വൈകുന്നേരം 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് എല്ലാ ക്യാമ്പുകളും ക്രമീകരിച്ചിരിക്കുന്നത്. ഈ ക്യാമ്പുകളിൽവെച്ചാണ് ഫൊറോന അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. റജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 2025 മാർച്ച് 24 ന് മുമ്പ് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ANIMATORS FORMATION CAMP**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനുവേണ്ടിയുള്ള പരിശീലന ക്യാമ്പ് തൃശ്ശൂർ, ഡി ബി സി എൽ സിയിൽവെച്ച് 2025 മെയ് 2 ന് സംഘടിപ്പിക്കുന്നു. രാവിലെ 9.00 ന് ആരംഭിച്ച് വൈകുന്നേരം 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. റജിസ്ട്രേഷൻ ഫീസ് 100/- രൂപയാണ്. പങ്കെടുക്കാനഗ്രഹിക്കുന്നവർ 2025 ഏപ്രിൽ 30 ന് മുമ്പ് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**BCL, MCL, SFL**

അൾത്താരസംഘാംഗങ്ങൾക്കായ് ഏപ്രിൽ 23,24,25 തിയ്യതികളിൽ ബെർക്കുമൻസ് ക്രിക്കറ്റ് ലീഗും ഏപ്രിൽ 09,10,11 തിയ്യതികളിൽ ഫാ.

സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗും ജൂനിയർ സി എൽ സി അംഗങ്ങൾക്കായ് മെയ് 22 ന് മരിയൻ കാരംസ് ലീഗും മെയ് 24 ന് മരിയൻ ചെസ് ലീഗും സംഘടിപ്പിക്കുന്നു. പങ്കെടുക്കാനഗ്രഹിക്കുന്ന ടീമുകളും വ്യക്തികളും 2025 മാർച്ച് 31 ന് മുമ്പ് വികാരിയച്ചന്റെ അനുവാദത്തോടെ രജിസ്ട്രേഷൻ നട ത്തേണ്ടത്. ആദ്യം രജിസ്ട്രേഷൻ നടത്തുന്ന ടീമുകൾക്കായിരിക്കും മുൻഗണന ലഭിക്കുക.

**യൂണിറ്റ് റജിസ്ട്രഷൻ 2025**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ 2025 ലെ യൂണിറ്റ് റജിസ്ട്രഷൻ 2025 മാർച്ച് 01 മുതൽ ആരംഭിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃ ത്വത്തിൽ നടത്തുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിന് യൂണിറ്റ് റജിസ്ട്രേഷൻ നിർബന്ധമാണ്. ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് നേരിട്ട് 100 രൂപ അടച്ച് ഓരോ യൂണിറ്റുകളും അതാത് സംഘടനകളുടെ റജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

തിരുവചനം: കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോട് പറഞ്ഞു ദാവീദിന്റെ പുത്രനായ ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കു ന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. (മത്തായി 1. 20)

സുകൃതജപം: നല്ല മരണത്തിന്റെ മധ്യസ്ഥനായ വി. യൗസേ പ്പിതാവെ നല്ല മരണത്തിനായ് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണമേ.

പ്രാർഥനാ നിയോഗം: പ്രതിസന്ധിയിലായിരിക്കുന്ന കുടുംബാംഗ ങ്ങൾ തമ്മിലുള്ള ഭിന്നതകൾക്ക് പ്രതിവിധി കണ്ടെത്താൻ നമുക്ക് പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: മാർച്ച് 19 ഈശോയുടെ വളർത്തു പിതാവായ യൗസേപ്പിതാവിന്റെ മരണദിനമായി തിരുസഭ ആചരി ക്കുന്നു. തിരുസഭ വി.യൗസേപ്പിതാവിനെ നല്ല മരണത്തിന്റെ മധ്യസ്ഥ നായി വണങ്ങുന്നു. തന്റെ വിശ്വാസാനുഭവങ്ങളെക്കുറിച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നതിങ്ങനെ: 'സ്വപ്നങ്ങളിലൂടെ തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിച്ചിരുന്ന ഉറങ്ങുന്ന യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടി പ്രാർഥിക്കുന്നത് ഉചിതമാണ്. അവനുറങ്ങു മ്പോഴും സഭയെ പരിപാലിക്കുന്നു. അതെ, അദ്ദേഹത്തിന് അത് ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് എനിക്ക് പ്രശ്നമോ ബുദ്ധിമുട്ടോ ഉണ്ടാകുമ്പോൾ ഞാൻ ഒരു ചെറിയ കുറിപ്പെഴുതുകയും അത് ഉറങ്ങുന്ന വി. യൗസേപ്പിതാവിന്റെ തിരു സ്വരൂപത്തിന് താഴെവെയ്ക്കുകയും പ്രശ്നപരിഹാരത്തിനായ്

പ്രാർഥിക്കുകയും ചെയ്യാറുണ്ട്'. അതിനാൽ പരിശുദ്ധ പാപ്പയോടൊപ്പം സഭാമക്കളായ നമുക്കും പ്രതീക്ഷയോടെ മാർ യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യം തേടി പ്രാർഥിക്കാം.

<u>പ്രവർത്തനം:</u> ഈ വലിയ നോമ്പുക്കാലത്തിൽ 15 മിനിറ്റ് സമയമെങ്കിലും വി. ഗ്രന്ഥം വായിക്കാനായി നീക്കിവെച്ച് വചനമായ ഈശോയുടെ കൂടെയായിരിക്കാം.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം 64 – ാമത് വാർഷിക സമ്മേളനം സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ബ്ര. സണ്ണി കാട്ടൂക്കാരൻ അദ്ധ്യക്ഷനായിരുന്ന ഈ യോഗത്തിൽ റവ  ഫാ. ടിങ്കിൾ വാഴപ്പിള്ളി മൈനർ സെമിനാരി റെക്ടർ പ്രസ്തുത സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. ജോൺ മൂലൻ അനുഗ്രഹ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ കലാസാഹിത്യ മത്സരങ്ങൾക്ക് സമ്മാനാർഹർക്ക് ട്രോഫിയും സർട്ടിഫിക്കറ്റും നൽകി. സംഘടനയിൽ 25 വർഷം 50 വർഷം പൂർത്തിയാക്കിയ സൈനികർക്ക് മൊമെന്റോ നൽകി ആദരിച്ചു.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

## മദ്യവിരുദ്ധസമിതി

**1. അർദ്ധ വാർഷിക സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി കോട്ടയത്ത് നടക്കാൻ പോകുന്ന സംസ്ഥാന സമ്മേളനത്തിന്റെ മുന്നൊരുക്കമായി അർദ്ധ

വാർഷിക സമ്മേളനം സംഘടിപ്പിച്ചു. പാലാരിവട്ടം പി.ഒ.സി.യിൽ പ്രസ്തുത സമ്മേളനത്തിന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ചെയർമാൻ ബിഷപ്പ് യൂഹാനോൻ മാർ തെയോഡേഷ്യസ് ഉദ്ഘാടകനായി. അദ്ധ്യക്ഷനായത് മദ്യവിരുദ്ധ സമിതി കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺ അരീക്കലാണ്. കോട്ടയത്ത് നടക്കുന്ന സംസ്ഥാന വാർഷിക യുവജന സമ്മേളനത്തിന് തൃശൂർ അതിരൂപതയിൽ നിന്നും 50–ൽ കുറയാതെ ആളുകൾ പങ്കെടുക്കുമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ അറിയിച്ചു.

**2. പുസ്തക പ്രകാശനവും സ്നേഹാദരവും**

ഫാ. ദേവസ്സി പന്തല്ലൂക്കാരൻ വിവർത്തനം ചെയ്ത 'തോമയുടെ നടപടികളും മെഡ്ലിക്കോട്ട് മെത്രാന്റെ വ്യാഖ്യാനവും' എന്ന ചരിത്രഗ്രന്ഥം തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ 10.12.24 ന് പ്രകാശിതമായി. ഡോ. കുര്യാസ് കുമ്പളക്കുഴി ആദ്യപ്രതി മുളയം മേരിമാത മേജർ സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കലിന് നൽകിക്കൊണ്ടായിരുന്നു പ്രകാശനം. സഹൃദയവേദി സംഘടിപ്പിച്ച പ്രസ്തുത സമ്മേളനത്തിൽ സപ്തതിയോടടുത്ത ഡയരക്ടറച്ചനെ പൊന്നാട ചാർത്തി ആദരിക്കുകയും ചെയ്തു.

**3. മദ്യലഹരി വിമുക്ത കുടുംബസംഗമം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശൂർ അതിരൂപത മദ്യലഹരിവിമുക്ത കുടുംബസംഗമം വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോന ദൈവാലയ അങ്കണത്തിൽ സംഘടിപ്പിച്ചു. തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടകനായി. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായി. യോഗത്തിന് ഫൊറോന വികാരി വെരി. റവ. ഫാ. വർഗ്ഗീസ് തരകൻ അനുഗ്രഹ പ്രഭാഷണം നടത്തി. റിട്ട. സബ് ഇൻസ്പെക്ടർ ശ്രീ. സേവ്യർ പള്ളിപ്പാടൻ മുഖ്യപ്രഭാഷണം നടത്തി.

**4. മദ്യവിപത്തിനെതിരെ പ്രതിഷേധം**

'കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലരുത്' എന്ന് എമിരിറ്റസ് ബിഷപ്പ് മെൽബൺ മാർ ബോസ്കോ പുത്തൂർ. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശൂർ അതിരൂപതയുടെ പ്രത്യേക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ യോഗത്തിൽ 2024 പ്രവർത്തന വർഷത്തിലെ ബെസ്റ്റ് യൂണിറ്റ് അവാർഡിന് വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവ്യാർസ്

ഫൊറോന ചർച്ച് യോഗ്യത നേടി. ശ്രീ. മോണി ജോർജ്ജ് മഞ്ഞളി സ്പോൺസർ ചെയ്ത ക്യാഷ് അവാർഡും മെമന്റോയും യൂണിറ്റ് പ്രസിഡന്റ് ശ്രീ. അബ്രാഹവും സഹപ്രവർത്തകരും പിതാവിൽ നിന്ന് ഏറ്റുവാങ്ങി. തൃശൂർ വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ 2025 പ്രവർത്തന വർഷ ഉദ്ഘാടനം നിർവ്വഹിച്ചു. സമിതിയുടെ 27–ാമത് സ്മരണിക – സുചിരം – മലബാർ മിഷനറി ബ്രദേഴ്സ് സുപ്പീരിയർ ജനറൽ റവ. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ എം.എം.ബി., കെ.എൽ.എം. അതിരൂപത പ്രസിഡന്റ് ശ്രീമതി മോളി ജോബിക്ക് കൈമാറിക്കൊണ്ടാണ് പ്രകാശനം ചെയ്തത്. കർമ്മ പദ്ധതി വിളംബരം നിർവ്വഹിച്ചത് ഫാമിലി അപ്പസ്തോലേറ്റ് ഡയരക്ടർ റവ. ഫാ. ഡെന്നി താണിക്കലാണ്.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

യഥാർഥ ശിഷ്യൻ

**കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.**
**(മത്താ 7,21)**



Annunciation of the Lord
March 25



**റവ. മോൺ. ജെയ്സൺ കൂനംപ്ലാക്കൽ**

തൃശ്ശൂർ അതിരൂപതയുടെ വികാരി ജനറലായി
ചുമതലയേറ്റ ബഹു. അച്ചന്

## പ്രാർത്ഥനാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.02.2025
**March - 2025**



വിശുദ്ധ യൗസേപ്പിതാവിന്റെ മരണതിരുനാൾ
**മാർച്ച് 19**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor